മലങ്കര

മാത്തോമ്മാ
സുറിയാനി ക്രിസ്ത്യാനികളുടെ
പള്ളിക്രമം

ഇതിൽ വിശുദ്ധവിവാഹത്തിന്റെയും, പ്രസവസ്നാ
ത്രത്തിന്റെയും, രോഗികൾക്കുവേണ്ടിയുള്ള പ്രാ
ർത്ഥനയുടെയും, വീടുവാഴ്ചയുടെയും, ശുശ്രൂഷ
ക്രമങ്ങൾ അടങ്ങിയിരിക്കുന്നു.

ഉലഞ്ഞേരിൽ യോഹന്നാൻ കശീശ്ശായാൽ

തർജ്ജമചെയ്തു

അച്ചടിപ്പിക്കപ്പെട്ടത്.

ഒന്നാം പതിപ്പ്.

KOTTAYAM

PRINTED AT THE C. M. S. PRESS

1929.

വിശുദ്ധ വിവാഹ ശുശ്രൂഷക്രമം.

¶ മണവാഉനും മണവാട്ടിയും മദബ്ഹായുടെ മുൻപാകെ വന്നു, മണവാഉന്റെ വലത്തുഭാഗത്തായി മണവാട്ടി നില്ക്കുണം.

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടുലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

أَهْلَ كُلِّ مُبْتَدَإٍ إِلَى كَمَالِ الْفَرَحِ.

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്നോട് കൂടെയുള്ള അഴിവില്ലാത്ത സന്തോഷത്തിന്നു ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിന്നിൽ ഞങ്ങളുടെ സന്തോഷങ്ങളുടെ ആരംഭവും, ഞങ്ങളുടെ ആനന്ദത്തിന്റെ പരിപൂർത്തിയും ഞങ്ങൾക്കു ഉണ്ടാകുമാറാകേണമേ. നിന്നിൽ ഞങ്ങളുടെ ദേഹികളും ആത്മാക്കളും സന്തോഷിക്കുമാറാകേണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ സങ്കടങ്ങൾ മാഞ്ഞുപോകയും, നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ നന്മകൾ വർദ്ധിക്കയും, ഞങ്ങളുടെ വാഴ്വുകൾ സമൃദ്ധിയായി തീരുകയും, ഞങ്ങളുടെ മണവാളന്മാർ പൂർണ്ണതപ്പെടുകയും, ഞങ്ങളുടെ മണവാട്ടികൾ പരിപൂർണ്ണതപ്പെടുകയും ചെയ്യുമാറാകേണമേ. നിന്നോടുകൂടെയും, ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകല പരിശുദ്ധന്മാരോടുകൂടെയും, മാഞ്ഞുപോകാത്ത ഭാഗ്യങ്ങളിലും, നിന്റെ പരിശുദ്ധന്മാരുടെ കൂട്ടങ്ങളിലും, നിന്റെ വത്സലന്മാരുടെ സംഘങ്ങളിലും ഞങ്ങൾ സന്തോഷിക്കുമാറാകേണമേ. പിതാവും പുത്രനും പരിശുദ്ധ രൂഹായുമായ ദൈവമേ, സ്തുതിയും സ്തോത്രവും നിനക്കു ഞങ്ങൾ കരേറും. ഹാശാ വബ്ക്കൂൽ സബാൻ ല്അൽമീൻ.

ജനം. ആമ്മീൻ.

¶ ഈതിന്റെ ശേഷം ഈ താഴെയുള്ളതു ചൊല്ലണം.

كُلُّ مَنْ يَسْأَلُ يَنَالُ. وَمَنْ يَطْلُبُ يَجِدُ. وَمَنْ يَقْرَعُ يُفْتَحُ لَهُ.

❖ ക്രിസ്തീയ ഭവനം . ഭക്തിയുള്ള കുടുംബം .
ദൈവഭയമുള്ള വീട് . ഭക്തിയുള്ള കുടുംബം .
❖ ക്രിസ്തീയ ഭവനം . ഭക്തിയുള്ള കുടുംബം .
ദൈവഭയമുള്ള വീട് . ഭക്തിയുള്ള കുടുംബം .
❖ ക്രിസ്തീയ ഭവനം . ഭക്തിയുള്ള കുടുംബം .
ദൈവഭയമുള്ള വീട് . ഭക്തിയുള്ള കുടുംബം .
❖ ക്രിസ്തീയ ഭവനം . ഭക്തിയുള്ള കുടുംബം .
ദൈവഭയമുള്ള വീട് . ഭക്തിയുള്ള കുടുംബം .
❖ ക്രിസ്തീയ ഭവനം . ഭക്തിയുള്ള കുടുംബം .
ദൈവഭയമുള്ള വീട് . ഭക്തിയുള്ള കുടുംബം .

¶ ഇവിടെ സമുദായചിത്രംപോലെ 1-ാം മസുമ്മർ ചൊല്ലുന്നു.

പട്ടക്കാരൻ.

തജ്ജൂമ.

സഭയിയരെ സന്തോഷിപ്പിക്കയും ഭൗമിയരെ ആനന്ദിപ്പിക്കയും ചെയ്യുവനായ താൻ വാഴ്ത്തപ്പെട്ടവനാകുന്നു. അനുഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്ന മശിഹായേ, നിന്റെ ആരാധനക്കാരുടെ കൂട്ടത്തെ സന്തോഷിപ്പിക്കേണമേ.

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ വലങ്കൈ നീട്ടി, പട്ടക്കാരൻ നിന്റെ വിശുദ്ധ നാമത്തിൽ കൊടുക്കുന്ന മോതിരങ്ങളെ നിന്റെ കൃപയാൽ വാഴ്ത്തേണമേ.

വിശുദ്ധ സഭ, മോതിരത്താൽ മ്ശിഹായിക്കു വിവാഹം നിശ്ചയിക്കപ്പെട്ടു. അതു അവന്റെ പരിശുദ്ധ ശരീരവും രക്തവും കൈക്കൊള്ളുകയും ചെയ്യുന്നു.

മേലുള്ളവരാലും താഴെയുള്ളവരാലും വന്ദിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന ത്രിത്വത്തിന്റെ രഹസ്യമായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ താൻ വന്ദ്യനാകുന്നു.

അല്ലെങ്കിൽ ഈ ഗീതം.

വാനോർ ഭുവാസികളെയും—സന്തോഷിപ്പിച്ച,
ആനന്ദം അരുളിയ ദേവാ—എന്നേക്കും സ്തോത്രം.
കരുണാകരനാം മ്ശിഹായേ—തപസ്വികരായ്,
തിരുമുൻ നില്പും കൂട്ടത്തെ—സന്തോഷിപ്പിക്ക.
രക്ഷക! വലങ്കൈ നിട്ടിത്തിരു-നാമത്തിൽ ഞങ്ങൾ,
പക്ഷമായ് നല്പും മോതിരങ്ങൾ—വാഴ്ത്തിടണമേ നി.
മോതിരത്താൽ മ്ശിഹായിക്കായ് സഭ—വേളിക്കായിന്നാൾ,
തൻ തിരുമേനി തിരുരക്തം—കൈക്കൊണ്ടിടുന്നു.
പിതൃപുത്ര വിശുദ്ധാത്മാവാം—ത്രിയേകൻ വന്ദ്യൻ,
വാനോർ ഭുവാസികൾ വന്ദി—ച്ചാരാധിക്കുന്നു.

പ്രാർത്ഥന.

പട്ടക്കാരൻ.

. ⟨illegible⟩ . ⟨illegible⟩

ദൈവമായ കർത്താവേ, സ്വർഗ്ഗത്തെയും ഭൂമിയെയും ഉയരത്തെയും ആഴത്തെയും സമാധാനപ്പെടുത്തിയ അങ്ങയുടെ സമാധാനം, ഇപ്പോൾ അന്യോന്യം ചേർന്നു വന്നിരിക്കുന്ന ഞങ്ങളുടെ ഈ സഹോദരസഹോദരികളെ സംയോജിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, ഇവർ തങ്ങളുടെ ആയുഷ്കാലം ഒക്കെയും അന്യോന്യം സ്നേഹിക്കയും, സന്തോഷപൂർവ്വം തമ്മിൽ തമ്മിൽ കൈക്കൊള്ളുകയും ചെയ്യേണ്ടതിനു ഇവർക്കു പൂർണ്ണ ഐക്യം ഉണ്ടായിരിക്കുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

ഇവിടെ പ്രകൃതി ഒരുക്കിയിരിക്കുന്ന വിസ്മയങ്ങൾ കണ്ടാസ്വദിക്കാൻ ഒരു ദിവസം മതിയാകില്ല. ഇവിടെ നിന്നും ഏകദേശം 7 കിലോമീറ്റർ ദൂരത്തിൽ വാഴച്ചാൽ വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നു. ഇവിടെ നിന്നും 5 കിലോമീറ്റർ ദൂരത്തിൽ ഷോളയാർ വനത്തിലേക്കുള്ള പ്രവേശന കവാടമായ അതിരപ്പിള്ളിയിലെത്താം. ഇവിടെ നിന്നും 30 കിലോമീറ്റർ ദൂരത്തിൽ ചാലക്കുടിയിലെത്താം. ചാലക്കുടിയിൽ നിന്നും 30 കിലോമീറ്റർ ദൂരത്തിൽ കൊച്ചിയിലെത്താം. ചാലക്കുടിയിൽ നിന്നും 50 കിലോമീറ്റർ ദൂരത്തിൽ തൃശൂരിലെത്താം. തൃശൂരിൽ നിന്നും 60 കിലോമീറ്റർ ദൂരത്തിൽ പാലക്കാടെത്താം.

എത്തിച്ചേരാൻ

ചാലക്കുടിയിൽ നിന്നും അതിരപ്പിള്ളിയിലേക്ക് ബസ്സുകൾ ലഭ്യമാണ്. ചാലക്കുടിയിൽ നിന്നും ഓട്ടോറിക്ഷയിലും അതിരപ്പിള്ളിയിലെത്താം.

താമസം

അതിരപ്പിള്ളിയിൽ താമസിക്കുവാൻ നല്ല ഹോട്ടലുകൾ ലഭ്യമാണ്.

കൂക്കലിയൊൻ

മസൂർ.

പട്ടക്കാരൻ. എന്റെ ഹൃദയം, ഉത്തമവചനങ്ങളെ ഉത്ഭവിപ്പിച്ചു. ഞാൻ രാജാവിനോടു എന്റെ കൃതികളെ ഉണർത്തിക്കും.

പ്രതിവാക്യം. കൃപ നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു. ഇതു നിമിത്തം ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു. ബാറെക്കമാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

പട്ടക്കാരൻ.

ഏക്ബാ. ശ്ലോമോൻ ഉപമകളാൽ വർണ്ണിച്ചിരിക്കുന്നതു എന്തെന്നാൽ, സുന്ദരിയേ, ഇത്രവളരെ നി അവനിൽ പ്രശംസിക്കുന്നതിനു നിന്റെ പ്രിയൻ ആരാകുന്നു. എന്റെ പ്രിയൻ അനേകം പതിനായിരങ്ങളെക്കാൾ അതിശ്രേഷ്ഠനാകുന്നു. അവന്റെ തോട്ടം ഇസ്രായേൽ ആകുന്നു. അവൻ യാക്കോബിന്റെ മുന്തിരിവള്ളിയെക്കാൾ വെണ്മയും, നവദീൻ തൈലത്തെക്കാൾ ചുവപ്പും, ലെബാനോനിലെ കാരകിലിനെക്കാൾ ബലവുമുള്ളവനാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ ദൈവത്തിന്റെ സദൃശമാകുന്നു. അവൻ മഹത്വമുള്ളവനാകയാൽ അവനെ നാം സ്തുതിക്കയും ചെയ്യുന്നു.

ശുശ്രൂഷകൻ. സ്തെഫനൊസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമേഥ്യോൻ.

പട്ടക്കാരൻ.

നാമെല്ലാവരും പ്രാർത്ഥിച്ചു് കർത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജനം.

അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പട്ടക്കാരൻ.

സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞു പോകാത്ത മഹിമയും എല്ലായ്പോഴും നിരന്തരം കരേറുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായി, തീരേണമേ.

ജാതികളുടെ പുത്രിയെ തനിക്കു സഭയായി തിരഞ്ഞെടുക്കയും, നിഷ്കളങ്കമായ തന്റെ തിരുരക്തത്താൽ സകല മാലിന്യങ്ങളിൽനിന്നും പിഴകളിൽനിന്നും അതിനെ വെടിപ്പാക്കുകയും, ഭൌമസഭയെ വിവാഹം നിശ്ചയിക്കയും, താൻ അതിനു വിവാഹം നിശ്ചയിക്കപ്പെട്ടവനായിത്തീരുകയും, മ്ലേച്ഛപിശാചുക്കളുടെ അടിമയിൽനിന്നു അതിനെ വീണ്ടെടുക്കയും, സകല കടങ്ങളിൽനിന്നും പാപങ്ങളിൽനിന്നും അതിനെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയമണവാളനായിരിക്കുന്ന മ്ശീഹാതമ്പുരാനു്, തന്റെ അടിയാരുടെ മോതിരംവാഴ്വിന്റെ ശുശ്രൂഷ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ അയുസ്സിന്റെ എല്ലാദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

സെദറാ.

പട്ടക്കാരൻ. മനുഷ്യരുടെ സകലവിധ അറിവുകൾ

ക്കും മേലായി മഹോന്നതപ്പെട്ടിരിക്കുന്നവനും, നന്മക
ളിൽ സവ്വദാ സമൃദ്ധിയുള്ളവനും, സകല തിന്മകളിൽ
നിന്നും അകന്നിരിക്കുന്നവനും, ദൈവീയമായ അനുഗ്ര
ഹങ്ങളുടെ ഉറവും, നന്മകളുടെ നദിയുമായിരിക്കുന്ന
ദൈവമായ കത്താവേ, നാശമില്ലാത്തതും, സകല കഷ്ട
തകളിൽനിന്നും മരണത്തിൽനിന്നും നിത്യമായി ഒഴി
ഞ്ഞിരിക്കുന്നതും ആയ വെടിപ്പുള്ള മോതിരം നീയാകു
ന്നു. മോതിരത്താൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും
സന്തോഷങ്ങൾ തികവായി പൂണ്ണതപ്പെടുവാനും, വി
വാഹനിശ്ചയം ചെയ്യിട്ടുള്ളവരുടെ ആനന്ദം മോതിര
ത്താൽ പരിപൂണ്ണമായി നിറവേറുവാനും നിയമിച്ചവൻ
നീയാകുന്നു. ദൈവമായ കത്താവേ, നിന്റെ ബലഹീ
നദാസരായ ഞങ്ങൾ സന്തോഷത്തോടെ വാഴ്ത്തുന്ന ഈ
മോതിരങ്ങളെ നീ വാഴ്ത്തണമേ. ഈ മോതിരങ്ങളെ നി
വാഴ്ത്തണമെന്നും, ശാപമായുള്ളതിനെ കാരുണ്യപൂവ്വം
അവയാൽ അനുഗ്രഹമാക്കിത്തീർക്കണമെന്നും നിന്നോ
ട് ഞങ്ങൾ അപേക്ഷിക്കുന്നു. കത്താവേ! വിശുദ്ധസ
ഭയുടെ മോതിരത്തെ നി അനുഗ്രഹിച്ചപ്രകാരം നിന്റെ
ദൈവികമായ അനുഗ്രഹങ്ങൾകൊണ്ട് ഈ മോതിരങ്ങ
ളെയും നീ അനുഗ്രഹിക്കണമേ. ദൈവമായ കത്താ
വേ, ഞങ്ങളുടെ പുതുനാകുന്ന ഈ മണവാളനെയും ഞങ്ങ
ളുടെ പുതിയാകുന്ന ഈ മണവാട്ടിയെയും ജ്ഞാനസ്നാനത്തിൽ തി
കഞ്ഞവരും പൂണ്ണതയുള്ളവരും ആക്കണമേ. കത്താ
വേ, കൃപ ചെയ്ത് ഇവരുടെ വിവാഹം സകല മാലി
ന്യങ്ങളിൽനിന്നും, വെറുപ്പുകളിൽനിന്നും അകന്നി
രിക്കുന്നതാക്കണമേ. ദൈവമായ കത്താവേ, ഈ
ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും അഴിവി
ല്ലാതവണ്ണം ഇവരെ നി സന്തോഷിപ്പിക്കണമേ. ഒ
ഴിഞ്ഞുപോകുന്ന ഈ മണവറയിൽ ഇവരുടെ ആയു
സ്കാലം മുഴുവൻ വിവിധപ്രകാരേണ ഇവരെ നീ അ

ലങ്കരിക്കേണമേ. ഈറെമാരും, മാലാകമാരും ഇടവി
ടാതെ സന്തോഷിക്കുന്നിടമായ നിന്റെ സ്വർഗ്ഗീയമ
ണവറയ്ക്കു ആനന്ദപൂർവ്വം ഇവരെ നീ അടുപ്പിക്കേണ
മേ. കർത്താവേ, നിന്റെ തിരുസന്നിധിയിൽ നില്ക്കു
ന്ന ഈ കൂട്ടത്തെയും പാപങ്ങളിൽനിന്നും വെറുപ്പു
കളിൽനിന്നും, മാലിന്യങ്ങളിൽനിന്നും, പിഴകളിൽ
നിന്നും, സ്നേഹപൂർവ്വം നീ സ്വാതന്ത്ര്യപ്പെടുത്തേണമേ.
നിന്നാൽ ഇവർ അനുഗ്രഹിക്കപ്പെടുകയും, നിന്നെ
ഇവർ വാഴ്ത്തുകയും, തിരുസന്നിധിയിൽ മതിവരാതെ
ഇവർ നിന്നു, നിന്നെയും നിന്റെ പിതാവിനെയും,
വിശുദ്ധരൂഹായെയും ഇടവിടാതെ സ്തുതിക്കയും ചെ
യ്യുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

ﻣﺎﺭ ﺯﻜﺮﻳﺎ ﺩﻳﺎﻟﻮﻍ ﻫﻨﺪﻭ ﻣﻠﻔﻮﻧﻮ ﺩﻫﺎ ﺳﻠﻴﻘﺎ ﺩﻫﺎ ﺑﻴﺖ ﻗﺪﻳﺸ

ഒന്പതാം . ദിവസം ഉച്ചയോടുകൂടി ദൈവം
ചാവുകടലിനെ ഉണ്ടാക്കി. ചാവുകടലിന്റെ
തീരത്തു ഒരു പട്ടണം ഉണ്ടാക്കി. അതിന്നു
സൊദോം എന്നു പേരിട്ടു.

തജ്ജമ.

പട്ടക്കാരൻ. സ്വർഗ്ഗീയമണവാളൻ, വിശ്വസ്തയായ പരിശുദ്ധസഭയെ വിവാഹം നിശ്ചയിച്ചപ്പോൾ ശെമഓനെയും, യോഹന്നാനെയും വിളിച്ചു, അതിനെ അവരിരുവക്കും ഭരമേല്പിച്ചുകൊടുത്തു. ശെമഓനെ ഗ്രഹവിചാരകനായും യോഹന്നാനെ പ്രാസംഗികനായും നിയമിച്ചു. താൻ അവരെ വിളിച്ചു തന്റെ വിലയേറിയ രക്തംകൊണ്ടു വിലയ്ക്കു വാങ്ങിച്ചിട്ടുള്ള സഭയെ സൂക്ഷ്മതയോടെ കാത്തുകൊള്ളണമെന്നു അവരോടു കല്പിച്ചു. ബാറൈക്കമാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും.....

ജനം. ആദിമുതൽ എന്നെന്നേക്കും.....

പട്ടക്കാരൻ. വിശ്വസ്തയായ സഭയേ, നീ ഭയപ്പെടേണ്ടാ, ഭ്രമിക്കയും വേണ്ടാ, എന്നെ വിട്ടു മറൊരുത്തനെ നീ സ്വീകരിക്കായ്കയാൽ, നിന്നെ വിട്ടു വേറൊരുത്തിയെ ഞാൻ സ്വീകരിക്കുന്നില്ല. അവസാനകാലത്തു് ആകാശവും ഭ്രമിയും അഴിഞ്ഞുപോകുന്നു എങ്കിലും നീ ഭ്രമിക്കരുതു്. കണ്ടാലും നിന്റെ സിംഹാസനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും ഭവനത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ജനം. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പ്രാർത്ഥന.

പട്ടക്കാരൻ. കന്യാവ്രതവും വെടിപ്പുമുള്ള ദേഹികളെ തനിക്കു വിവാഹത്തിനു നിശ്ചയിക്കുന്ന സത്യമണവാളനായുള്ളോവേ, അന്യോന്യം വിവാഹനിശ്ചയം ചെയ്കയും, നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ നില്ക്കുന്ന ബലഹീനരായ ഞങ്ങൾ മുഖാന്തിരം അവരുടെ മണവാളത്വത്തിന്റെ മദ്ധ്യസ്ഥനായി നിന്നെ സ്വീകരിക്കയും ചെയ്തിരിക്കുന്ന ഈ നിന്റെ അടിയാരിൽനിന്നു്, ശ്രേഷ്ഠനടപടികളാകുന്ന മാധുര്യവും ഇമ്പവുമുള്ള പരിമളം വിശ്വാസികൾ ഇവരെ യോഗ്യതയുള്ളവരാക്കേണമേ. സത്യസ്നേഹവും, നിരപ്പും, സമാധാനവും, ഭിന്നിച്ചുപോകാത്ത ഐകമത്യവും ഇവക്കു തമ്മിൽ ഉണ്ടായിരിക്കുമാറാകേണമേ. ആത്മാവിലും ശരീരത്തിലും അന്യോന്യം നിർമ്മലതയെ കാത്തുകൊൾവാൻ ഇവരെ നീ ശക്തിപ്പെടുത്തേണമേ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇവർ കരേറുകയും ചെയ്യുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

ܡܫܝܚܐ ܐܬܐ ܘܐܬܓܠܐ ܒܥܠܡܐ ܕܐܬܐ ܡܫܝܚܐ ܐܬܐ ܘܐܬܓܠܐ ܒܥܠܡܐ ܕܐܬܐ ܡܫܝܚܐ ܐܬܐ ܘܐܬܓܠܐ ܒܥܠܡܐ ܕܐܬܐ

തജ്ജമ

¶ പട്ടക്കാരൻ മോതിരം എടുത്തു ചൊല്ലുന്നതു്.

തന്റെ കൃപയാലും ബഹുലമായ അനുഗ്രഹങ്ങളാലും ഈ മോതിരങ്ങളെ വാഴ്ത്തുന്ന പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും എന്നേക്കും സ്തുതി.

ജനം. ആമ്മീൻ.

പട്ടക്കാരൻ മോതിരം വാഴ്ത്തി ചൊല്ലുന്നു.

വിശുദ്ധസഭയിൻ മക്കളുടെ സന്തോഷങ്ങൾ പൂർണ്ണമാകുവാനായിട്ടു്, പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽ ഈ മോതിരങ്ങൾ വാഴ്ത്തപ്പെടുന്നു.

ജനം. ആമ്മീൻ.

¶ പട്ടക്കാരൻ മണവാളന്റെ വലത്തുകൈയുടെ നാലാം വിരലാകുന്ന അനിവിരലിൽ മോതിരം ഇട്ടുംകൊണ്ടു് ചൊല്ലുന്നു.

നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ വലങ്കൈ കാരുണ്യപൂർവ്വം നിന്റെ അടുക്കലേക്കു് നീട്ടപ്പെടട്ടെ. നിന്റെ വിവാഹനിശ്ചയത്തിന്റെ ലക്ഷ്യമായ ഈ മോതിരത്തോടുകൂടെ കൃപയും തന്റെ കരുണയുടെ വാഴ്വും തന്നിൽനിന്നു് നീ പ്രാപിക്കുമാറാക. നന്മകളും വാഴ്വുകളും നി

റഞ്ഞിരിക്കുന്ന ഈ വലങ്കൈ തന്നേ, നിന്റെ ആയുഷ്കാലം മുഴുവനും നിന്നോടുകൂടെ ഇരുന്ന് നിന്നെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

മണവാളനും ജനവും. ആമ്മീൻ.

¶ പട്ടക്കാരൻ മണവാട്ടിയുടെ അണിവിരലിൽ മോതിരം ഇട്ടുകൊണ്ടു ചൊല്ലുന്നു.

വാഴ്വുകൾ നിറഞ്ഞിരിക്കുന്ന നമ്മുടെ കർത്താവായ യേശുമശിഹായുടെ വലങ്കൈ രഹസ്യമായി നിന്റെ അടുക്കലേക്കു നീട്ടപ്പെടട്ടെ. വിശുദ്ധ ശ്ലീഹന്മാരുടെ കൈകളിൽനിന്നെന്നപോലെ പട്ടക്കാരന്റെ കൈയ്യിൽനിന്നു നിന്റെ വിവാഹനിശ്ചയത്തിന്റെ ലക്ഷ്യമായ ഈ മോതിരത്തെ നീ സ്വീകരിക്ക. ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയാലും ഹൃദയസന്തോഷത്താലും തനിക്കും തന്റെ പിതാവിനും തന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും നീ കരേറുകയും ചെയ്യണം.

മണവാട്ടിയും ജനവും. ആമ്മീൻ.

മണവാളനും മണവാട്ടിക്കും വേണ്ടിയുള്ള

പ്രാർത്ഥന.

പട്ടക്കാരൻ.

. ⅂ƆƆ ⅄ᗡ⅄ ⅄O ⅂ᗡ⅄ ⅄ᗡ⅄

തന്റെ മശിഹാമൂലം വിശുദ്ധ സഭയുടെ സന്തോഷങ്ങൾ പൂർത്തിയാക്കിയ ദൈവമായ കർത്താവു, അന്യോന്യം വിവാഹനിശ്ചയം ചെയ്തിട്ടുള്ള ഈ നമ്മുടെ മക്കളെ സത്യംകൊണ്ടും നീതികൊണ്ടും പൂർണ്ണമാക്കട്ടെ. ഇവർ സ്വീകരിച്ചിരിക്കുന്ന ഈ മോതിരങ്ങളോടുകൂടെ സ

ദ്ധീയ വാഴ്വുകാൾ താൻ ഇവക്കു നല്കുട്ടെ. അടക്കമൊ തുക്കംകൊണ്ടു ഇവരെ താൻ അലങ്കരിക്കട്ടെ. ഇസ്സാ ക്കിന്റെയും റിബേക്കായുടെയും വിവാഹനിശ്ചയം പൊ ന്നാഭരണങ്ങളാൽ പൂർണ്ണമാക്കിയപ്രകാരം നീതിയുടെ മോതിരങ്ങളാൽ താൻ ഇവരെ പൂർണ്ണമാക്കട്ടെ. തന്റെ രക്ഷകൊണ്ടു് മണവാളനെ താൻ സന്തോഷിപ്പിക്കട്ടെ. പഴക്കവും നാശവും വരാത്ത അഗ്രഹിക്കത്തക്ക അ ലങ്കാരങ്ങളാൽ ഈ മണവാട്ടിയെ താൻ അലങ്കരിക്കട്ടെ. ഇമ്പകരമായ ശ്രേശാനപുഷ്പങ്ങളെക്കാൾ വിശേഷവാ സന നല്കുന്ന പരിപാകതയിൽകൂടി ഇവരുടെ മന സ്സാക്ഷി മുഴുവനെയും കടത്തിക്കൊണ്ടു പോകുവാൻ ദൈവം ഇവക്കു സംഗതിയാക്കട്ടെ. മനുഷ്യവഴ്ച്ച ത്തെ ദ്വേഷിക്കുന്ന ദുഷ്ടന്മാരും അസൂയക്കാരുമായ മനു ഷ്യരിൽനിന്നു ദൈവം ഇവരെ രക്ഷിക്കട്ടെ. വിവാഹ ത്തിന്റെ നിർമ്മലാവസ്ഥയെ വഷളാക്കുന്ന ദുഷ്ടാത്മാക്ക ളിൽനിന്നു ഇവരെ താൻ വിടുവിക്കട്ടെ. കർത്താവു ത ന്റെ അടുക്കൽനിന്നു നന്മയുള്ള കാലങ്ങളും അനുഗ്രഹ കരമായ ആണ്ടുകളും ഇവക്കു നല്കുട്ടെ. ദൈവമായ ക ർത്താവേ, നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ നില്ക്കുന്ന ബലഹീനരും പാപികളുമാകുന്ന നിന്റെ അടിയാരായ തെങ്ങളുടെ അപേക്ഷകൾ കേട്ടു, വാഴ്വുകളുടെ മക്കളെ യും സന്തോഷങ്ങളുള്ള കാലങ്ങളെയും ഇവക്കു നല്കു ന്നതേ. സൽപ്രവൃത്തികളുണ്ടാകുന്ന സമ്പത്തു ഇവക്കു വർദ്ധിപ്പിച്ചു കൊടുക്കേണ്ടതേ. നിന്നിലുള്ള സത്യവിശ്വാ സത്തിൽ ഇവരെ സ്ഥിരപ്പെടുത്തേണ്ടതേ. അതിൽ ഇ വർ നിലനില്ക്കുന്നവരും, തങ്ങളുടെ മക്കൾക്കു അതിനെ അവകാശമാക്കിക്കൊടുക്കുന്നവരും ആയിരിപ്പാൻ ഇവ ക്കു കൃപ നല്കേണമേ. ഈ കല്യാണവിരുന്നിനു ഒരു ങ്ങിവന്നിട്ടുള്ള വരുടെമേലും നിന്റെ നന്മകളും വാഴ്വു കളും വർദ്ധിപ്പിക്കേണമേ. ജയം നല്കുന്ന നിന്റെ

സ്വീബായാൽ ഈ മണവാളനെയും മണവാട്ടിയെയും കാത്തു കൊള്ളേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഞങ്ങൾ എല്ലാവരുടെമേലും നിന്റെ അനുഗ്രഹങ്ങൾ വർഷിപ്പിക്കയും ചെയ്യേണമേ. ഹാശാ—

ജനം. ആമ്മീൻ.

. [illegible]

[illegible] . [illegible]

. ചന്തമുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ
ഒരു ദരിദ്രയായ വിധവയുടെ മകൾ ആയിരുന്നു. അവൾ
ഒരു കുടിലിൽ അമ്മയോടുകൂടി പാർത്തു. അവൾ
അവളുടെ അമ്മയെ വളരെ സ്നേഹിച്ചു. അവൾ
അവൾക്കു ഒരു പണിയും അറിഞ്ഞുകൂടാ. അവൾ
അവളുടെ അമ്മയോടുകൂടി പാർത്തു. അവൾ
അവൾക്കു ഒരു പണിയും അറിഞ്ഞുകൂടാ. അവൾ
അവളുടെ അമ്മയോടുകൂടി പാർത്തു. അവൾ
അവൾക്കു ഒരു പണിയും അറിഞ്ഞുകൂടാ. അവൾ

രജ്ജുമ.

പട്ടക്കാരൻ.

ഞാൻ സഭയാകുന്നു. ഞാൻ അത്യുന്നതന്റെ മണവാട്ടിയായ സഭയാകുന്നു.

വിശുദ്ധസഭ പറയുന്നതു് എന്തെന്നാൽ, അവൻ എന്നെ വിവാഹം നിശ്ചയിച്ചതിനാൽ എനിക്കു ഭാഗ്യം. വന്നു എന്നെ വിവാഹം നിശ്ചയിച്ച മണവാളനെ ഞാൻ വന്ദിക്കുന്നു. അവൻ എന്നെ വിവാഹത്തിനു നിശ്ചയിച്ച ദിവസത്തിൽ പെട്ടെന്നു ധന്യയായിത്തീർന്ന ദരിദ്രയായ എന്നെക്കുറിച്ചു സന്തുഷ്ടിയും ആനന്ദിച്ചു. ഞാൻ ഏറ്റം ശ്രേഷ്ഠതയുള്ളവളായി തീർന്നതു കൊണ്ടു എനിക്കു ഭാഗ്യം.

ഞാൻ എന്റെ പ്രിയപ്പെട്ടവരോടുകൂടെ സന്തോഷിപ്പാൻ അവൻ ഉന്നതത്തിൽ എനിക്കായി മണവറ ഒരുക്കിവച്ചു. ഞാൻ അതിന്നുള്ളിൽ പ്രവേശിച്ച് ഇരുന്നു. ഞാൻ അവനെ സ്തോത്രം ചെയ്യുന്നതിനാൽ എനിക്കു ഭാഗ്യം.

വിഗ്രഹാലയത്തിൽനിന്നു അവൻ എന്നെ കൂട്ടിക്കൊണ്ടുപോയി, മറഞ്ഞിരിക്കുന്ന മന്ന്നുകൊണ്ടു എനിക്കു കാണിച്ചുതന്നു. ലോകാവസാനത്തോളം ഞാൻ നിന്നോടുകൂടെ ഉണ്ടെന്നു അവൻ എനിക്കു വാഗ്ദാനം ചെയ്തിരിക്കുന്നു.

രാജപുത്രൻ തന്റെ പിതൃഗൃഹത്തിൽനിന്നു കൊണ്ടുവന്ന ഭാഗ്യങ്ങളെല്ലാം അവൻ എനിക്കു തന്നു. ഇതു നിമിത്തം ഞാൻ അവനെ വന്ദിക്കുന്നു.

എന്നെ വഞ്ചിച്ച ദുഷ്ടനു ഹാ കഷ്ടം. ഞാൻ വിഗ്രഹാരാധനയാൽ അശുദ്ധയായി തീർന്നു. എന്നെ രക്ഷിച്ച യേശുവിന്നു സ്തോത്രം. അതിനു എനിക്കു യോഗ്യത ലഭിച്ചതുകൊണ്ടു എനിക്കു ഭാഗ്യം.

മാമോദിസാവെള്ളംമൂലം ആത്മാവിന്റെ ആയുധം അവൻ എന്നെ ധരിപ്പിച്ചു. തന്റെ പരിശുദ്ധ ശരീരവും രക്തവുമാകുന്ന മോതിരം അവൻ എന്റെ വിരലുകളിൽ ഇട്ടു.

മണവാളൻ സൂര്യനു സദൃശവും, മണവാട്ടി പകലിനു സദൃശവും, വിരുന്നു മുഴുവനും സൌഭാഗ്യമുള്ള വൃക്ഷത്തിനു സദൃശവും ആകുന്നു.

ഗീതം.

പാട്ടുകാരൻ. സഭ ഞാൻ സഭ ഞാനേ—
ദൈവത്തിൻ മണവാട്ടി.
തിരുസഭയിങ്ങിതു ചൊല്ലീ—ടുന്നു

എന്നെ നിയോഗിച്ചവനാൽ
ഭാഗ്യമെനിക്കുണ്ടായി—ട്ടുന്നു.

വന്നെന്നെ വേഗിചെയ്യു—
കാന്തനെ വന്ദിച്ചീടു—ന്നേൻ.

എന്നുടെ കല്യാണനാളിൽ—
സൃഷ്ടികളെല്ലാം ആന—ന്ദിച്ചു.
പെട്ടെന്നഗതി ധന്യയായേൻ—
വഴിച്ചേറിൽ ഭാഗ്യമട—ഞ്ഞേൻ.

സഖികൾ സഹിതം മോദിപ്പാൻ—
ഉയരെ മണവറ വച്ചെ—നിക്കു.

ഉള്ളിൽ കയറി ഞാനിരുന്നു—
ഭാഗ്യവതി ഞാനായി—ട്ടുന്നു.

വിഗ്രഹം വിട്ടെന്നെ നടത്തി—
ഞാനതിനെ പിഴ ചൊല്ലി—ട്ടുന്നു.

ഒരിവാം മമ്മം കാണിച്ചു—
ലോകാന്ത്യംവരെ നിന്നോ—ടെന്നും.

ഞാനെന്നുള്ള വാശത്തം—
ജനകൻപക്കൽ നിന്നി—ഭാഗ്യം.

രാജസുതൻ എനിയ്ക്കായ് നല്കി—
സർവ്വമെനിക്കായി തന്നീ—ട്ടുന്നു.

ഇതിനാലവനെ വന്ദിക്കുന്നേൻ —
വിഗ്രഹഭക്തി ചുറ്റി—ച്ചെന്നെ.

വഞ്ചകനാം ദുഷ്ടന്നു കഷ്ടം—
രക്ഷക നാമീശോയെ—സ്തോത്രം.

യോഗ്യത തന്നവിനെൻ ഭാഗ്യം—
സ്നാനത്താൽ വിശുദ്ധാത്മ—നെറ

ആയുധമെന്നെ ചാർത്തി താൻ—
മാംസം രക്തം മോതി—രമായി.

ഇട്ടതന്നാൻ ശിരലിന്മേൽ—
മണവാളൻ താൻ സൂര്യ—നൊപ്പം.

മണവാട്ടി പകലോട്ട തുല്യം—
പരിമളവൃക്ഷത്തോട—ങ്ങനെ
വിരുന്നാസകലവും തുല്യം.

ആശീർവ്വാദം.

പട്ടക്കാരൻ. ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്ന ഈ സാക്ഷ്യത്തിൽ ഒരുങ്ങിവന്നിരിക്കുന്ന വിശ്വാസിക ളേ! കർത്താവു നിങ്ങളുടെ പ്രയത്നങ്ങളുടെ കൂലി ഒന്നു മുപ്പതായും, ഒന്നു അറുപതായും, ഒന്നു നൂറായും നിങ്ങൾ ക്കു നല്കുട്ടെ. എല്ലായ്പോഴും നന്മകൾ നിങ്ങൾക്കു താൻ നല്കുട്ടെ. നമ്മുടെ കർത്താവിന്റെ സ്നീഹാ രാപ്പകൽ നി ങ്ങളോടുകൂടെ ഇരുന്നു, തിന്മപ്പെട്ടവനിൽനിന്നും അവ ന്റെ സൈന്യങ്ങളിൽനിന്നും എല്ലായ്പോഴും നിങ്ങളെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

ജനം. ആമ്മീൻ.

ഒന്നാമത്തെ ശുശ്രൂഷ അവസാനിച്ചു.

൨൨൨൨ ൨൨൨൨.

---

൨൨൨ ൨൨൨൨.

൨൨൨൨ ൨൨൨൨ ൨൨൨൨ ൨൨൨൨.

൨൨൨൨ ൨൨൨൨ ൨൨൨൨ ൨൨൨൨ ൨൨൨൨.

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധ രൂഹായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ.....

പ്രാരംഭപ്രാർത്ഥന.

പട്ടക്കാരൻ. ദൈവമായ കർത്താവേ, മാഞ്ഞുപോകാത്ത ആ കല്യാണവിരുന്നിന്നും, അഴിഞ്ഞുപോകാത്ത ആ മണവറയ്ക്കും ഞങ്ങളെ യോഗ്യതയുള്ള വരാക്കേണമേ. ആ കല്യാണവിരുന്നിന്ന ക്ഷണിക്കപ്പെട്ടിരിക്കുന്ന തോഴ്മക്കാരോടുകൂടെ നിന്റെ നിത്യസന്തോഷങ്ങൾക്കു ഞങ്ങളെയും നീ ക്ഷണിക്കേണമേ. ഞങ്ങൾ അവരോടുകൂടെയും, അവരുടെ ഇടയിലും നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധ രൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുകയും ചെയ്യുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

¶ പട്ടക്കാരൻ മണവാളെ മണവാട്ടിമാരെ അനുഗ്രഹിച്ചു ചൊല്ലുമ്പോൾ മണവാളനും മണവാട്ടിയും തന്നെത്താൻ വണങ്ങി കുരിശു വരയ്ക്കുന്നു.

ꠇꠣꠟ ꠇꠤꠛ ꠘꠥꠞ ꠞꠤꠔ

തജ്ജമ.

പട്ടക്കാരൻ. പൂർവ്വന്മാരായ നീതിമാന്മാരെ വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ !

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. ആദാമ്മിനെയും ഹവ്വായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ !

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. അബ്രഹാമ്മിനെയും സാറായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ !

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. യിസ്സാക്കിനെയും റഫ്ക്കായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ !

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. യാക്കോബിനെയും റാഹേലിനെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ !

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. മിസ്രയിമ്മിൽവെച്ചു യൌസേഫിനെ വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ !

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ഗീതം.

പട്ടക്കാരൻ. പൂർവ്വപിതൃക്കരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. ആദം ഹവ്വാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. അബ്രാം സാറാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. ഇസ്സാക്ക് റഹ്ക്കാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. യാക്കോബ് റാഹേൽ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ.

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പട്ടക്കാരൻ. മെസ്രേനിൽ യൌസേഫിനെ
വാഴ്ത്തിയ സർവ്വേശൻ
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ.

ജനം. ദേവാ കൃപ ചെയ്യണമേ നീ.

പ്രാർത്ഥന.

പട്ടക്കാരൻ. കർത്താവേ, അന്യോന്യം ഒന്നായി തീർന്നിരിക്കുന്ന ഈ നിന്റെ അടിയാരെ, നിന്റെ ദാനങ്ങളുടെ ഐശ്വര്യത്താൽ ശ്രേഷ്ഠരാക്കേണമേ. നിന്റെ നൽവരങ്ങളാൽ ഇവരെ നീ സന്തോഷിപ്പിക്കേണമേ. നിന്റെ ദൈവീയ കല്പനകളുടെ ആനന്ദംകൊണ്ടു ഇവരെ നിറയ്ക്കുണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ഇവർ സന്തോഷത്തോടും ആനന്ദത്തോടും കൂടെ നിനക്കു സ്തുതിപാടുകയും, നിന്റെ തിരുസന്നിധിയിൽ ഉല്ലസിക്കയും ചെയ്യുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

. ⸢ܗ⸣ܕ ⸢ܐ⸣ܒ ⸢ܐ⸣ܒ

. ⸢ܗ⸣ ⸢ܐ⸣ . ⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣

⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣

⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣ . ⸢ܗ⸣ ⸢ܐ⸣ . ⸢ܗ⸣ ⸢ܐ⸣

⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣ . ⸢ܗ⸣ ⸢ܐ⸣ ⸢ܗ⸣ ⸢ܐ⸣

തജ്ജുമ.

മസ്മൂർ. 21. 1, 3.

പട്ടക്കാരൻ. കർത്താവേ, രാജാവു നിന്റെ ബലത്തിൽ സന്തോഷിക്കും. നിന്റെ രക്ഷയിൽ അവൻ അധികമായി ആനന്ദിക്കും.

പ്രതിവാക്യം. എന്തുകൊണ്ടെന്നാൽ നന്മയാകുന്ന അനുഗ്രഹം നീ അവന്നു മുൻപെട്ടത്തി. അവന്റെ തല

യിൽ മഹത്വമുള്ള കിരീടം നി വയ്ക്കുയും ചെയ്യു. ബാ
റെക്മാർ.


പട്ടക്കാരൻ. പിതാവിനും പുത്രനും.....


ജനം. ആദിമുതൽ എന്നെന്നേക്കും.....


ഗീതം


പട്ടക്കാരൻ. കർത്തനെ രാജൻ നിൻ ബലത്തിൽ
സന്തോഷിക്കും. ഹ-ഉ-ാ
തവ രക്ഷയിലവനേറ്റം മോദിക്കും.

പ്രതിവാക്യം. നന്മയിന്നനുഗ്രഹം മുൻപിട്ട-
ന്നവനെ നീ ഹ-ഉ-ഹ
മാന്യമാം മുടി തൻ ശിരസ്സിൽ
ചൂട്ടുന്നു— ബാറെക്മാർ.









അർത്ഥം.

പട്ടക്കാരൻ. സഭയായുള്ളോവേ, മണവാളൻ നി
ന്നെറ മണവറയെ സ്വർഗ്ഗാധിസ്വർഗ്ഗങ്ങളിൽ ഉറപ്പിച്ചി
രിക്കുന്നു. അവൻ വാഗ്ദത്തം ചെയ്തുപോലെ, മേലു
ള്ള പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും, ശക്തികൾ

ക്കും മേലായി, അത്യുന്നതങ്ങളിൽ നിന്നെ കരേറിയിരിക്കുന്നു.

ശുശ്രൂഷക്കാരൻ. സ്തോമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ.

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ.....

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.....

ഇരുന്നവനും, ഇരിക്കുന്നവനും, തലമുറതലമുറയായി യഥാപ്രകാരമിരിക്കുന്നവനുമായ സ്വയംഭുവും, തന്റെ മാലാകമാർ തന്റെ സിംഹാസനത്തിന്നു ചുറവും നിന്നു, തനിക്കു വന്ദനം അണച്ചുകൊണ്ടിരിക്കുന്ന അദ്യന്തമില്ലാത്ത വചനവും, ധാരാളമായ തന്റെ കരുണനിമിത്തം നമ്മുടെ എല്ലാവരുടെ മേലും കരുണചെയ്യു, തന്റെ അടുക്കലേക്കു നമ്മുടെ വഴ്ത്തെ തിരിപ്പിച്ച മഹത്വവാനും മഹോന്നതനും, മണവാളന്മാക്കും മണവാട്ടികൾക്കും സന്തോഷങ്ങളുടെ കിരീടങ്ങളെ സൌജന്യം ചെയ്യുന്നവനുമായ തന്റെ ശ്രേഷ്ഠതക്കിന്നു സ്തുതി. തന്റെ അടിയാരുടെ കിരീടംവാഴ്വിന്റെ ശുശ്രൂഷ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും തനിക്കു യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

പട്ടക്കാരൻ.

സെദറാ.

സകല സഭ്രീയ സൈന്യങ്ങളും ഭയത്തോടും വിറയലോടുംകൂടെ തന്നെ മഹത്വീകരിക്കയും, അത്യുന്നതങ്ങ

ളിൽ അഗ്നിമയന്മാരുടെ കൂട്ടങ്ങൾ തന്റെ ശ്രേഷ്ഠതയിങ്കൽ ഭ്രമിച്ചു് ഇളകുകയും, അവണ്ണനീയമായ തന്റെ കരുണയുടെയും, അപരിമേയമായ തന്റെ ദയയുടെയും ധാരാളതയാൽ എളിയവരായ ഞങ്ങളുടെ സൃതികളിൽ സന്തോഷിക്കയും, ബലഹീനരും മൺമയരുമായ ഞങ്ങളുടെ ശുശ്രൂഷയിൽ പ്രസാദിക്കയും ചെയ്യുന്ന ദൈവമായ കർത്താവേ, എല്ലാ സ്ഥലങ്ങളിലും സഞ്ചരിക്കുന്നവരും, നിന്റെ ശ്രേഷ്ഠതയുടെ അധികാരത്തിൻ കീഴിൽ വസിക്കുന്നവരും, പ്രത്യേകമായി ഇവിടെ അടുത്തുവന്നു, നിന്റെ കരുണയുടെ നിഴലിൻകീഴിലും നിന്റെ ദയയുടെ ചിറകിൻ കീഴിലും അഭയം പ്രാപിച്ചിരിക്കുന്നവരുമായ നിന്റെ അടിയാരെ നീ വാഴ്ത്തണമേ. ഇവർ തങ്ങളുടെ സകല പ്രവൃത്തികളിലും ഉത്തമന്മാരായിരിപ്പാൻ ഇവരെ നീ സുഖത്തോടെ രക്ഷിച്ചു് സന്തോഷിപ്പിക്കേണമേ. കർത്താവേ, ഇവരെ കാത്തു സപ്രാരാജ്യത്തേക്കു നടത്തുന്ന നേർവഴിയിൽകൂടി ഓടുവാനും, ആത്മീയനൽവരങ്ങളിൽ പൂർണ്ണതയുള്ളവരാകുവാനും, ദേഹദേഹികൾക്കു പ്രയോജനകരമായ ദൈവികവ്യാപാരം ചെയ്തു ആദായം ഉണ്ടാക്കുവാനും ഇവക്കു കൃപ നല്കേണമേ. കർത്താവേ, നിത്യജീവനെ സ്നേഹിക്കുന്നവരും, പാപമരണമുള്ളവരിൽനിന്നു് അകന്നിരിക്കുന്നവരുമാകുവാൻ ഇവക്കു നീ സംഗതി ആക്കേണമേ. നിന്റെ പരിശുദ്ധതയുടെ പാശ്ചാത്തേക്കു അടുത്തുവരുവാനും, ശപിക്കപ്പെട്ട സാത്താന്റെ അടിമയിൽനിന്നു ഓടിപ്പോകുവാനും ഇവരുടെ ഹൃദയങ്ങളെ ഒന്നാക്കേണമേ. നിന്റെ ആത്മീയമന്ദിരത്തോട്ടത്തിൽ നീതിയുടെ വേലക്കാരും, നിന്നോടുള്ള ഭയഭക്തിയുടെ തീക്ഷ്ണതയിലും, നിന്റെ കല്പനകളുടെ അനുഷ്ഠാനത്തിലും താല്പര്യമുള്ളവരുമാകുവാൻ ഞങ്ങൾക്കും ഇവക്കും ഇടയാക്കേണമേ. കർത്താവേ,

നിന്റെ പരിശുദ്ധന്മാരുടെ സംഘങ്ങൾക്കു തുല്യരും, അന്യോന്യം സ്നേഹിക്കുന്നവരും, തിന്മപൊട്ടവനെ ദ്വേഷിക്കുന്നവരും, നിന്റെ ദൈവത്വത്തിന്നു് അനുസരണമുള്ളവരും ആയിട്ടു്, ഞങ്ങളെ ആക്കേണമേ. നിന്റെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനും നീയാകയാൽ, നിനക്കും നിന്റെ പിതാവിന്നും, നിന്റെ പരിശുദ്ധഭൗഹയ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുന്നു. ഹാശാ—

ജനം. ആമ്മീൻ.

അതിന്റെ ശേഷം.

. ഹാശാ; ൽ

ഭാതികളുടെ പുത്രീ! നീ എത്ര സുന്ദരി, നീ എത്ര സുന്ദരി, ശ്ലോമോൻരാജാവു സഭയാകുന്ന നിന്നെ വാത്സല്യിച്ചു (പറയുന്നതു) നിന്റെ അധരങ്ങൾ തേൻകട്ട പൊഴിക്കുന്നു. നിന്റെ വസ്ത്രങ്ങളുടെ, വാസന വസന്തകാലത്തെ പനനീർപുഷ്പത്തിന്റെ വാസനപോലെയാകുന്നു. സഭയേ! നീ സർവ്വാംഗ സുന്ദരിയാകുന്നു. നിന്നിൽ യാതൊരു മാലിന്യവുമില്ല, നീ അവന്റെ സ്ത്രീ ബായെ വന്ദിക്കുന്നതിനാൽ മ്ശിഹാരാജാവു നിന്നെ കാക്കുന്നു—ബാറെക്കുമാർ.

പട്ടക്കാരൻ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

പട്ടക്കാരൻ.

ഭാതികളുടെ പുത്രീ! നീ എത്ര സുന്ദരി, നീ എത്ര സുന്ദരി, സർവ്വലോകത്തിന്മേലും ഉദിക്കുന്ന സൂര്യനോടു നീ സദൃശയാകുന്നു. നിന്റെ നെറുകമേൽ സ്ത്രീബായുടെ മുദ്രയുണ്ട്. വെടിപ്പുള്ള നിന്റെ വായ് സ്തുതിപാടുന്നു. നിന്റെ ചുണ്ടുകളിൽ ദൈവപുത്രന്റെ തിരുരക്തം പുരണ്ടിരിക്കുന്നു. നിന്റെ സന്താനങ്ങൾ രാപ്പകൽ സ്തോത്രം പാടുകയും ചെയ്യുന്നു.

ജനം.

കത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

ഗീതം

പട്ടക്കാരൻ. ജാതിയിൻ പുത്രി നീയേ! സുന്ദരി—ബഹു സുന്ദരി,
ശ്ലോമോൻരാജൻ തിരുസഭയാം നിന്നെ—വർണ്ണിക്കുന്നു.
തേൻകട്ടകൾ നിൻ—അധരം പൊഴിക്കുന്നു
അങ്കികൾ സുഗന്ധി- നീസാൻ കുസുമംപോൽ.
സുന്ദരി സഭയേ! നിന്നിൽ മാലിന്യം—ഇല്ലേതുമേ
മ്ശിഹാ രാജൻ തൻ കുരിശാൽ നിന്നെ—കാത്തീടുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ-ബാറെക്മാർ.

പിതൃ പുത്രവിശുദ്ധാത്മനു സൂതി. ഹാലേലൂയ്യാ.

പട്ടക്കാരൻ. ജാതിയിൻ പുത്രീ നീയേ! സുന്ദരി—ബഹു സുന്ദരി
അഖിലാണ്ഡത്തിൽ സൂര്യനു സദൃശം—നീ ആകുന്നു.
നിന്റെ നെറ്റിമേൽ—സ്ലീബായിൻ മുദ്ര
വിശുദ്ധമാം നിൻ വായ്—സ്തോത്രം പാടുന്നു.
തിരുരക്തത്താൽ നിന്നുടെ ചുണ്ടെല്ലാം—ചുവന്നതത്രേ
തവ പ്രജ രാപ്പകൽ സ്തോത്രം സന്നിധിയിൽ—പാടിടുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കുണമേ.

പ്രാർത്ഥന.

പട്ടക്കാരൻ. കർത്തനെ എന്ന നഗരത്തിലേക്കു കല്യാണവിരുന്നിനു ക്ഷണിക്കപ്പെട്ടകയും, വെള്ളത്തെ നല്ല വീഞ്ഞായി മാറ്റുകയും ചെയ്ത സത്യത്തിന്റെയും നീതിയുടെയും മണവാളനായി, ഇപ്പോഴും മനുഷ്യരെ സ്നേഹിക്കുന്ന കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട്, നിന്റെ വിശുദ്ധ മദ്ബഹായുടെ മുൻപാകെ തങ്ങളുടെ കഴുത്തുകളെ വണക്കിയിരിക്കുന്ന ഈ നിന്റെ അടിയാരെ നീ വാഴ്ത്തണമേ. അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്ന നിന്റെ

വലങ്കൈ ഇവരുടെമേൽ അവസിപ്പിക്കേണമേ. നിന്റെ ആത്മീയമണവായിൽ ഇവരെ നീ സന്തോഷിപ്പിക്കേണമേ. നിന്നെ സ്നേഹിക്കയും, നിന്റെ കല്പനകളെ ആചരിക്കയും ചെയ്തിട്ടുള്ള വിശുദ്ധന്മാർക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന കല്യാണവിരുന്നിനു ഞങ്ങളെയും ഇവരെയും നീ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങളും ഇവരും നിന്റെ വല്ലഭാഗത്തുനിന്നു്, നിന്റെ കരുണയെ കണ്ടുകൊണ്ടു്, നിനക്കു സ്തുതിയും സ്തോത്രവും കരേറുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

ശുശ്രൂഷകൻ.

പൌലൊസ് ശ്ലീഹാ എഫേസിയക്കാർക്കു എഴുതിയ ലേഖനം ൫-ാം അദ്ധ്യായത്തിൽനിന്നു്.

ജനം.

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി. കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ.

എന്റെ സഹോദരന്മാരേ! നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ നാമത്തിൽ എല്ലാവനും വേണ്ടി എല്ലായ്പോഴും പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യുന്നവരായിരിപ്പിൻ. മ്ശിഹായുടെ സ്നേഹത്താൽ അന്യോന്യം കീഴ്പ്പെടുന്നവരായിരിപ്പിൻ. സ്ത്രീകളേ, നമ്മുടെ കർത്താവിനു് എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിപ്പിൻ. എന്തുകൊണ്ടെന്നാൽ, മ്ശിഹാ സഭയുടെ തലയും ശരീരത്തിന്റെ രക്ഷിതാവും ആകുന്നപ്രകാരം പുരുഷൻ സ്ത്രീയുടെ തലയാകുന്നു. സഭ മ്ശിഹായിക്കു കീഴ്പ്പെടുന്നപ്രകാരം തന്നേ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം. പു

രുഷന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. മ്ശി ഹായും തന്റെ സഭയെ സ്നേഹിക്കയും, ജലസ്നാനത്താലും വചനത്താലും അതിനെ ശുദ്ധികരിച്ച് വെടിപ്പാക്കുവാനും, മഹത്വമുള്ളതായും, മാലിന്യവും, കറയും ഇവയ്ക്കു സമമായ യാതൊന്നും ഇല്ലാതെ, വിശുദ്ധയും നിഷ്കളങ്കയുമായും തനിക്കു തന്നേ സഭയായി അതിനെ നിത്തുവാനും, അതിനുവേണ്ടി തന്നെത്തന്നേ ഏൽപ്പിച്ചുകൊടുക്കയും ചെയ്തതുപോലെ തന്നേ. ഇപ്രകാരം തങ്ങളുടെ ശരീരങ്ങളെ എന്നപോലെ, തങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പാൻ പുരുഷന്മാക്കു ന്യായമാകുന്നു. ഹാലേലൂയ്യാ ഉ-ഹാലേലൂയ്യാ.

ശുശ്രൂഷകൻ.

സഹോദരന്മാരേ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ച്, നമ്മുടെ കർത്താവേശു മ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ ഇവിടെ പട്ടക്കാരൻ മണവാളന്റെയും മണവാട്ടിയുടെയും വലത്തു കൈകൾ തമ്മിൽ പിടിപ്പിക്കണം.

¶ അതിന്റെ ശേഷം പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ മത്തായിയുടെ ഏവൻഗേലിയോൻ.

അ. ക്രൻ. ക — ന്നു

ഈശോതമ്പുരാൻ ഈ വചനങ്ങളെ പറഞ്ഞു തീർന്നശേഷം ഗ്ലീലായിൽനിന്നു യാത്ര പുറപ്പെട്ടു, യോർദ്ദനാന്റെ അക്കരെ യീഹൂദിന്റെ അതൃത്തിയിലേക്കു എഴുന്നള്ളി. വളരെ പുരുഷാരം തന്റെ പിന്നാലെ ചെന്നു. അവിടെവച്ചു അവരെ താൻ സൌഖ്യമാക്കി. പ്രീശേന്മാർ അവന്റെ അടുക്കൽ വന്നു, അവനെ പരീക്ഷിച്ചുകൊണ്ടു, യാതൊരു കാരണത്താൽ എങ്കിലും ഒരുത്തന്നു തന്റെ ഭാര്യയെ ഉപേക്ഷിപ്പാൻ ന്യാ

യമാകുന്നുവോ എന്നു ചോദിച്ചിരുന്നു. അപ്പോൾ താൻ അവരോടു ഉത്തരമായി അരുളിച്ചെയ്തതു: ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, ഇതുകൊണ്ടു പുരുഷൻ തന്റെ പിതാവിനെയും തന്റെ മാതാവിനെയും വിട്ടു തന്റെ ഭാര്യയോടു ചേർന്നിരിക്കും, അവർ ഇരുവരും ഒരു ജഡമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും ഉള്ളതു നിങ്ങൾ വായിച്ചിട്ടില്ലയൊ. അതുകൊണ്ടു അവർ രണ്ടല്ല, ഒരു ശരീരമത്രെ. അതുകൊണ്ടു, ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുതു.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ!

ജനം.

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

അതിന്റെശേഷം

ⲙⲡⲉⲓⲁⲅⲅⲉⲗⲓⲟⲛ ⲛⲧⲉ ⲡⲓⲭ̅ⲥ̅ ⲕⲁⲧⲁ ⲙⲁⲣⲕⲟⲥ.

ⲡⲉⲛⲥⲟⲩⲧⲉⲙ ⲉⲃⲟⲗ ⲙⲙⲟⲥ ⲉⲧⲃⲉ ⲡⲓⲙⲁ ⲛⲧⲉ ⲡⲓⲭ̅ⲥ̅ ⲉⲧⲉ ⲡⲓⲙⲁ ⲛⲧⲉ ⲡⲓⲁⲅⲅⲉⲗⲓⲟⲛ ⲛⲧⲉ ⲙⲁⲣⲕⲟⲥ

തായി വിശുദ്ധ സഭ കണ്ടപ്പോൾ, സകലത്തിന്റെയും ഉടയവനായ നിന്റെ കാതൽതത്തിന്റെ ശക്തിക്കു സൂതി എന്നു ന്യായമായി നിന്നോട് ആത്മ പറഞ്ഞുകൊണ്ട് ക്രമത്തിൽ ചന്ദ്രനെപ്പോലെ നിന്നു.

ഗ്രന്ഥം നിന്റെ കൃപ ഓർത്ത്

ഇന്നേ ദിവസം നിന്റെ ദാസന്മാരായ ഞങ്ങൾ

ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ

ഈ കിരീടങ്ങളും, ഇവ വയ്ക്കപ്പെടുന്ന തലകളും പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധ റൂഹായുടെയും ✠ തിരുനാമത്തിൽ വാഴ്ത്തപ്പെട്ട പൂണ്ണമാക്കപ്പെട്ടിരിക്കുന്നു.

ജനം. ആമ്മീൻ.

ദൈവം നിന്റെ കൃപ ഓർത്ത്

ഗ്രന്ഥം നിന്റെ

ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ

ﻣﺎﻟﻚ ﺍﻟﻤﻠﻚ ﺗﺆﺗﻲ ﺍﻟﻤﻠﻚ ﻣﻤﻦ ﺗﺸﺎﺀ ﻭﺗﻨﺰﻉ ﺍﻟﻤﻠﻚ ﻣﻤﻦ ﺗﺸﺎﺀ ﻭﺗﻌﺰ ﻣﻦ ﺗﺸﺎﺀ ﻭﺗﺬﻝ ﻣﻦ ﺗﺸﺎﺀ ﺑﻴﺪﻙ ﺍﻟﺨﻴﺮ ﺇﻧﻚ ﻋﻠﻰ ﻛﻞ ﺷﻲﺀ ﻗﺪﻳﺮ ﺭﺑﻨﺎ ﻭﺗﻘﺒﻞ ﺩﻋﺎﺀ ﻭﺍﻏﻔﺮ ﻟﻨﺎ ﻭﺍﺭﺣﻤﻨﺎ ﻭﺍﻫﺪﻧﺎ ﻭﻧﺠﻨﺎ ﻣﻦ ﺍﻟﻘﻮﻡ ﺍﻟﻈﺎﻟﻤﻴﻦ ﻭﺍﻟﺤﻤﺪ ﷲ ﺭﺏ ﺍﻟﻌﺎﻟﻤﻴﻦ ﻭﺻﻠﻰ ﷲ ﻋﻠﻰ ﺳﻴﺪﻧﺎ ﻣﺤﻤﺪ ﻭﻋﻠﻰ ﺁﻟﻪ ﻭﺻﺤﺒﻪ ﻭﺳﻠﻢ ﺗﺴﻠﻴﻤﺎ ﻛﺜﻴﺮﺍ ﻛﺜﻴﺮﺍ ﻭﺍﻟﺤﻤﺪ ﷲ ﺭﺏ ﺍﻟﻌﺎﻟﻤﻴﻦ ﺁﻣﻴﻦ ﺁﻣﻴﻦ ﺁﻣﻴﻦ ﻳﺎ

¶ മണവാളന്റെ തലയിൽ മൂന്നു പ്രാവശ്യം കിരീടം ആഘോഷിച്ചുകൊണ്ടു ചൊല്ലുന്നു.

പട്ടക്കാരൻ. നമ്മുടെ കർത്താവിന്റെ കൈയ്യാൽ സഭയിൽനിന്നു കിരീടം പ്രഭാവത്തോടെ ഇറങ്ങുന്നു. പട്ടക്കാരൻ മണവാളന്റെ തലയിൽ വയ്ക്കുന്ന കിരീടം അവനു യോഗ്യമാകുന്നു.

പ്രതിവാക്യം. കർത്താവേ, നിന്റെ അനുഗ്രഹങ്ങളാൽ പട്ടക്കാരെയും മ്ശമശാനന്മാരെയും, തങ്ങളുടെ കിരീടങ്ങളാൽ മണവാളന്മാരെയും തങ്ങളുടെ മണവറകളിൽ മണവാട്ടികളെയും സന്തോഷിപ്പിക്കേണമേ.

കർത്താവേ, സകല അനുഗ്രഹങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ ആവസിപ്പിച്ചു, മണവാളനെയും മണവാട്ടിയെയും അവരുടെ തലയിലുള്ള കിരീടങ്ങളെയും അനുഗ്രഹിക്കേണമേ.

അബ്രാഹാമും യിസ്ഹാക്കും യാക്കോബും വാഴ്ത്തപ്പെട്ട വാഴ്വുകളാൽ, മണവാളനും മണവാട്ടിയും തോഴ്മക്കാരും വാഴ്ത്തപ്പെട്ടവരാകട്ടെ.

കർത്താവേ, സഭ്യമായ വാഴ്വുകളാൽ മണവാളന്മാരെയും മണവാട്ടികളെയും തോഴ്മക്കാരെയും തോഴ്മക്കാരികളെയും അനുഗ്രഹിക്കേണമേ.

കർത്താവേ, അത്യുന്നതങ്ങളിൽനിന്നു, നിന്റെ വലങ്കൈ നീട്ടി, തിരുസന്നിധിയിൽ കഴുത്തുകളെ വണക്കിയിരിക്കുന്ന മണവാളനെയും മണവാട്ടിയെയും അനുഗ്രഹിക്കേണമേ.

കർത്താവേ, അളവില്ലാത്ത ഐശ്വര്യം നിറഞ്ഞിരിക്കുന്ന നിന്റെ ഭണ്ഡാരത്തിന്റെ വാതിൽ തുറന്നു, മണവാളനും മണവാട്ടിക്കും പരിപൂർണ്ണമായ അനുഗ്രഹങ്ങളെ അയച്ചുകൊടുക്കേണമേ.

കർത്താവേ, നിന്റെ നല്ല ഇഷ്ടത്തിന്നു പ്രസാദകരമായിരിക്കുന്ന നീതിയുള്ള വഴിയിൽകൂടി നടപ്പാൻ നിന്റെ ബലമുള്ള വലങ്കൈയ്യാൽ ഇവരെ കാത്തുകൊള്ളേണമേ.

കർത്താവേ, നിർമ്മലതയിലും വിശുദ്ധിയിലും ഇവരുടെ ജീവിതത്തെ പൂർണ്ണമാക്കുവാൻ നിന്റെ അനുഗ്രഹങ്ങളുടെ നിഴലിൻ കീഴിൽ ഇവരെ മറെച്ചുകൊള്ളേണമേ.

ഗീതം

പട്ടക്കാരൻ. വാനിൽ നിന്നൊ—രു മകുടം
കർത്തനിൽ നിന്നി—ങ്ങിറങ്ങി
മണവാളൻ ശി—രസ്സിന്മേൽ
കഹനാ ചൂട്ടി—ട്ടുന്നു.

പ്രതിവാക്യം.

നാഥാ! കാരു—ണ്യത്താൽ
കഹനെന്മാർ ശ്ലീ—ഹാ—നന്മാർ
ഒമ്പതികളെയും—മുടിയാൽ
മണവറയിൽ—സന്തോഷിപ്പിക്കു.

അനുഗ്രഹം നിറഞ്ഞോ—രു വലങ്കൈ
ഇവർ മേലാവു—സിപ്പിച്ചു
ഒമ്പതികളെയും—ശിരസ്സിൻ
മുടിയെയും വാഴ്ത്തി—ടണമേ.

അബ്രഹാം ഇസ്സാക്കു—യാക്കോബ്
അനുഗ്രമേറേറാ—രു വാഴ്ച്ചാൽ
തോഴർ സഹിതം—തിരുമുൻ—
ഒമ്പതികൾ വാഴ്ച്ചല്ലൂട്ടെ!

നാഥാ സ്വർഗ്ഗീയ വാഴ്ത്തൽ
മമ്പതികളെയും—അവരിൻ
തോഴരെയും നീ—വാഴ്ത്തി
അനുഗ്രഹമരുളീടണമേ.

¶ പട്ടക്കാരൻ മണവാളന്റെ തലയിൽ കിരീടം വച്ചു ചൊല്ലുന്നു.

കർത്താവു നീതിയുടെ കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടെ. നാശമില്ലാത്ത അലങ്കാരങ്ങളാൽ നിന്നെ അലങ്കരിക്കട്ടെ. ശത്രുവിന്റെ സകല ശക്തികളും നേരെ തോറ്റുപോകാത്ത ആയുധം നിന്നെ ധരിപ്പിക്കയും ചെയ്യുമാറാകട്ടെ.

മണവാളനും ജനവും. ആമ്മീൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ മൂന്നു പ്രാവശ്യം കിരീടം ആഞ്ഞോക്കിച്ചുകൊണ്ടു ചൊല്ലുന്നു.

പട്ടക്കാരൻ. നമ്മുടെ കർത്താവിന്റെ കൈയ്യാൽ സ്വ
ർഗ്ഗത്തിൽനിന്നു കിരീടം പ്രഭാവത്തോടെ ഇറങ്ങുന്നു. പ
ട്ടക്കാരൻ മണവാട്ടിയുടെ തലയിൽ വയ്ക്കുന്ന കിരീടം അ
വർക്കു യോഗ്യമാകുന്നു.

പ്രതിവാക്യം.

കർത്താവേ, നിന്റെ അനുഗ്രഹങ്ങളാൽ പട്ടക്കാരെ
യും മ്ശമശാനന്മാരെയും, തങ്ങളുടെ കിരീടങ്ങളാൽ
മണവാളന്മാരെയും തങ്ങളുടെ മണവറകളിൽ മണവാട്ടികളെയും
സന്തോഷിപ്പിക്കേണമേ.

നിന്റെ മണവറ എന്നേക്കും നിലനില്ക്കുന്ന സാ
ക്ഷാൽ മണവാളനായുള്ളോവേ, നീ വേഗം ഞങ്ങളുടെ
അടുക്കൽ വരികയും ഞങ്ങൾ എന്നേക്കും നിന്നോടുകൂ
ടെ സന്തോഷിക്കയും ചെയ്യുമാറാകേണമേ.

കാട്ടിലെ പൂക്കളെയും പുഷ്പങ്ങളെയും ശ്രൂശാനാ പുഷ്പങ്ങളെയുംകാൾ (ശ്രേഷ്ഠമായിരിക്കുന്ന) നീതിയുടെ കിരീടം നമ്മുടെ രക്ഷിതാവു നിങ്ങൾക്കായി മുടയുമാറാകട്ടെ.

കർത്താവു നിങ്ങളുടെ സംബന്ധത്തിന്റെ നിർമ്മല മായ കട്ടിലിനെ വാഴ്ത്തട്ടെ. നിങ്ങളിൽനിന്നു നീതിമാന്മാരും വിശുദ്ധന്മാരും ഭരണാധികാരികളും ഉണ്ടാകട്ടെ.

ഞങ്ങളുടെ മണവാളനായ മ്ശിഹായേ, മഹത്വമുള്ള നിന്റെ സൌന്ദര്യത്തെ ഞങ്ങൾ കാണ്മാനും, നിന്നിൽ ഇടവിടാതെ സന്തോഷിപ്പാനും, നിന്റെ പ്രകാശംകൊണ്ടു ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ.

നമ്മുടെ രക്ഷിതാവു നീതിയിൻ കിരീടം നിങ്ങൾക്കായി മുടയുമാറാകട്ടെ. വിതാവിനും പുത്രനും വിശുദ്ധരൂഹായിയ്ക്കും സ്തുതി നിങ്ങൾ കരേറുകയും ചെയ്യണം.

ഗീതം.

പട്ടക്കാരൻ.

വാനിൽ നിന്നോ—രു മകുടം
കർത്തനിൽ നിന്നി—ങ്ങിറങ്ങി
മണവാട്ടിശി—രസ്സിന്മേൽ
കഹനാ ചൂട്ടി—ടുന്നു.

പ്രതിവാക്യം.

നാഥാ കാരു-ണ്യത്താൽ
കഹന്മാർ മ്ശമശാ—ന്മാർ
ദമ്പതികളെയും—മുടിയാൽ
മണവറയിൽ-സന്തോഷിപ്പിക്കു.

രക്ഷകൻ, നീതിയിൻ—മുടിയെ
നിങ്ങൾക്കായി മു—ടഞ്ഞീടട്ടെ,
പിതൃപുത്രവിശു—ദ്ധാത്മനു
സ്തോത്രം പാ—ടിടുവിൻ.

¶ പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ കിരീടം വച്ചുകൊണ്ടു ചൊല്ലുന്നു.

കർത്താവു നീതിയുടെ കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടെ. നാശമില്ലാത്ത ആഗ്രഹിക്കത്തക്ക അലങ്കാരങ്ങളാൽ നിന്നെ അലങ്കരിക്കട്ടെ. പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായിയ്ക്കും സ്തുതി നീ കരേറിയുംകൊണ്ടു, നിന്റെ ആയുഷ്കാലമൊക്കെയും സന്തോഷിക്കുമാറാക.

മണവാട്ടിയും ജനവും. ആമ്മീൻ.

¶ മണവാളന്റെമേലും മണവാട്ടിയുടെമേലും ഉള്ള അനുഗ്രഹം (ആശീ:സ)

പട്ടക്കാരൻ. മനുഷ്യരുടെ ആയുസ്സിൽ പ്രിയമുള്ള കർത്താവു, നിങ്ങളുടെ ആയുസ്സിലും പ്രിയപ്പെടുകയും, നിങ്ങളുടെ കൂട്ടായ്മയെ വാഴ്ത്തുകയും ചെയ്യട്ടെ. സഭ്രീയ മണവാളനാകുന്ന മ്ശിഹാ, സത്യത്തിന്റെ മണവാട്ടിയെ കൊണ്ടു നിങ്ങളുടെ മണവാട്ടിയെ മുദ്രയിടട്ടെ. മ്ശിഹാ തന്റെ സഭയിൽ സന്തോഷിച്ചതുപോലെ, നിങ്ങളും അന്യോന്യം സന്തോഷിക്കണം. അനുഗ്രഹങ്ങളുടെ വലഞ്ഞെ നിങ്ങളുടെ മേൽ വന്നാവസിച്ചു, സകല ഉപദ്രവങ്ങളിൽനിന്നും നിങ്ങളെ കാത്തുകൊള്ളട്ടെ. സമാധാനത്തിന്റെ മാലാകാ, നിങ്ങളോടുകൂടെയിരുന്നു ആകൽക്കർസ്സായുടെ വഞ്ചനയിൽനിന്നു നിങ്ങളെ കാത്തുകൊള്ളട്ടെ. കൊല്ലുന്നതായ അസൂയയിൽനിന്നു ദൈവം നിങ്ങളെ രക്ഷിക്കട്ടെ. അന്യോന്യം നിങ്ങളെ താൻ സന്തോഷിപ്പിക്കയും നിങ്ങളിൽനിന്നു ദുഃഖങ്ങളെ നീക്കികളകയും ചെയ്യട്ടെ. അബ്രാഹം യിസ്സാക്കിലും, യിസ്സാക്കു യാക്കോബിലും, യാക്കോബ് യൌസേഫിലും സന്തോഷിച്ചതുപോലെ, നിങ്ങളും അവരിൽ സന്തോഷിപ്പാനായിട്ടു, കർത്താവു നീതിയുള്ള മക്കളെ നിങ്ങൾക്കു നല്കട്ടെ. ദൈവം നോഹയെയും, അവന്റെ മക്കളെയും അനുഗ്രഹിച്ചു, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ എന്നു അവരോടു അരുളി

ചെയ്യു ആ അനുഗ്രഹം നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവം അബ്രാഹാമിനെയും യിസ്സാക്കിനെയും യാക്കോബിനെയും അനുഗ്രഹിച്ച ആ അനുഗ്രഹവും നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവം ആകാശത്തിൽനിന്നു മഞ്ഞും, ഭ്രമി പുറപ്പെടുവിക്കുന്ന സകല നന്മകളും നിങ്ങൾക്കു നല്കുട്ടെ. യാക്കോബ് അവന്റെ പുത്രനായ യൌസേഫിനെ വാഴ്ത്തി, നിന്റെ പിതാവിന്റെ ദൈവം നിന്നെ സഹായിക്കുമെന്നു പറഞ്ഞ ആ വാഴ്വും നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവത്തെ സ്നേഹിക്കയും, തന്റെ തിരുവിഷ്ടത്തെ പ്രസാദിപ്പിക്കയും ചെയ്തിട്ടുള്ളവരുടെ അനുഗ്രഹം നിങ്ങളുടെമേലും, ഇന്നു പട്ടക്കാരന്റെ കൈകളാൽ നിങ്ങളുടെ തലകളിൽ വെക്കപ്പെട്ട കിരീടങ്ങളിൻമേലും വസിക്കട്ടെ. കർത്താവിന്റെ നാമം നിങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കയാൽ, സകല ജാതികളും സന്തോഷിച്ചു സ്തുതിപാടട്ടെ. ദൈവം, ഐശ്വര്യങ്ങൾകൊണ്ടും, സമ്പത്തുകൊണ്ടും, സകല ഭാഗ്യങ്ങൾകൊണ്ടും നിങ്ങളെ അഭിവൃദ്ധിപ്പെടുത്തട്ടെ. ആ പാപിയായ സ്ത്രീയുടെ പാപങ്ങൾ പരിഹരിച്ചതുപോലെ, നിങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കപ്പെട്ടുമാറാകട്ടെ. വലത്തു ഭാഗത്തെ കള്ളനെപ്പോലെ നിങ്ങളും സ്വർഗ്ഗരാജ്യത്തിന്നു അവകാശികളായിത്തിരട്ടെ. മിസ്രേനിൽനിന്നു പുറപ്പെടുവിച്ച ആ മനുവാട്ടിയുമായി ഉടമ്പടി ചെയ്വാൻ സീനായിപർവ്വതത്തിൽ ഇറങ്ങിയ അത്യുന്നതൻ നിങ്ങളെയും നമ്മുടെ സഭാസംഘത്തെയും വാഴ്ത്തുമാറാകട്ടെ. സഭയുടെയും ഭ്രമിയുടെയും നാഥനു നാം സ്തുതികരേറുകയും ചെയ്യണം. ഹാശാ.—

ജനം. ആമ്മീൻ.

ചട്ടക്കാരൻ. ഏദൻതോട്ടത്തെ സ്ഥാപിച്ച മഹത്വവാനായുള്ളോവേ, എന്നെ വിവാഹം നിശ്ചയിച്ച യൌവനക്കാരൻ നീ ആകുന്നു. എന്നെ തന്നെപ്പിക്കുന്ന നിന്റെ തോട്ടങ്ങളിൽനിന്നു ഇമ്പകരമായ കാറ്റു എനിക്കായി വിശിക്കേണമേ.

• അർത്ഥം.

ചട്ടക്കാരൻ. ഏദൻതോട്ടത്തെ സ്ഥാപിച്ച മഹത്വവാ
നായുള്ളോവേ, എന്നെ വിവാഹം നിശ്ചയിച്ച യൌവ
നക്കാരൻ നീ ആകുന്നു. എന്നെ തന്നെപ്പിക്കുന്ന നിന്റെ
തോട്ടങ്ങളിൽനിന്നു ഇമ്പകരമായ കാറ്റു എനിക്കായി
വിശിക്കേണമേ.

കർത്താവേ, നിന്റെ നാമത്തിൽ വിവാഹം നിശ്ച യിക്കപ്പെട്ടിരിക്കുന്ന മണവാട്ടിയായി നിനക്കു വിവാഹം നിശ്ചയിക്കപ്പെട്ടവൾ ഞാനാകുന്നു. സത്യത്തിന്റെ യും നീതിയുടെയും മണവാളനായുള്ളോവേ, ഞാൻ നി ന്നിൽ അഭയം പ്രാപിച്ചിരിക്കയാൽ എന്നോടു കരുണ ചെയ്യേണമേ.

നിന്റെ സ്നേഹത്താൽ എന്റെ സ്വാധീനത്തെ നീ കൊടുത്തു തീർത്തു. നിന്റെ കഷ്ടാനുഭവങ്ങളാൽ എന്നെ നീ സ്വാതന്ത്ര്യപ്പെടുത്തി. ഉന്നതത്തിൽ എനിക്കു നീ മണവറ ചമച്ചിരിക്കുന്നു. ഞാൻ നിന്നേതായി തീരു വാൻ എന്നെ നീ വിളിച്ചുമിരിക്കുന്നു.

കള്ളന്മാർ എന്റെ മേൽ വീണ്, എന്റെ സൌ ന്ദര്യത്തെ നശിപ്പിപ്പാൻ മനസ്സുവെച്ചു. നിന്നോടുള്ള സ്നേഹത്താൽ ഞാൻ അവരെ തള്ളിയിട്ട് ഞാൻ അടിമ യിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്തു.

ഗീതം

ഏദൻതോട്ടത്തിനുടയോനേ!—
എന്നെ വേൾക്കുവാൻ വന്നവൻ നീ.

ഇഹംകാരത്തെ കൊണ്ടുപോക—
ഉല്ലാസം എനിക്കവിടെയുണ്ട്.

കർത്തനേ, എന്നെ വേളിക്കായ് നീ—
നിശ്ചയിച്ച മണവാട്ടിയായ് ഞാൻ.

വിശുദ്ധനാം സത്യമണവാളാ—
കരുണയുള്ളെന്നിൽ, ശരണം നീയേ.

കുരിശിനാൽ കൊടുത്തെൻ സ്വാധീനവും—
കഷ്ടപ്പാടാൽ സ്വാതന്ത്ര്യതയും.

എൻ മണവറ ഉന്നതത്തിൽ—
നിൻ വകയായ് വിളിച്ചെന്നെ നീ.

കള്ളന്മാർ എന്റെ സൌന്ദര്യത്തെ—
കൊള്ളചെയ്വാൻ മോഹിച്ചെതിർത്തു

തിരുസ്നേഹത്താൽ മെതിച്ചവരെ—
അടിമയിൽനിന്നു ഞാൻ സ്വതന്ത്രയായി.

¶ മണവാളൻ മണവാട്ടിയുടെ കഴുത്തിൽ മിന്നുകെട്ടി മന്ത്രകോടി ഇട്ട ശേഷം പട്ടക്കാരൻ പിന്നാലെയുള്ളതു ചൊല്ലിക്കൊണ്ടു അവരെ അനുഗ്രഹിക്കയും ദമ്പതിമാർ വണങ്ങിക്കൊണ്ടു കുരിശു വരെക്കയും ചെയ്യണം.

ദൈവപുത്രാ, നിന്റെ വലങ്കൈ നീട്ടി, മണവാളനെയും മണവാട്ടിയെയും അവരുടെ തലയിൽ വെച്ചിരിക്കുന്ന കിരീടങ്ങളെയും വാഴ്ത്തുന്നുമേ.

കർത്താവേ, മണവാളനെയും മണവാട്ടിയെയും അവരുടെ നാമങ്ങളിൻപ്രകാരം വാഴ്ത്തുന്നുമേ. അവരുടെ ആയു

തജ്ജൂമ. മാർ യാക്കോബിന്റെ ബാഉസാ.

പട്ടക്കാരൻ.

ദൈവത്തിന്റെ പുത്രാ, നിന്റെ വലങ്കൈ നീട്ടി, മണവാളനെയും മണവാട്ടിയെയും അവരുടെ തലയിൽ വെച്ചിരിക്കുന്ന കിരീടങ്ങളെയും വാഴ്ത്തുന്നുമേ.

കർത്താവേ, മണവാളനെയും മണവാട്ടിയെയും അവരുടെ നാമങ്ങളിൻപ്രകാരം വാഴ്ത്തുന്നുമേ. അവരുടെ ആയു

സ്സിന്റെ സംവത്സരങ്ങൾ പ്രകാശമുള്ള ലോകങ്ങളിൽ അനുഗ്രഹപ്രദമായിരിക്കേണമേ.

കർത്താവേ, ഈ കൂട്ടം സഭ്യീയവും ഭൌമവുമായ സകല അനുഗ്രഹങ്ങൾകൊണ്ടും എന്നേക്കും അനുഗ്രഹിക്കപ്പെട്ടതായിരിക്കേണമേ.

കർത്താവേ, നിന്റെ ദാസന്മാരുടെ വായാലുള്ള സ്തുതിയെ, നീ വാഴ്ത്തേണമേ. അവർ കിന്നരങ്ങളാൽ നിർമ്മലമായ സ്തുതികൾ നിനക്കു പാടുകയും ചെയ്യുമാറാകേണമേ.

ഗീതം

പട്ടക്കാരൻ

ദേ—വസുതനേ വലങ്കൈനീട്ടി
വാഴ്ത്തീ—ടേണമേ നീ +
മണവാളനെയും മണവാട്ടിയെയും
ശിരസ്സിൻ മുടിയെയും നീ.

വാ—ഴ്ത്തുക നാഥാ മന്ത്രികളെയും, +
ഈ നാ—ട്ടിൽ നി—
വാഴ്ത്തുക ഇവരിൻ ജീവിതകാലം
വെളിവിൻ ലോകേ-നീ.

ഈ—നിൻ ജനവും എന്നെന്നേക്കും
വാഴ്ത്തു—പ്പെടേണം— +
വാഴ്ത്തീടണമേ ഇഹപരലോക,
വാഴ്ത്തുലിവരെ—നീ.

വാ—ഴ്ത്തീടുക + നിൻ അടിയാർ വായ്ക്കുള്ളിൻ
സ്തുതിയെ—നാഥാ നീ-
വാഴ്ത്തീടുക വീണകളാൽ നീന്നെ
വന്ദനം ചെയ്തീ—ടുവാൻ.

❖ ഹാല്ലേലൂയാ ❖

ഹൃത്താമ്മാ.

പട്ടക്കാരൻ.

എന്റെ വാത്സല്യമുള്ള സഹോദരന്മാരേ, നാം എ

ല്ലാവരും ദൈവത്തിന്റെ ഭവനത്തിൽ നില്ക്കുന്ന ഈ സമയത്തു വിശ്വാസികളെ കരുതൽപ്പെടുത്തണമെന്നു, നമ്മുടെ വിശുദ്ധപിതാക്കന്മാരിൽനിന്നു നാം കൈക്കൊണ്ടിട്ടുള്ളതും, നമ്മുടെ ബഹുമാനപ്പെട്ട പൂർവ്വന്മാർ നമ്മെ ഭരമേല്പിച്ചതുമായ ഒരു പതിവു നമുക്കുണ്ട്. നമ്മുടെ മുൻപാകെ നില്ക്കുന്നവരോടു, അവർ സത്യത്തിലും നീതിയിലും നല്ല പ്രവൃത്തികളിലും താല്പര്യമുള്ളവരും, സൽക്രിയകളിൽ ജാഗ്രതയുള്ളവരും, ആയിരിപ്പാൻ വീണ്ടും ഉറപ്പായി നാം കല്പിക്കണം.

ഇപ്പോൾ ഞങ്ങളുടെ മക്കളേ! നിങ്ങൾ ദൈവത്തിന്റെ മുൻപാകെയും, നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ സിംഹാസനമാകുന്ന ജീവന്റെ മേശയുടെ മുൻപാകെയും, സ്ലീബായുടെ മുൻപാകെയും, വിശുദ്ധ ഏവൻഗേലിയോന്റെ മുൻപാകെയും, ഈ യോഗത്തിന്റെ മുൻപാകെയും, ഹൃദയവിചാരങ്ങളെ അറിയാത്തവന്റെ മുൻപാകെ അല്ല, അറിയുന്നവന്റെ മുൻപാകെയും അത്രേ നില്ക്കുന്നതു എന്നു കരുതിക്കൊൾവിൻ. ഇതാ ഇതുമുതൽ നിങ്ങളെ തമ്മിൽ തമ്മിൽ ഞങ്ങൾ ചേർത്തിരിക്കുന്നു. ദൈവം എനിക്കും നിങ്ങൾക്കും ഇടയിൽ മദ്ധ്യസ്ഥനായിരിക്കട്ടെ. നിയമവിരുദ്ധമായി നിങ്ങൾ ചെയ്യുമെന്ന സകലത്തിൽനിന്നും ഞാൻ കുറ്റമില്ലാത്തവനായിരിക്കും. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും പട്ടക്കാരുടെമേലും, ശെമ്മാശന്മാരുടെമേലും, വിശ്വാസമുള്ള ജനത്തിന്മേലും മണവാളന്റെ മേലും, മണവാട്ടിയുടെ മേലും വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെമേലും, ക്ഷണിക്കുന്നവരുടെമേലും വന്നാവസിച്ചു വ്യാപിക്കുമാറാകട്ടെ. നമ്മുടെ കർത്താവേശുമ്ശിഹായുടെ വലങ്കൈ എല്ലായ്പോഴും ഇവരുടെമേൽ പാർക്കയും ചെയ്യട്ടെ.

ജനം. ആമ്മീൻ.

പട്ടക്കാരൻ.

വിണ്ടും വിശ്വാസികളേ! നിങ്ങളിൽ ഓരോരുത്തനും അവനവന്റെ ഭാര്യയുമായുള്ള ബന്ധം ഏതുവിധത്തിൽ ഇരിപ്പാൻ ന്യായമാകുന്നു എന്നു് ഓരോരുത്തനും സൂക്ഷിച്ചുകൊള്ളണമെന്നുള്ള ഈ കല്പന നിങ്ങളോടു എല്ലാവരോടും ആകുന്നു എന്ന അറിഞ്ഞുകൊൾവിൻ. എന്തുകൊണ്ടെന്നാൽ, ഇവൾ ഇവളുടെ ചാച്ചിക്കാരെ വിട്ടുപിരിഞ്ഞു ഇവളുടെ ഭർത്താവിനോടു ഒന്നിച്ചിരിക്കുന്നു. അതിനാൽ അവൻ ഇനിയും അവളെ പ്രസാദിപ്പിച്ചു്, അവളോടു ദയവായി വർത്തിക്കണം. അവൻ നഗ്നനാകേണ്ടി വന്നാലും, അവളെ വസ്ത്രം ധരിക്കുമാറാക്കണം. അവനു വിശന്നാലും, അവൾക്കു ആഹാരം കൊടുക്കണം. അവൻ ദാഹിച്ചിരുന്നാലും, അവൾക്കു കുടിപ്പാൻ കൊടുക്കണം. അവൻ അവളോടു ഏതുപ്രകാരം വർത്തിക്കണമോ, അതുപോലെ അവളും അവനോടു വർത്തിക്കയും, യോഗ്യമാംവണ്ണം അവനെ ശുശ്രൂഷിക്കയും ചെയ്യേണ്ടതു ന്യായമല്ലോ ആകുന്നു. അവൾ സകലത്തിലും സ്നേഹത്തോടും പ്രേമത്തോടും അവനോടു വർത്തിക്കയും വേണം. നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ കൃപ ഞങ്ങളുടെമേലും നിങ്ങളുടെമേലും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ!

ജനം: ആമ്മീൻ.

ആശീർവ്വാദം.

പട്ടക്കാരൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരു

ങ്ങി വന്ന സംബന്ധിച്ചിട്ടുള്ള നിങ്ങളെല്ലാവരെയും ദൈവമായ കർത്താവു അനുഗ്രഹിച്ചു് ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം, ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ.

ജനം. ആമ്മീൻ.

വിശുദ്ധ വിവാഹശുശ്രൂഷക്രമം അവസാനിച്ചു

പ്രസവസ്തോത്രശുശ്രൂഷക്രമം

പട്ടക്കാരൻ.

വിതാവിന്നും പുത്രന്നും പരിശുദ്ധരൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനന്മാരും പാപികളുമായ—

പ്രാരംഭപ്രാർത്ഥന.

പട്ടക്കാരൻ.

സർവ്വശക്തിയുള്ളവനും, തന്റെ മഹാശക്തിയാലും ദിവ്യജ്ഞാനത്താലും, സകലത്തെയും ഭരിക്കുന്നവനുമായ ദൈവമായ കർത്താവേ, പ്രസവത്തിന്റെ സകലആപത്തുകളിൽനിന്നും വിഷമതരങ്ങളായ ഉപദ്രവങ്ങളിൽനിന്നും നീ രക്ഷിക്കയും, ഇന്ന സുഖത്തോടുകൂടി നിന്റെ പരിശുദ്ധമന്ദിരത്തിൽ വന്ന, നിന്റെ കർത്തവത്തെ വന്ദിപ്പാനും, നിന്റെ പരിശുദ്ധനാമത്തെ സ്തുതിപ്പാനും, നി ഇടവരുത്തുകയും ചെയ്തിരിക്കുന്ന ഈ നിന്റെ ദാസിക്ക വേണ്ടി നിന്റെ ശ്രേഷ്ഠതയുടെ സന്നി

ധിയിൽ ഞങ്ങൾം അണെക്കുന്ന പ്രാത്ഥനകളും സ്തോ
ത്രങ്ങളും നി കൈക്കൊള്ളേണമേ. കർത്താവേ, നിന്റെ
അനുഗ്രഹത്തിന്റെ ബഹുതത്തൽ ഇവരെ ദർശിച്ചു,
ഇവരുടെ മേൽ കരുണചെയ്യേണമേ. നിന്റെ അടുക്ക
ൽനിന്നു ഐശ്വര്യങ്ങളുടെ വാഴ്വുകൾം ഇവർക്ക അയ
ച്ചുകൊടുക്കേണമേ. പിതാവും പുത്രനും വിശുദ്ധാത്മാ
യുമായ ദൈവമേ, ഞങ്ങൾം എല്ലാവരുടെ മേലും നി നി
ന്റെ അനുഗ്രഹങ്ങൾം വർഷിപ്പിക്കയും ചെയ്യേണമേ.
ഹാശാ—

ജനം. ആമ്മിൻ.

. ⟨illegible⟩

⟨illegible⟩ ; ⟨illegible⟩ ⟨illegible⟩ ⟨illegible⟩ ⟨illegible⟩
⟨illegible⟩ ⟨illegible⟩

കുക്ക്ലയൊൻ

പട്ടക്കാരൻ,

എന്നോടുള്ള തന്റെ സകല ഉപകാരങ്ങൾക്കും പകരം ഞാൻ കർത്താവിന്നു എന്തുകൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു് കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

ഞാൻ നിനക്കു സ്തുതിയാകുന്ന യാഗങ്ങൾ കഴിക്കും. ഞാൻ കർത്താവിന്നു എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെ കഴിക്കും. ബാറെക്കുമാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

എക്ബാ.

പട്ടക്കാരൻ.

യിസ്രായേലിന്റെ ഗോത്രത്തിൽനിന്നു് ഉദിച്ച സിംഹക്കുട്ടിയായുള്ളോവേ, നിന്റെ ബലമുള്ള ശക്തിയാൽ ഈ നിന്റെ മാസിയെ കാത്തു്, ഇവരെ അനുഗ്രഹിക്കേണമേ.

ശുശ്രൂഷകൻ. സെനുമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ.....

പട്ടക്കാരൻ.

സ്തുതിയും സ്തോത്രവും.....

തങ്കലേക്കു അടുത്തു വരുന്ന എല്ലാവരെയും ജീവിപ്പിക്കുന്നവനും രക്ഷിക്കുന്നവനും, തന്നിൽ ആശ്രയിക്കുന്ന എല്ലാവരുടെയും സങ്കേതസ്ഥലവും, തന്റെ മക്കളുടെ ആവശ്യം അറിഞ്ഞു തന്റെ കൃപയാൽ അവരെ സഹായിക്കുന്നവനും, മലിനതയുള്ളവരെ പെടിപ്പാക്കുന്ന സോപ്പായും, അശുദ്ധിയുള്ളവരെ ശുദ്ധീകരിക്കുന്നവനും, പാപങ്ങളെ ക്ഷമിക്കുന്നവനുമായ മ്ശിഹാതമ്പുരാന്റ്, തന്റെ മാസിക്ക വേണ്ടിയുള്ള സ്തോത്രപ്രാർത്ഥന പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും, നമ്മുടെ ആയുസ്സ്കാലം മുഴുവനും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

സെദറാ.

പട്ടക്കാരൻ.

മനുഷ്യരുടെ ആയുസ്സിനെക്കുറിച്ചു താല്പര്യമുള്ളവനും, സഹായങ്ങൾ നല്കുന്നവനും നന്മകളെ പ്രദാനം ചെയ്യുന്നവനും, കടങ്ങളെ പരിഹരിക്കുന്നവനുമായ മ്ശിഹാതമ്പുരാനേ, ഈ നിന്റെ മാസിയുടെ പ്രസവസമയത്തു ഇവൾക്കു ചെയ്തുകൊടുത്തതും ഇവളെ കാത്തുരക്ഷിച്ചതുമായ നിന്റെ സകല കൃപകൾക്കും വേണ്ടി, നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ സ്തോത്രം അർപ്പിച്ചു്, നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുന്നു. ഇപ്പോഴും കർത്താവേ, നിന്റെ പരിശുദ്ധ മദ്ബഹായുടെ മുൻപാകെ അടുത്തുവന്നിരിക്കുന്ന ഈ നിന്റെ മാസിയെ നിന്റെ വലങ്കൈ നീട്ടി അനുഗ്രഹിക്കേണമേ. ഇവളുടെമേലും (ഇവളുടെ ശിശുവിന്മേലും) അനുഗ്രഹങ്ങളും കരുണയും നീ ചൊരിയേണമേ. പാപത്തിന്റെ സകല അശുദ്ധിയിൽനിന്നും ഇവളെ നീ വെടിപ്പാക്കേണമേ. ശക്തിയുള്ളതും സഹായം നല്കുന്നതുമായ നിന്റെ വല

ങ്കെയ്യെ എപ്പോഴും ഓപ്പാനും, നിന്റെ കരുണയിൽ ആശ്രയിപ്പാനും ഇവർക്കു കൃപ നൽകുണമേ. നിന്റെ ചിറകുകളുടെ നിഴലിൽകീഴിൽ ഇവരെ മറെച്ചുകൊള്ളേണമേ. നിന്റെ നന്മകൾ ഇവർക്കു വർദ്ധിപ്പിച്ചുകൊടുക്കേണമേ. ജീവന്റെ വഴികളിൽകൂടി നടപ്പാനും, നിന്നിലുള്ള സത്യവിശ്വാസത്തിൽ നിത്യനില്പാനും, വിശുദ്ധിയിൽ ഇവരുടെ ആയുസ്സിനെ പൂർണ്ണമാക്കുവാനും, നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ അഴിവില്ലാത്ത ഭാഗ്യങ്ങളിൽ ഓഹരി കണ്ടെത്തുവാൻ യോഗ്യതയുള്ളവരായി തീരുവാനും ഇവരെ നീ സഹായിക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇങ്ങും കരേറും. ആശാ—

ജനം. ആമ്മിൻ.

. [illegible] ന്റെ [illegible] .

കാലാ.

പട്ടക്കാരൻ.

പൂർണ്ണഹൃദയത്തോടുകൂടെ തന്നിൽ ആശ്രയിക്കുന്ന വിശ്വാസികളുടെ പ്രത്യാശയായ യേശുവേ, നിന്റെ മാസിക്ക് ഹിതകരമായ പരിചയും, ഉന്നതമായ കോട്ടയും ആയിരുന്ന് നിന്റെ ചിറകുകൊണ്ടു ഇവരെ മറച്ചുകൊള്ളേണമേ. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

പട്ടക്കാരൻ,

തന്റെ മക്കൾക്കു സകല നല്ല ദാനങ്ങളെയും വിതച്ചുകൊടുക്കുന്ന അന്ത്രീന്നതന്റെ കടിഞ്ഞൂലായ അമ്മാനുവേലേ, നിന്റെ വിശുദ്ധാത്മായുടെ നൽവരം ഈ നിന്റെ മാസിക്ക ദാനം ചെയ്യുന്നു, സകല തിന്മകളിൽനിന്നും നിന്റെ സോപ്പായാൽ ഇവരെ വെടിപ്പാക്കേണമേ.

ജനം.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

¶ ഇവിടെ കർത്താം സങ്കീർത്തനം വാക്യപ്രതിവാക്യമായി ചൊല്ലണം.

കർത്താവു, എന്റെ അപേക്ഷയുടെ ശബ്ദം കേൾക്കുമെന്നുള്ളതുകൊണ്ടു ഞാൻ അവനെ സ്നേഹിച്ചു.

2. ഞാൻ അവനെ വിളിക്കും എന്ന ദിവസത്തിൽ അവൻ തന്റെ ചെവിയെ എങ്കലേക്കു ചായിക്കും.

3. എന്തെന്നാൽ മരണവേദനകൾ എന്നെ ചുറ്റി,

പാതാളത്തിന്റെ ഞെരുക്കങ്ങൾ എനിക്കു അടുത്തു. ഞെരുക്കവും അരിഷ്ടതയും ഞാൻ അനുഭവിച്ചു.

4. കർത്താവേ, എന്റെ പ്രാണനെ രക്ഷിക്കേണമെന്നു ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു.

5 കർത്താവേ, നീ കരുണയും നീതിയുമുള്ളവനാകുന്നു. ദൈവമേ, നീ കരുണയുള്ളവനാകുന്നു.

6. കർത്താവു, അല്പബുദ്ധികളെ കാക്കുന്നു. ഞാൻ എന്നെ താഴ്ത്തി, എന്നെ രക്ഷിക്കയും ചെയ്തു.

7. എന്റെ ആത്മാവേ, നിന്റെ വിശ്രാമത്തിലേക്കു നീ തിരിഞ്ഞുകൊൾക. എന്തെന്നാൽ കർത്താവു നിനക്കു ഉപകാരം ചെയ്തിരിക്കുന്നു.

8. എന്തെന്നാൽ എന്റെ പ്രാണനെ മരണത്തിൽ നിന്നും, എന്റെ കാലുകളെ പിഴകളിൽനിന്നും നീ രക്ഷിച്ചു.

9. ദൈവമേ, ജീവനുള്ളവരുടെ ദേശത്തു്, നിന്റെ മുൻപാകെ ഇഷ്ടമുള്ളവനായിരിക്കേണ്ടതിനു തന്നേ.

10. ഞാൻ വിശ്വസിച്ചു, ഞാൻ സംസാരിച്ചു, ഞാൻ ഏറ്റവും എളിമപ്പെട്ടുമിരിക്കുന്നു.

11. എല്ലാ മനുഷ്യരും അസത്യവാദികളെന്നു, ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു.

12. എന്നോടുള്ള തന്റെ സകല ഉപകാരങ്ങൾക്കും പകരം ഞാൻ കർത്താവിന്നു് എന്തുകൊടുക്കും?

13. ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു് കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

14. ഞാൻ കർത്താവിന്നു് എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെ കഴിക്കും.

15. കർത്താവിന്റെ കണ്ണുകളിൽ തന്റെ നീതിമാന്മാരുടെ മരണം വിലയേറിയതാകുന്നു.

16. കർത്താവേ, ഞാൻ നിന്റെ ദാസനാകുന്നു. ഞാൻ നിന്റെ ദാസനും, നിന്റെ ദാസിയുടെ പുത്രനുമാകുന്നു. നീ എന്റെ ബന്ധനങ്ങളെ എന്നിൽനിന്നു അഴിച്ചു.

17. ഞാൻ നിനക്കു സ്തുതിയാകുന്ന യാഗങ്ങളെ അർപ്പിച്ചു കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

18. ഞാൻ കർത്താവിനു എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെയും,

19. കർത്താവിന്റെ ഭവനത്തിന്റെ പ്രാകാരങ്ങളിലും ഉൗർശ്ലേമേ, നിന്റെ നടുവിലും കഴിക്കും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്കുമാർ.

പട്ടക്കാരൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവായിക്കും സ്തുതി.

ജനം.

ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

ശുശ്രൂഷകൻ.

ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഞാൻ ബഹുമാനപൂർവ്വം നിന്റെ ഭവനത്തിലേക്കു വരും, എന്റെ അധരങ്ങൾ ഉച്ചരിച്ചിട്ടുള്ള നേർച്ചകളെ ഞാൻ നിനക്കു കഴിക്കും. ഹാലേലുയ്യാ.

¶. ഇവിടെ പട്ടക്കാരൻ എവൻഗേലിയോൻ വായിക്കുന്നു

വിശു. ലൂക്കൊസു ൨൪—൫൩.

മോശെയുടെ ന്യായപ്രമാണപ്രകാരം അവരുടെ

ശുദ്ധീകരണദിവസങ്ങൾ തികഞ്ഞപ്പോൾ കടിഞ്ഞൂലായ ആൺ ഒക്കെയും കർത്താവിൻെറ വിശുദ്ധൻ എന്നു വിളിക്കപ്പെടണമെന്നു്, കർത്താവിൻെറ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, കർത്താവിൻെറ മുൻപാകെ അവനെ നിർത്തുവാനും, കർത്താവിൻെറ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഒരിണപ്രാവിനെയൊ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയൊ യാഗമായി കൊടുപ്പാനും ഊർശ്ലേമിലേക്കു അവനെ കൊണ്ടുപോയി. എന്നാൽ ഊർശ്ലേമിൽ ശിമഒൻ എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. ഈ മനുഷ്യൻ നിതിമാനും പരിശുദ്ധനും, ഇസ്രായേലിൻെറ ആശ്വാസത്തിന്നായി നോക്കിപ്പാർക്കുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവും അവൻെറ മേൽ ഉണ്ടായിരുന്നു. കർത്താവിൻെറ മ്ശിഹായെ കാണുന്നതുവരെ, അവൻ മരണം കാണുകയില്ലെന്നു് പരിശുദ്ധാത്മാവായാൽ അവനോടു പറയപ്പെട്ടിരുന്നു.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം.

നിൻെറ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

ܫܠܡ ܠܟܘܢ ܟܠܗܘܢ .

ܘܗܘ ܒܫܠܡܐ ܥܡ ܟܠ ܡܢ ܕܡܬܩܪܒ ܠܘܬ ܒܝܬ ܩܕܫܐ ܕܐܠܗܐ . ܘܢܫܐܠ ܠܗ ܒܫܠܡܐ ܐܝܟ ܕܟܬܝܒ ܒܢܡܘܣܐ ܕܐܠܗܐ . ܘܐܝܟ ܕܐܡܪ ܒܟܬܒ ܢܒܝܐ ܕܐܠܗܐ . ܘܐܝܟ ܕܐܡܪ ܒܟܬܒ ܢܒܝܐ ܕܐܠܗܐ . ܘܐܝܟ ܕܐܡܪ ܒܟܬܒ ܢܒܝܐ ܕܐܠܗܐ .

ܡܪ ܐܒ̈ܪ̈ܗܡ ܒ̈ܪ ܥ̈ܕ̈ܐ ܕ̈ܡ ܐ̈ܒ̈ܪ̈ܗܡ ܕ̈ܡ ܒ̈ܪ ܥ̈ܕ̈ܐ ܕ̈ܡ ܐ̈ܒ̈ܪ̈ܗ

മുഴുവനും നിന്നെ പ്രസാദിപ്പിപ്പാൻ സകല അശുദ്ധി യിൽനിന്നും ഇവളെ വെടിപ്പാക്കേണമേ.

കർത്താവേ, നിന്റെ കർത്തൃത്വത്തിന്റെ ഇഷ്ടം ചെയ്വാനും, അത്യന്തമായ നിന്റെ തിരുനാമത്തെ സ്തുതിപ്പാനുമായി നിന്റെ കരുണയാൽ വിശുദ്ധരൂഹായെ ഇവൾക്ക ദാനം ചെയ്യേണമേ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

അല്ലെങ്കിൽ ഗീതം

കർത്താവേ, അനുഗ്രഹിക്കു,
ശുശ്രൂഷ-കൈക്കൊള്ളണമേ.

ദൈവമേ, വലങ്കൈ നീട്ടി,
അനുഗ്രഹിക്കു-നിൻ മാസിയെ. (മാസികളെ)

നിൻ കല്പനകൾ ധ്യാനിച്ച്,
നിൻ സത്യം പഠിപ്പാ-നരുൾക.

കരുണയിൻ വലങ്കൈയ്യാലെ,
നടത്തണമേ-സഭയ്ക്കുത്തേക്കു.

നിൻ കർത്തൃത്വത്തെ സ്തുതിപ്പാൻ,
നല്കണമേ-നിൻ സമാധാനം.

ഭൂമിയെവെടിപ്പാലി-വളെ, (വരെ)
അലങ്കരിച്ച്-ശുദ്ധംചെയ്യു.

ആയുസ്സിനാളെല്ലാം-ഇവൾ, (ഇവർ)
തിരുവിഷ്ടം-ചെയ്വാനരുൾക.

അശുദ്ധിയിൽ നിന്നി-വളെ, (വരെ)
വെടിപ്പാക്കേണമേ-കർത്താവേ.

അത്യന്നതമാം-നിൻ നാമം;
സ്തുതിപ്പാനും-നല്കീടണമേ.

നിൻ കാരുണ്യത്താൽ-ഇവൾക്കു (ഇവക്കു)
രൂഹായെ-നല്കീടണമേ.

പ്രാർത്ഥനകൾ കേൾക്കുന്നോനേ,
യാചനകൾ-നല്കുന്നോനേ.

ഞങ്ങളിൻ പ്രാർത്ഥനകൾ-കേട്ടു,
യാചനകൾ നല്കീടണമേ.

ആശീർവ്വാദം.

പട്ടക്കാരൻ.

സർവ്വശക്തിയുള്ള ദൈവമായ കർത്താവു തന്റെ വലങ്കൈ നിന്റെ മേൽ ആവസിപ്പിച്ചു, നിന്നെ അനുഗ്രഹിക്കട്ടെ. രാപ്പകൽ അവൻ നിന്നെ കാത്തു മറെച്ചുകൊള്ളട്ടെ. ഈ ലോകത്തിൽ സകല അരിഷ്ടതകളിൽ നിന്നും, സങ്കടങ്ങളിൽ നിന്നും, ആപത്തുകളിൽ നിന്നും അവൻ നിന്നെ രക്ഷിക്കട്ടെ. വരുവാനിരിക്കുന്ന ലോകത്തിൽ അഴിഞ്ഞുപോകാത്ത ഭാഗ്യത്തിന്നും നിത്യജീവന്നും നിന്നെ യോഗ്യയാക്കി തീർക്കയും ചെയ്യട്ടെ.

സ്ത്രീയും ജനവും. ആമ്മീൻ.

¶ പട്ടക്കാരൻ സ്ത്രീയുടെ തലയിൽ കൈവെച്ചു ചൊല്ലേണ്ട ആശീർവ്വാദം.

സർവ്വശക്തിയുള്ള ദൈവമായ കർത്താവു നിന്റെ മേൽ മനസ്സലിഞ്ഞു, നിന്റെ സകല പാപങ്ങളെയും നിന്നോടു ക്ഷമിക്കയും, നിന്റെ സകല രോഗങ്ങളെയും സൌഖ്യമാക്കുകയും, നിത്യജീവങ്കലേക്കു നിന്നെ വഴിനടത്തുകയും ചെയ്യുമാറാകട്ടെ.

സ്ത്രീയും ജനവും ആമ്മീൻ.

C. M. S. Press, Kottayam—1928.

സൂചനകൾ

¶ 'നിങ്ങളിൽ കരുത്തൻ രോഗിയായാൽ സഭയുടെ കശിശ്ശന്മാരെ വിളിക്കട്ടെ' എന്നിത്യാദി തിരുവെഴുത്തിൻപ്രകാരം ആകെങ്കിലും രോഗമുണ്ടായാൽ പട്ടക്കാരനെ അറിവു കൊടുക്കണം.

¶ പട്ടക്കാരൻ രോഗിയുടെ ഭവനത്തിൽ എത്തി രോഗിക്കുവേണ്ടിയുള്ള ശുശ്രൂഷ നടത്തണം. ആ സമയത്തു രോഗിയുടെ സംബന്ധക്കാരും മറ്റും അവിടെയുണ്ടായിരിക്കുന്നതു കൊള്ളാം.

¶ പട്ടക്കാരൻ രോഗിയോട്, മാനസ്സാന്തരപ്പെട്ടു രക്ഷയുടെ അനുഭവക്കാരനായിത്തീരുന്നതിനു വേണ്ട ഗുണദോഷം പറയണം.

¶ ആവശ്യം എന്നു തോന്നിയാൽ പട്ടക്കാരൻ രോഗിയുടെ വിട്ടുകാരുടെയും തല്ക്കാലസ്ഥിതി അനുപേക്ഷിച്ചു രേഖപ്പെടുത്തുകയും മരണപത്രിക ആവശ്യമായിരുന്നാൽ അതു എഴുതുന്നതിനു രോഗിയെ ഉത്സാഹിപ്പിക്കയും വേണം.

¶ ആഗതികളോടും ഇടവകയോടും സമുദായസ്ഥാപനകളോടും കൂടായ്മ കാണിപ്പാൻ പ്രാപ്യരായ രോഗികൾ അങ്ങനെ ചെയ്യാൻ അവരെ കാമ്പെടുത്തണം.

¶ രോഗി വിശുദ്ധകുബ്ബാനയിൽ സംബന്ധിക്കുന്നതിനു ആവശ്യപ്പെടുകയും പള്ളിയിൽ വരുന്നതിനു കഴിവില്ലാതിരിക്കയും ചെയ്യാൽ ആ വിവരം മുൻകൂട്ടി പട്ടക്കാരനെ അറിയിക്കയും പട്ടക്കാരൻ അതു സാധിച്ചുകൊടുക്കയും വേണം. രോഗിയുടെ ചാച്ചയിൽപ്പെട്ടവർ അന്നേദിവസം വിശുദ്ധകുബ്ബാനയിൽ സംബന്ധിക്കുന്നതു നന്നായിരിക്കും.

¶ പട്ടക്കാരൻ, രോഗിയുടെ രോഗസ്ഥിതിക്കു അനുസരണമായി ഒന്നാമത്തേതൊ രണ്ടാമത്തേതൊ ശുശ്രൂഷ നടത്തേണ്ടതാകുന്നു.

രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥനക്രമം.

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധരൂഹായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടുലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ. ആമ്മീൻ

പ്രാരംഭപ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ കരുണയാൽ സങ്കടത്തിൽ ഇരിക്കുന്നവരെ സന്ദർശിക്കേണമേ. നിന്റെ കൃപയാൽ രോഗികളെ സുഖപ്പെടുത്തേണമേ. നിന്റെ അനുഗ്രഹത്താൽ ആത്മവ്യസനമുള്ളവരെ ആശ്വസിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവമേ, നിന്റെ നന്മകളെക്കുറിച്ചു നിന

ക്ക സ്തോത്രം ചെയ്യുന്നതിനു. നിന്നോടു അനുഗ്രഹങ്ങളും കരുണയും യാചിക്കുന്ന മനോവ്യസനവും ദുഃഖവുമുള്ള എല്ലാവക്കും ആത്മാവിന്റെയും ശരീരത്തിന്റെയും സൌഖ്യം നി നല്കുകയും ചെയ്യണമേ. ഹാശാ.

ജനം. ആമ്മീൻ

¶ അതിന്റെ ശേഷം പിന്നാലെയുള്ള കൂകലയിൻ ചൊല്ലണം.

ദയാപരനായ ദൈവമേ. ഈ ലോകത്തിൽ ഞങ്ങൾ ഇനിയും ജീവിച്ചിരിക്കുന്നതിനാൽ ഞങ്ങൾ ഇനിയും പാപം ചെയ്യുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ കോപത്തിന്നു യോഗ്യരായിത്തീരുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ന്യായവിധിയിൽ വീഴുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ശിക്ഷാവിധിയിൽ അകപ്പെടുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ക്രോധത്തിന്റെ പാത്രങ്ങളായിത്തീരുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ശാപത്തിന്നു വിധേയരായിത്തീരുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ന്യായവിധിയിൽ വീഴുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ശിക്ഷാവിധിയിൽ അകപ്പെടുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ക്രോധത്തിന്റെ പാത്രങ്ങളായിത്തീരുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ശാപത്തിന്നു വിധേയരായിത്തീരുന്നതിനാൽ

കർത്താവേ.

ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങൾ ഇനിയും നിന്റെ കോപത്തിന്നു യോഗ്യരായിത്തീരുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ന്യായവിധിയിൽ വീഴുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ശിക്ഷാവിധിയിൽ അകപ്പെടുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ക്രോധത്തിന്റെ പാത്രങ്ങളായിത്തീരുന്നതിനാൽ ഞങ്ങൾ ഇനിയും നിന്റെ ശാപത്തിന്നു വിധേയരായിത്തീരുന്നതിനാൽ

കർത്താവേ.

തജ്ജമ.

പട്ടക്കാരൻ

കർത്താവേ, നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതേ. നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.

കർത്താവേ, ഞാൻ രോഗിയായിരിക്കകൊണ്ട് എന്നോടു കരുണ ചെയ്യേണമേ. കർത്താവേ, എന്റെ അസ്ഥികൾ ഇളകിയിരിക്കകൊണ്ട് എന്നെ സൌഖ്യമാക്കേണമേ.

എന്റെ പ്രാണൻ ഏറ്റവും ഭ്രമിച്ചിരിക്കുന്നു. കർത്താവേ, നി എത്രത്തോളം?

കർത്താവേ, നീ തിരിഞ്ഞു എന്റെ പ്രാണനെ വിടുവിക്കേണമേ. നിന്റെ കൃപ നിമിത്തം എന്നെ രക്ഷിക്കയും ചെയ്യേണമേ—ബാറെക്കമാർ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി. ജനം. ആദിമുതൽ എന്നേന്നേക്കും തന്നേ. ആമ്മീൻ.

രോഗിയുടെ പ്രാർത്ഥന

¶ സൌകര്യംപോലെ പട്ടക്കാരൻ ചൊല്ലിക്കൊടുക്കണം

അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്നവനും—മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമേ—എന്റെ മുഴുങ്ങുളിലും—വ്യസനങ്ങളിലും—ഞാൻ നിന്നോടു നിലവിളിക്കുന്നു—ബഹുലമായ എന്റെ പാപങ്ങളെ

ടെ അഗാധത്തിൽനിന്നു—എന്നെ കോരിയെടുത്തു കരേറി—എന്റെമേൽ അനുഗ്രഹം ചെയ്യണമേ.

ശുശ്രൂഷകൻ. സ്സൌമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

ലിറ്റനി.

ശുശ്രൂഷകൻ.

പ്രാർത്ഥിക്കുവിൻ.

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു.....

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ.....

പട്ടക്കാരൻ. സൂതിയും സ്സൌത്രവും.....

ബലഹീനാത്മാക്കളെ സന്ദർശിക്കുന്നവനും, രഹസ്യകായ്മുകളെ പരിശോധിക്കുന്നവനും, നല്ല യാചനകളെ നല്കുന്നവനും, ദുഃഖിതന്മാരെ ആശ്വസിപ്പിക്കുന്നവനും, മനോവ്യസനമുള്ളവരെ ഉറപ്പിക്കുന്നവനും, ബലഹീനന്മാരെ താങ്ങുന്നവനും, രോഗികൾക്കു സുഖം നല്കുന്നവനും, അനുതാപികളെ പഠിപ്പിക്കയും കൈക്കൊള്ളുകയും ചെയ്യുന്നവനും, മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനും, ഞങ്ങൾക്കും, ബലഹീനരായ ഞങ്ങളുടെ പ്രാർത്ഥനകളെ സത്യവിശ്വാസത്തോടെ ചോദിച്ചിട്ടുള്ളവക്കും ചോദിക്കുന്നവക്കും, കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും തന്നോടു ഞങ്ങൾ യാചിക്കുന്ന യാചനകളെ നല്കുന്നവനുമായ തനിക്കു, ഈ രോഗി

ക്കുവേണ്ടി ഈ ദൈവീയ യാചനകൾ പൂർണ്ണമാക്കപ്പെട്ട
ന്ന ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവ
സങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും ചേർച്ച
യായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ

✠ ܫܒܝܚܐ ܕܩܘܕܫ ܐܝܬ ܥܠ ܟܠ ܫܒܝܚܐ ✠

പട്ടക്കാരൻ. ആത്മാക്കളുടെയും ശരീരങ്ങളുടെയും രഹ
സ്യവും പരസ്യവുമായ സകല വേദനകളെയും എളുപ്പ
ത്തിൽ ശമിപ്പിക്കാവുന്നവനും രഹസ്യവും പരസ്യവുമാ
യ സകല പ്രയാസ കാര്യങ്ങളെയും ക്ഷണത്തിൽ സാ
ധിക്കാവുന്നവനുമായി ഉത്തമനും സത്യവാനുമായിരി
ക്കുന്ന വൈദ്യനായ ദൈവമായ കർത്താവേ, ബലഹീന
തയിൽ ആയിരിക്കയും രോഗത്തിൽ കിടക്കയും, നിന്റെ
കരുണകളിൽ സങ്കേതം പ്രാപിക്കയും, നിന്റെ ദാനങ്ങ
ളുടെ സഹായത്തിന്നായി കാത്തിരിക്കയും അവന്റെ ക
ടങ്ങളുടെ പരിഹാരവും, പാപങ്ങളുടെ മോചനവും, വേദ
നകളുടെ സൌഖ്യവും, അവയവങ്ങളുടെ സ്വാസ്ഥതയും,
ബലഹീനനും പാപിയുമായ ഞാൻ മുഖാന്തരം നിന്നോ
ട് ചോദിക്കയും ചെയ്യുന്ന ഈ നിന്റെ ദാസന്റെ വേ
ണ്ടി നിന്റെ കരുണയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കാരു
ണ്യവാനായ കർത്താവേ, ബലഹീനരെ ശക്തിപ്പെടുത്തുന്ന
വനും, പാപികളെ ശുദ്ധികരിക്കുന്നവനും, അനുതാപി
കളുടെ സഹായകനും, മനോവ്യസനമുള്ളവരുടെ ആ
ശ്വാസവും, സകല വിശ്വാസികളുടെയും സങ്കേതസ്ഥ
ലവും നിയായിരിക്കയാൽ നിന്നോട് ഞങ്ങൾ അപേ
ക്ഷിക്കുന്നു. ഈ നിന്റെ ദാസന്റെ കടങ്ങളെ പരിഹ

രിച്ചു പാപങ്ങളെ ക്ഷമിച്ചുകൊള്ളുണമേ. ഇവന്റെ വേ
ദനകളെ വിലക്കി, രോഗങ്ങളെ മായിച്ചുകളയേണമേ.
ഇവന്റെ പനി കെടുത്തി, ഉപദ്രവങ്ങളെ അകറ്റിക്കളയേ
ണമേ. ഇവന്റെ ബലഹീനതയെ താങ്ങി ഇവന്റെ ക്ഷീ
ണം നീക്കി ഇവനെ ശക്തിപ്പെടുത്തേണമേ. ഇവനു നീ
നല്കുന്ന സകല കൃപാലംക്കും സഹായങ്ങൾക്കും വേണ്ടി,
ഇവൻ നിനക്കു സ്തോത്രം ചെയ്യുന്നതുകൂടാതെ ഇവന്റെ ഉ
ള്ളത്തെ സന്തോഷമായി മാറുകയും, ഇവന്റെ സൌഖ്യ
ത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യേണമേ.
നല്ലവനും ദയയുള്ളവനും, കരുണയുള്ളവനും, അനുഗ്ര
ഹിക്കുന്നവനും, ആത്മാവിന്റെയും ശരീരത്തിന്റെയും
സാക്ഷാൽ വൈദ്യനും നീയാകയാൽ, പിതാവായ ദൈ
വമേ, നിനക്കും നിന്റെ ഏകപുത്രനും നിന്റെ പരി
ശുദ്ധാത്മാവിനും സകല സ്തുതിയും ബഹുമാനവും ആധി
പത്യവും ചേർന്നവയായിരിക്കുന്നു. ആമേൻ.

ജനം. ആമ്മീൻ.

ആരതിന്റെ ശേഷം

ഗുരു: കർത്താവു നിങ്ങളോടുകൂടെ.

ജനം: അവൻ നിന്റെ ആത്മാവിനോടുകൂടെയും.

ᏣᎳᏩ ᎤᏂᏲᎤᎾ ᏱᎩ ᎠᏂᏴᏫ ᎤᏂᎬᏫᏳᎯ ᎨᏒ ᎢᏳᏩᏛᏗ

ഏകജാതനായ ദൈവമേ, എന്റെ കടങ്ങൾ വർദ്ധിക്കയും, എന്റെ കുറങ്ങൾ ശക്തിപ്പെട്ടകയും ചെയ്തിരിക്കയാൽ, നിന്റെ കരുണകളുടെ സമൃദ്ധിയിലേക്കു ഞാൻ നോക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പുകൊണ്ടു എന്റെമേൽ തളിക്കേണമേ. എന്റെ കണ്ണുനീരു കൈക്കൊണ്ടു എന്നെ നിർമ്മലമാക്കേണമേ. കർത്താവേ, നിന്റെ ജനകന്റെ സ്നേഹംമൂലം നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്നെ ദ്വേഷിക്കുന്നവർ എന്നെ നിന്ദിക്കരുതേ. അന്യായം വിട്ടുതിരിയുന്ന പാപിയിൽ മാലാകമാർ സന്തോഷിക്കയും, അനുതാപികൾക്കു രാപ്പകൽ വാതിൽ തുറന്നിട്ടിരിക്കുന്ന കർത്താവു് വാഴ്ത്തപ്പെട്ടവൻ എന്നു അവർ പറകയും ചെയ്യുമാറാകട്ടെ.

തർജ്ജമ.

പട്ടക്കാരൻ.

കർത്താവേ, എന്റെ ബലഹീനതയെ നോക്കേണമേ. എങ്കന്തന്നാൽ ഞാൻ വളരെ പാപം ചെയ്തു, നിന്നെ കോപിപ്പിച്ചിരിക്കുന്നു. ഞാൻ ആരിൽ അഭയംപ്രാപിക്കേണ്ടു എന്നറിയുന്നുമില്ല. ഞാൻ വൈദ്യന്മാരുടെ അടുക്കൽ ചെന്നു. അവർ തങ്ങളുടെ ഔഷധങ്ങൾ എന്നിൽ പ്രയോഗിച്ചിട്ടും, എന്റെ വ്രണം കഠിനമായും, സുഖപ്പെടുത്തുന്നവൻ ഇല്ലാതായും തിന്നിരിക്കുന്നു. ഔഷധങ്ങൾ സമർപ്പിയുള്ളവനും, നിന്റെ അടുക്കൽ വരുന്നവക്കു സഹായങ്ങൾ നല്കുന്നവനുമായ ഉത്തമവൈദ്യൻ നീയാകുന്നു എന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നതിനാൽ, നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും, നിന്റെ വിലമതിക്കാവതല്ലാത്ത രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കേണമേ. ആമ്മീൻ.

അല്ലെങ്കിൽ ഗീതം

ആലോഹാ ഏ—കജാതനേ,
തവ കരുണകളിൻ—വാരിധി ഞാൻ
നോക്കീടുന്നേൻ—പാപങ്ങൾ ബഹുലം-
തളിക്കണമേ നിൻ സോ—പ്പായാൽ
എൻ കണ്ണീരാൽ—നിർമ്മലനാക്കുക
യാചിക്കുന്നേൻ—തവ താതനൻപാൽ-
മമരിപു ദുഷിച്ചീടല്ലെന്നെ
കൃത്യംവിട്ടൻതപിച്ചിട്ടും
പാപിയിൽ ദൂതർ—സന്തോഷിച്ചുടനെ-
അനുതാപികൾക്കെപ്പോഴും വാ—തിൽ
തുറക്കും കർത്തൻ—വാഴ്ത്തുവേറോറാൻ
ഹാലേലൂയ്യാ—എന്നവർ പാടട്ടെ.

ബാറെക്കമാർ.

൨൯ : ൨൩൪

കത്തനേ, കാൺ എൻ ക്ഷി-ണതയെ
പിഴച്ചേൻ ഏറ്റം—വെറുപ്പിച്ചേൻ
അഭയമെനിക്കാ—രെന്നറിയുന്നില്ലേ—
വൈദ്യന്മാർ പക്കൽ—പോയ് ഞാൻ
അവരുടെ ചികിത്സകളേറ്റിട്ടും
എൻവ്രണമേതും—സുഖമായില്ലയ്യോ—
കേട്ടേൻ നീ നല്ലോ—രു വൈദ്യൻ
ഏറിയോരൌഷധി—നിനക്കുണ്ടെ
നിക്കുതപി ലഭിപ്പാൻ—വന്നേൻ നിന്നരികിൽ—
തവ ജനകനുടെ അ—ൻപാലും
വിലമതിയാ നിൻ—നിണത്താലും
ഹാലേലുയ്യാ—പരിഹരിക്കെൻ കടങ്ങൾ.

വരണ്ട നിലത്തു ആത്മീയ പാനീയമാകുന്ന ജീവന്റെ മഴയെ പെയ്യിക്കുന്ന സത്യമുള്ള കൃഷിക്കാരൻ ഞാനാകയാൽ, നിങ്ങൾ വന്നു ഏവൻഗേലിയോനിൽ സന്തോഷിച്ചു ജീവിപ്പിൻ. ദാഹിച്ചിരിക്കുന്ന ഏവനും എന്റെ അടുക്കൽ വന്നു ജീവന്റെ ഉറവിൽനിന്നു കുടിക്കട്ടെ, അവന്റെ കുറ്റങ്ങൾ ക്ഷമിക്കപ്പെടുമെന്നു പാപികളോടു അരുളിച്ചെയ്യുന്ന നമ്മുടെ രക്ഷിതാവിന്റെ ശബ്ദം ആശ്രയിക്കത്തക്കതാകുന്നു.

കർത്താവേ, എന്റെ പാപങ്ങളിൽ ഞാൻ മരിക്കരുതേ. നീ സ്നേഹിക്കുന്ന കാഴ്ചയായ എന്റെ കണ്ണുനീരുകളെ ഇതുമുതൽ നിനക്കു ഞാൻ അർപ്പിക്കുന്നു. കാളകളെയും കുഞ്ഞാടുകളെയും മുട്ടാടുകളെയും അല്ല, ചെങ്ങാലികളെയും പ്രാവിൻ കുഞ്ഞുങ്ങളെയും അല്ല, ശെമയോന്റെ ഭവനത്തിൽവച്ചു പാപിയായ ആ സ്ത്രീ എന്നപോലെ, എന്റെ കണ്ണുനീരുകളെ അത്രെ ഞാൻ കാഴ്ചയായി അർപ്പിക്കുന്നതു. അവയെ കൈക്കൊണ്ടു, എന്റെമേൽ

അനുഗ്രഹം ചെയ്യേണമേ. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും വിലമതിക്കാവുന്നതല്ലാത്ത നിന്റെ രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കയും ചെയ്യേണമേ. ആമ്മീൻ.

ജനം കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പ്രാർത്ഥന

❖ ⵜⴰⵏⵎⵎⴰ ⵏⵏⵖ ⵜⵉⵎⵣⵔⵜ ⵏⵏⵖ ⵜⵉⵎⵙⵙⵓⵔⵉⵜ ⵏⵏⵖ

പട്ടക്കാരൻ സകല സ്വസ്ഥതയുടെയും നാഥനും, സകല കൃപയുടെയും വിശുദ്ധിയുടെയും ദാതാവും, സകല സൌഖ്യവും സൌജന്യവും ചെയ്യുന്നവനും, എപ്പോഴും മനുഷ്യരുടെ ജീവനെക്കുറിച്ച് താല്പര്യത്തോടിരിക്കുന്നവനും, തന്റെ ദൈവിക സഹായങ്ങൾ ഞങ്ങളിൽ നിന്നു മുടക്കാത്തവനുമായ ദൈവമായ കർത്താവേ, അനുഗ്രഹങ്ങളും, കരുണയും, സ്വസ്ഥതയും ആശ്വാസവും, ശാന്തതയും സഹായങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ, ആത്മാവിന്റെയും ശരീരത്തിന്റെയും സൌഖ്യവും സ്വസ്ഥതയും നിന്നോടു യാചിക്കുന്ന ഈ നിന്റെ ദാസന്റെ മേൽ ആവസിപ്പിക്കേണമേ. ഇവനിൽ നിന്നു നൊൻപരങ്ങളും രോഗങ്ങളും വേദനകളും മായിച്ചുകളയേണമേ. പ്രതികൂലങ്ങളും ഉപദ്രവങ്ങളും, കഷ്ടതകളും പരീക്ഷകളും നീക്കിക്കളയേണമേ. ശക്തിയും സൌഖ്യവും, രക്ഷയും മോചനവും ഇവനെ ധരിപ്പിക്കേണമേ. ഇവൻ എഴുന്നേല്പാനും ബലം പ്രാപിപ്പാനും ഇവനെ താങ്ങേണമേ. ബലമുള്ള നിന്റെ വലങ്കൈകൊണ്ട് ഇവനു സഹായം നല്കേണമേ. ഇവന്റെ കടങ്ങളും പാപങ്ങളും ഇവനോടു ക്ഷമിക്കേണമേ. നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ

രൂഹായെയും സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, ഏറിയ നിന്റെ കൃപയുടെയും അനുഗ്രഹങ്ങളുടെയും ബാഹുല്യംപോലെ (സുഖത്തിനുള്ള) നല്ല അടയാളം നീ ഇവനു നല്കുകയും ചെയ്യുമാറാകേണമേ. ആശാ.

ജനം. ആമ്മീൻ.

അതിന്റെശേഷം.

ശുശ്രൂഷകൻ.

യാക്കോബ് ശ്ലീഹാ എഴുതിയ ലേഖനം
൫-ാം അദ്ധ്യായത്തിൽനിന്നു (൧൬—൨൦)

ജനം

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി. കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ.

നിങ്ങളിൽ ഒരുത്തൻ ഞെരുക്കത്തിൽ ഇരിക്കുന്നു എങ്കിൽ, അവൻ പ്രാർത്ഥിക്കട്ടെ. അവൻ സന്തോഷിക്കുന്നു എങ്കിൽ, പാട്ടുപാടട്ടെ. അവൻ രോഗിയായിരിക്കുന്നു എങ്കിൽ, സഭയുടെ കശീശ്ശന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും, നമ്മുടെ കർത്താവിന്റെ തിരുനാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടു കൂടിയ പ്രാർത്ഥന രോഗിയെ സൌഖ്യമാക്കുന്നു. നമ്മുടെ കർത്താവു അവനെ എഴുന്നേല്പിക്കുന്നു. അവൻ പാപം ചെയ്തിരിക്കുന്നു എങ്കിൽ അവനോടു ക്ഷമിക്കപ്പെടുന്നു. എന്നാൽ നിങ്ങൾ സൌഖ്യം പ്രാപിക്കേണ്ടതിനു തമ്മിൽത്തമ്മിൽ കുറ്റങ്ങളെ ഏറ്റു പറയുന്നവരും ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കുന്നു

വരുമായിരിപ്പിൻ. എന്തുകൊണ്ടെന്നാൽ നീതിമാൻ പ്രാത്ഥിക്കുന്ന പ്രാത്ഥനയുടെ ശക്തി വലിയതാകുന്നു. ഈ ലിയായും നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. ഭൂമിയിൽ മഴ പെയ്യാതിരിക്കേണ്ടതിനു അവൻ പ്രാത്ഥിച്ചു. മൂന്നു സംവത്സരവും ആറു മാസവും മഴ പെയ്തില്ല. അവൻ വീണ്ടും പ്രാത്ഥിച്ചു. ആകാശം മഴ നല്കി. ഭൂമി ഫലങ്ങളെ കൊടുത്തു. എന്റെ സഹോദരന്മാരേ, നിങ്ങളിൽ ഒരുത്തൻ സത്യത്തിന്റെ വഴിയിൽനിന്നു തെറ്റിപ്പോകയും, ഒരുത്തൻ അവന്റെ വഴി തെറ്റിൽനിന്നു അവനെ തിരിച്ചു വരുത്തുകയും ചെയ്താൽ, പാപിയെ അവന്റെ വഴി തെറ്റിൽനിന്നു തിരിച്ചു വരുത്തുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു ജീവിപ്പിക്കയും, അവന്റെ പാപങ്ങളുടെ ബഹുത്വത്തെ മായിക്കയും ചെയ്യുന്നു എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ. ഹാലേലുയ്യാ—ഉ—ഹാലേലുയ്യാ.

ചെസ ഗാമ്മാ.

ക്രൂശുഷകൻ.

ദൈവമേ, എന്റെമേൽ അനുഗ്രഹം ചെയ്യേണമേ; എന്തെന്നാൽ എന്റെ ആത്മാവു നിന്നിൽ ആശ്രയിച്ചിരിക്കുന്നു. ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും—ഹാലേലുയ്യാ.

¶ ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ മത്തായിയുടെ ഏവൻഗേലിയോൻ.

അ. ഫം. ൪ — ഫം.

ആ കാലത്തു ഈശോതമ്പുരാൻ ഈ പന്ത്രണ്ടുപേരെയും അയച്ചു, അവരോടു കല്പിച്ചരുളിച്ചെയ്തതെന്തെന്നാൽ


പുറജാതിക്കാരുടെ വഴിയിൽ നിങ്ങൾ പോകരുതു. ശമര്യക്കാരുടെ നഗരത്തിലേക്കു നിങ്ങൾ പ്രവേശിക്കയുമരുതു. എന്നാൽ ഇസ്രായേൽഗൃഹത്തിൽ നിന്നു കാണാതെപോയിട്ടുള്ള ആടുകളുടെ അടുക്കൽ പ്രത്യേകം നിങ്ങൾ പോകുവിൻ. നിങ്ങൾ പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചു എന്നു പ്രസംഗിച്ചു പറവിൻ. രോഗികളെ സൌഖ്യമാക്കുവിൻ. കുഷ്ഠരോഗികളെ ശുദ്ധിയാക്കുവിൻ. മരിച്ചവരെ ഉയിർപ്പിപ്പിൻ. പിശാചുക്കളെ പുറത്താക്കുവിൻ. നിങ്ങൾക്കു സൌജന്യമായി ലഭിച്ചു, സൌജന്യമായി കൊടുപ്പിൻ. നിങ്ങളുടെ മടിശ്ശീലകളിൽ പൊന്നും, വെള്ളിയും, വഴിക്കു പൊക്കണവും, രണ്ടു കുപ്പായങ്ങളും, ചെരിപ്പും, വടിയും നിങ്ങൾ കരുതരുതു. എന്നാൽ വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനാകുന്നു.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

അതിന്റെ ശേഷം



ڪتب ڪڻ ۽

ڪنڌ ڪنڊ ڪنڊ ڪنڊ

തജ്ജമ

പട്ടക്കാരൻ

ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നു നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

കർത്താവേ, നീ അവന്റെ അടുക്കൽ വരേണമെന്നു രോഗിയായിരിക്കുന്നവൻ നിന്നോടു അപേക്ഷിക്കുന്നു. അവൻ നിത്യവും നിന്റെ ശുശ്രൂഷയ്ക്കായി നില്പാൻ അവനെ സന്ദർശിക്കേണമേ. ശെമഓന്റെ അമ്മാവിയമ്മയെ അവളുടെ രോഗത്തിൽനിന്നു നീ സൌഖ്യമാക്കിയപ്പോൾ, അവളുടെ സൌഖ്യത്തിൽ അവൾ ശക്തി പ്രാപിച്ചതുകൊണ്ടു നിന്നെ ശുശ്രൂഷിപ്പാൻ അവൾ എഴുന്നേറ്റു.

നീ അവളുടെ കൈക്കു പിടിച്ചു്, അവളുടെ രോഗത്തിൽനിന്നു അവളെ സുഖപ്പെടുത്തി. നിന്റെ സ്നേഹത്താൽ ഈ രോഗിയുടെ ആത്മവിചാരങ്ങളെ ഉപദ്രവങ്ങളിൽനിന്നു നീ തടുക്കേണമേ. നിന്റെ വചനശുശ്രൂഷയ്ക്കായി ഇവൻ ശോഭിച്ചു നില്ക്കേണ്ടതിനു, നിന്നാൽ സൌഖ്യം പ്രാപിച്ച ആ സ്ത്രീയെ ദർശിച്ചതുപോലെ, ഈ രോഗിയെയും നീ ദർശിക്കേണമേ.

രോഗം രോഗമുള്ള മനുഷ്യനെ വിഷമിപ്പിക്കുന്നതുപോലെ, പാപം ഇവനെ വിഷമിപ്പിച്ചിരിക്കുന്നു. സൌജന്യമായി സ്വസ്ഥത നല്കുന്ന വൈദ്യനായുള്ളോവേ, ഇവൻ സുഖം പ്രാപിക്കേണ്ടതിനു നിന്റെ ഔഷധംകൊണ്ടു വരേണമേ. പാപിയായ സ്ത്രീയെ എന്നപോലെ, കുറ്റങ്ങൾ ഇവനെ വേദനപ്പെടുത്തിയിരിക്കുന്നു. ജ്ഞാ

നിയായുള്ളോവേ, ഇവൻ സൌഖ്യം പ്രാപിക്കേണ്ടതിനു, നിന്റെ ഔഷധംകൊണ്ടു ഇവനെ പൂശേണമേ.

കർത്താവേ, രോഗമുള്ള ആത്മാവു നിന്നാൽ സൌഖ്യം പ്രാപിക്കയും, അതിന്റെ വേദനകൾ മറന്നു, നിങ്കൽനിന്നു വലിയ ശക്തി അനുഭവമാക്കുകയും ചെയ്യുന്നതുകൊണ്ടു, അതു നിന്നെ സ്തുതിക്കുന്നു. കരുണയേറിയ നല്ല വൈദ്യനായുള്ളോവേ, നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധവൃഥായ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ. ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും ഉണ്ടായിരിക്കേണമേ.

ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്തു, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ.

അല്ലെങ്കിൽ ഗീതം

(മാർ യാക്കോബിന്റെ രാഗരീതി)

കർത്താ! കർത്താ! വിളിക്കുന്നെങ്ങൾ,
തുണയ്ക്കായ് പരിക
പ്രാർത്ഥന കേട്ടു—ടിയാരുടെമേൽ,
ദയ ചെയ്യണമേ.

രോഗിയിൻ പക്കൽ നീ—വരുവാനപ്രാർത്ഥിക്കുന്നു—
നിൻ സേവയിലവൻ ദിനവും നില്പാൻ,
ഇശിക്കണമേ.

ശൈശവാനന്ദമായമ്മയിൻ രോഗം,
സുഖമായപ്പോൾ—
തവ സേവയ്ക്കായ്—എഴുന്നേറ്റങ്ങവൾ,
ശുശ്രൂഷിച്ചു.

രോഗം നീങ്ങാ—നവളുടെ കൈമേൽ,
നീ പിടിച്ചുടനെ

വേദന രോഗം—മാറിപ്പോയി,
സുഖം പ്രാപിച്ചാൾ.

ഈ രോഗിക്കും—നിൻ സ്നേഹത്താൽ,
സുഖം നൽകണമേ.
നിൻ വചനത്തിൻ—ശുശ്രൂഷയ്ക്കായ്
എഴുന്നേറ്റിടാൻ.
നിന്നുടെ കയ്യാൽ—സുഖപ്പെട്ടവളാം,
ആ സ്ത്രീയെ നീ
ദർശിച്ചതുപോ—ലീ രോഗിയെയും,
ദർശിക്കണമേ.

രോഗിയെ രോഗം—വലയ്ക്കുംപോൽ പാപം,
വലയ്ക്കുന്നി[വനെ]
നല്ലൊരു വൈദ്യാ! നിൻ തൈലത്താൽ
സുഖമാക്കണമേ
പാപിയാം ആ സ്ത്രീ—പോലി[വനും]
വേദനപ്പെടുന്നു.
സ്വസ്ഥതയ്ക്കായ്—തൈലം [ഇവന്മേൽ]
പൂശണമേ നീ.

സ്വസ്ഥത ലഭിക്കയും—വേദന മറക്കയും
ചെയ്യാത്മാവു—
ശക്തി പ്രാപി—ച്ചതിനാലതു നിന്നെ
സ്തുതിച്ചിടുന്നു.

കരുണാകരനാം—നല്ലൊരു വൈദ്യാ!
സ്തോത്രം നിനക്കും
നിൻ താതനും—വിശുദ്ധാത്മനും,
സ്തുതിയുണ്ടാകട്ടെ.

ഉത്തരമരുൾക—അരുൾക ദേവാ.
അനുഗ്രഹിക്ക.
മർത്യർ ചിത്തം—അനുതാപേ നീ
വരുത്തിടേണമേ.

¶ പട്ടക്കാരൻ രോഗിയുടെ തലയിൽ വലങ്കൈ വച്ചുകൊണ്ടുള്ള പ്രാർത്ഥന.

* ٱبۡرَٰهِيمَ وَإِسۡحَٰقَ وَيَعۡقُوبَ *

പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവമേ, നിന്റെ തിരുനാമത്തിൽ ഈ നിന്റെ ദാസന്റെമേൽ എന്റെ ബലഹീനമായ കൈ ഞാൻ വെക്കുന്നു. നിന്റെ സ്നേഹത്താൽ ബലമുള്ളതും സഹായങ്ങൾ നിറഞ്ഞിരിക്കുന്നതുമായ നിന്റെ വലങ്കൈ ഇവന്റെ മേൽ ആവസിപ്പിക്കേണമേ. നിന്റെ കരുണയുടെയും മനുഷ്യസ്നേഹത്തിന്റെയും ബഹുതപംപോലെ, ഇവനെ നീ ദർശിക്കേണമേ. നിന്റെ കരുണ ഇവന്റെ മേൽ ചിന്തേണമേ. നിന്റെ കൃപ ഇവന്റെ ബലഹീനതമേൽ തളിക്കേണമേ. നിന്നിൽനിന്നുള്ള സഹായം ഇവനു സൌജന്യമായി നല്കേണമേ. നിന്നിലുള്ള പ്രത്യാശയും മടുത്തുപോകാത്ത വിശ്വാസവും കൊണ്ടു, ഇവന്റെ അരെക്കു കെട്ടേണമേ. സകല വേദനകളും രോഗങ്ങളും, കഠിനതരമായ ശിക്ഷകളും, ശക്തിക്കപ്പുറമായ പരീക്ഷകളും ഇവനിൽ നിന്നു മായിച്ചുകളയേണമേ. നിന്നിൽനിന്നുള്ള സ്ഥിരമായ ശക്തി ഇവനു നല്കേണമേ, നിന്റെ രക്ഷകൊണ്ടു ഇവന്റെ ദുഃഖം മാററി, ഇവനെ സന്തോഷിപ്പിക്കേണമേ, ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ സന്നിധിയിൽ ഇവൻ യോഗ്യമാംവണ്ണം നിന്നു, ഇഹപരങ്ങളാകെ നിന്റെ കൃപയ്ക്കു സ്തോത്രം ചെയ്തു, നിന്റെ ദൈവ

തപ്പത്തെ എന്നേക്കും വന്ദിച്ചു സ്തുതിക്കുമാറാകേണമേ. ഹാശാ.

¶ രോഗിയും ജനവും ആമ്മീൻ.

പ്രാർത്ഥന

ܡܪܝܐ ܒܪ ܝܘܚܢܢ . ܒܟ ܐܫܬܘܡ ܟܠ ܚܕ ܘܚܕ ✠

പട്ടക്കാരൻ. രഹസ്യവും പരസ്യവുമായ സകല വേദനകളും എടുപ്പുത്തിൽ ശമിപ്പിക്കാവുന്നവനായി, ഉത്തമനും സത്യവാനുമായിരിക്കുന്ന വൈദ്യനായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, രോഗത്തിൽ കിടക്കയും, നിന്റെ കരുണകളിൽ സങ്കേതം പ്രാപിക്കയും, വേദനകൾക്കു ശമനവും, അവയവങ്ങൾക്കു സൌഖ്യവും പ്രാപിപ്പാൻ നിന്റെ കരുണയോടു യാചിക്കയും ചെയ്യുന്ന ഈ നിന്റെ ദാസനുവേണ്ടി നിന്റെ കൃപയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവമായ കർത്താവേ, ഇവന്റെ വേദനകളെ ശമിപ്പിക്കേണമേ. ഇവന്റെ രോഗങ്ങളെ ഇല്ലാതാക്കേണമേ. ഇവന്റെ ഉപദ്രവങ്ങളെ നീക്കേണമേ. സകല ബാധകളും കോപത്തിന്റെ വടികളും ഇവനിൽ നിന്നു അകറ്റിക്കളയേണമേ. ഇവനോടുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി, ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ മൂഹായ്ക്കും സ്തോത്രം ചെയ്യുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ രോഗിയെ തൈലം പൂശികൊണ്ടു ചൊല്ലുന്നതു.

✠ ദൈവത്തിന്റെ സ്നേഹം ✠

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ നീ സ്വസ്ഥത പ്രാപിക്കയും, വെടിപ്പും വിശുദ്ധിയുമുള്ളവനായി തിരുകയും, മനസ്സോടും മനസ്സു കൂടാതെയും, അറിഞ്ഞും അറിയാതെയും, നീ ചെയ്തിട്ടുള്ള പാപങ്ങളും കുറവുകളും നിന്നോട് ക്ഷമിക്കപ്പെടുകയും, ദോഷകരമായ സകല വിചാരങ്ങളും, പൈശാചികമായ എല്ലാ വ്യാപാരങ്ങളും നിന്നിൽനിന്നു മാഞ്ഞുപോകയും ചെയ്യുമാറാകട്ടെ.

രോഗിയും ജനവും. ആമ്മീൻ.

✠ ദൈവത്തിന്റെ സ്നേഹം ✠

ഇതു ദൈവത്തിന്റെ സ്നേഹം. ഇതു ഏറ്റവും വലിയ സ്നേഹം. ഇതു ഏറ്റവും ഉന്നതമായ സ്നേഹം. ഇതു ഏറ്റവും ശുദ്ധമായ സ്നേഹം. ഇതു ഏറ്റവും ഉത്തമമായ സ്നേഹം. ഇതു ഏറ്റവും ഉറപ്പുള്ള സ്നേഹം. ഇതു ഏറ്റവും നിത്യമായ സ്നേഹം. ഇതു ഏറ്റവും ഉന്നതമായ സ്നേഹം. ഇതു ഏറ്റവും ഉത്തമമായ സ്നേഹം. ഇതു ഏറ്റവും ഉറപ്പുള്ള സ്നേഹം. ഇതു ഏറ്റവും നിത്യമായ സ്നേഹം.

തർജ്ജമ.

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ.

ആദാമിൻ വഴിത്തെ സന്ദർശിച്ച സ്വർഗ്ഗീയ വൈദ്യനും സൂതി. ന്യായപ്രമാണ സംബന്ധമായ കല്പനയാൽ, തന്റെ പരിചയക്കാരിൽനിന്നും അകന്നും, സ്വജനത്തിൽനിന്നും തള്ളപ്പെട്ടുമിരുന്ന കുഷ്ഠരോഗിയെ അവൻ തന്റെ വചനത്താൽ വെടിപ്പാക്കി. അവൻ തന്റെ സ്പർശനത്താൽ അവനെ ശുദ്ധീകരിച്ചു, ഇസ്രായേല്യരുടെ ഇടയിൽ അവനെ ചേർത്തു.

കർത്താവേ, നിന്റെ രക്ഷയിൽ ആശ്രയിക്കുന്ന ഈ രോഗിയെ നീ കടാക്ഷിക്കേണമേ. നിന്റെ തിരുരക്തത്തിൽ ഇവനെ കഴുകി, ഇവന്റെ പിഴകളെല്ലാം ഇവനോട് ക്ഷമിക്കേണമേ.

കരുണയുള്ള പിതാവിനും സൂതിയും, രക്ഷിതാവായ പുത്രനും വന്ദനവും, വിശുദ്ധ റൂഹായ്ക്കും പുകഴ്ചയും

ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെമേൽ, അനുഗ്രഹങ്ങളും കരുണയും ഉണ്ടായിരിക്കേണമേ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

അല്ലെങ്കിൽ ഗീതം

(മാർ അപ്രേമിന്റെ രാഗരീതി)

കർത്താവേ, അനുഗ്രഹിക്ക—
ശുശ്രൂഷ—കൈക്കൊള്ളുണമേ.

ആദാമ്മി—നുടെ വഴ്ചയെ
സന്ദർശിച്ച—വനായോരു,
സ്വർഗ്ഗീയ—നാം വൈദ്യനു—
സ്തുതിയുണ്ടാ—കട്ടെ എന്നും.

കല്പനയാൽ—തള്ളപ്പെട്ട—
കുഷ്ഠരോ—ഗിയെ യേശു,
തനുടെ—കരുണയേകും—
തിരുമൊഴിയാൽ—ശുദ്ധമാക്കി
സ്പർശിച്ചു—ശുദ്ധനാക്കി—
അവനെ തൻ—വഴ്ചേ ചേർത്താൻ.

കർത്താവേ, നിൻ രക്ഷയിൽ—
ആശ്രയിക്കും—ഈ രോഗിയെ,
നീ കടാ—ക്ഷിക്കേണമേ
നിൻ തിരു—രക്തത്താലെ,
നീയി [വനെ] —മുറും കഴുകി
പിഴകളും ക്ഷമി—ക്കേണമേ.

താതനും—പ്രിയ പുത്രനും—
പരിശുദ്ധ—നാം റൂഹായും

സ്തുതിയും പു—കഴ്ചയും നൽ—
തേജസ്സും—ഉണ്ടാകട്ടെ.
അനുഗ്രഹം—കൃപകളും
തങ്ങടംമേൽ—ഉണ്ടാകട്ടെ.

പ്രാർത്ഥനകൾ—കേൾക്കുന്നോനേ—
യാചനകൾ—നല്കുന്നോനേ,
തങ്ങളിൻ പ്രാ—ർത്ഥനകൾ കേട്ടു
യാചനകൾ—നല്കിടെണമേ.

ܡܪܝ ܝܘܚܢܢ .

ܡܫܝܚܐ ܒܪ ܐܠܗܐ ܚܝܐ ܕܐܬܝ ܒܥܠܡܐ ܕܢܚܛܝܐ ܐܢܐ ܒܗ ܡܫܝܚܐ ܕܐܬܝ ܒܥܠܡܐ ܕܢܚܛܝܐ ܐܢܐ ܒܗ

രണ്ടാം ശുശ്രൂഷക്രമം

പട്ടക്കാരൻ

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി

ജനം

ബലഹീനരും പാപികളുമായ. . . .

പ്രാരംഭ പ്രാർത്ഥന

ܡܪܝ ܝܫܘܥ ܡܫܝܚܐ ܐܠܗܐ ܕܐܒܗ ܘܕܝܠܢ ܐܢܬ ܗܘ ܕܬܫܒܘܩ ܠܟ ܫܒܚܐ ܘܬܘܕܝܬܐ ܠܫܡܟ ܩܕܝܫܐ ܗܫܐ ܘܒܟܠ ܥܕܢ ܘܠܥܠܡܝ ܥܠܡܝܢ ܐܡܝܢ

പട്ടക്കാരൻ. തന്നെ അന്വേഷിക്കുന്ന എല്ലാവർക്കും സമീപസ്ഥനും, തന്നെ നോക്കി വിളിക്കുന്ന എല്ലാവരുടെയും സഹായകനും, തന്റെ അടുക്കൽ വരുന്ന എല്ലാവനോടും കരുണചെയ്യുന്നവനും, തന്റെ വാതിൽക്കൽ മുട്ടുന്ന എല്ലാവരുടെയും ശബ്ദം കേൾക്കുന്നവനുമായ ഞങ്ങളുടെ ദൈവമായ കർത്താവേ, ഏറിയ നിന്റെ അനുഗ്രഹങ്ങളാൽ ബലഹീനരായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കയും, എളിയവരായ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളുകയും ചെയ്യേണമേ. അനുഗ്രഹങ്ങളും സർവ്വസഹാ

യങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ രോഗിയായിരിക്കുന്ന ഈ ദാസന്റെമേൽ ആവസിപ്പിക്കേണമേ. നിന്റെ സകലവിധ അനുഗ്രഹങ്ങൾകൊണ്ടും ഇവനെ അനുഗ്രഹിക്കേണമേ. നിന്റെ സോപ്പുകൊണ്ട് ഇവന്റെമേൽ തളിച്ച്, പാപത്തിന്റെ സകല മലിനതയിൽനിന്നും ഇവനെ വെടിപ്പാക്കേണമേ. ഇവന്റെ കടങ്ങളെ പരിഹരിച്ച്, ഇവന്റെ പിഴകളെ ക്ഷമിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ കുറവറ്റ നിലയ്ക്കു ഇവനെ എന്നേക്കും യോഗ്യതയുള്ളവനാക്കുകയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

. ⵏⵏⴰⵎⵉⵏ ⵜⵜⵓⵎⵎⵓⵔⵜ

ⵜⵜⵓⵎⵎⵓⵔⵜ ⵜⵜ ⵜⵜⵓⵜⵜⴰⵏⵉ? ⵜⵜⵓⵎⵎⵓⵔⵜ ⵜⵜⵓⵎⵎⵓⵔⵜ ⵜ ⵏⵏⵓⵎⵓⵔⵜ ⵜⵜ ⵜⵜⵓⵜⵜⴰⵏⵉ ⵜ ⵜⵜⵓⵎⵎⵓⵔⵜ ⵜⵜⵓⵎ

ﻣﻠﻜﻮ ﺳﻠﻴﻤﻮ ﻣﻠﻜﻮ .

ﺳﻠﻴﻤﻮ ﻣﻠﻜﻮ ﻣﻠﻜﻮ ﺳﻠﻴﻤ

കർത്താവേ, ആഴത്തിൽനിന്നു നിന്നെ ഞാൻ വിളിച്ചു. നീ എന്റെ ശബ്ദം കേട്ടു.

കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ. നിന്റെ വചനപ്രകാരം എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ— ബാറെക്മാർ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

രോഗിയുടെ പ്രാർത്ഥന

ഡീക്കൻ ബാ. അന്യായവും ദുഷ്ടതയും വിട്ടകലുന്ന പാപികളിൽ ഇഷ്ടം തോന്നുന്ന കർത്താവേ, സങ്കടങ്ങളുടെ ഈ നേരത്തു്, വ്യസനകരമായ എന്റെ അപേക്ഷയുടെ ശബ്ദം നീ കേൾക്കേണമേ. സംഖ്യയില്ലാത്ത എന്റെ പാപങ്ങളെ നീ മായിച്ചുകളയേണമേ. എന്റെ സകല കറകളെയും നീ കഴുകിക്കളയേണമേ. നിന്റെ തിരുസന്നിധിയിൽ ഇഷ്ടന്മാരായിത്തീർന്നിട്ടുള്ള നീതിമാന്മാരോടുകൂടെ രാജ്യം അവകാശമാക്കുവാൻ എന്നെയും യോഗ്യതയുള്ളവനാക്കേണമേ.

ശുശ്രൂഷകൻ. സ്തോമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

ܟܘܪܝܠܐ ܐܝܣܘܢ ܀ ܟܪܝܣܛܐ ܐܝܣܘܢ ܀ ܟܘܪܝܠܐ ܐܝܣܘܢ ܀

പ്രോമ്യോൻ.

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു...

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ,..

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും...

കാരുണ്യവാനും, മനുഷ്യരെ സ്നേഹിക്കുന്നവനും, പാപിയുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനും, കൊല്ലുകയും, ജീവിപ്പിക്കയും, പാതാളത്തിലേക്കു ഇറക്കുകയും, അതിൽ നിന്നു കരേറുകയും ചെയ്യുന്നവനും ആയ ഉടയവനേ, ഈ രോഗിക്കുവേണ്ടിയുള്ള ദൈവീയമായ ഈ യാചനകൾ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ.

ദൈവമായ കർത്താവേ, എന്റെ ആയുസ്സിന്റെ നാളുകൾ അവസാനത്തോടു സമീപിക്കയും, ശരീരത്തിൽ നിന്നു ആത്മാവു വേർപിരിയുന്ന ഭയങ്കര വിധി അടുക്കയും ചെയ്തിരിക്കുന്ന ഈ സമയത്തു, എന്റെ ബാല്യം മുതൽ ഇതുവരെയും ഞാൻ ചെയ്തിട്ടുള്ള കുറ്റങ്ങളെയും പാപങ്ങളെയും ഓർത്തു എനിക്കു വേദന പിടിച്ചിരിക്കുന്നു. നിന്റെ നീതിക്കു ഞാൻ അധികമായി കടപ്പെട്ടിരിക്കുന്നു എന്നു അറിഞ്ഞതുകൊണ്ടു, ഞാൻ ഭ്രമിച്ചു നെടുവീർപ്പിടുന്നു. എല്ലാഭാഗത്തുനിന്നും ഭയവും ഭീതിയും എന്നെ ചുറ്റിയിരിക്കുന്നു. ഞാൻ വലത്തോട്ടും ഇടത്തോട്ടും നോക്കി, ദുഷ്ട പിശാചുക്കളുടെ കൂട്ടം എന്നെ വളഞ്ഞിരിക്കുന്നു എന്നു ഞാൻ അറിഞ്ഞതിനാൽ, വിറയലും പരിഭ്രമവും പെട്ടെന്നു എന്നെ പിടിച്ചിരിക്കുന്നു. എന്റെ പാപങ്ങൾ നിന്റെ സഹായങ്ങളിൽനിന്നു എന്നെ

വിലക്കി, അകറിയെന്നു എന്റെ ശത്രുക്കൾ കണ്ടതി നാൽ, അവർ കള്ളന്മാരെപ്പോലെ എന്റെമേൽ വീണു. എന്റെ സഹായത്തിന്നു എന്റെ സ്നേഹിതന്മാരെ വിളിപ്പാൻ എനിക്കു കഴിവില്ല. എനിക്കു പ്രിയമുള്ള വരും അടുപ്പമുള്ളവരും എന്നെ വിട്ടുവിക്കുന്നുമില്ല. അ തുകൊണ്ടു് എല്ലാഭാഗങ്ങളിൽനിന്നും ഞാൻ തനിയേ ശേഷിച്ചു വിടപ്പെട്ടിരിക്കുന്നു. കർത്താവേ, നിന്റെ കരു ണയിലല്ലാതെ എനിക്കു് പ്രത്യാശയും ശരണവും ശേ ഷിച്ചിട്ടില്ല. മനുഷ്യരെ സ്നേഹിക്കുന്നവനേ, നീ സത്യ മുള്ള ശരണവും, ലജ്ജിപ്പിക്കാത്ത പ്രത്യാശയുമാകയാൽ, എന്നോടു കരുണചെയ്യേണമേ. ഇപ്പോഴും കർത്താവേ, എന്റെ സങ്കടങ്ങളിലും ഞെരുക്കസമയത്തും നിന്നെ ഞാൻ നോക്കിവിളിക്കുന്നു. കർത്താവേ, എന്റെ ദുഷ്ടത യുടെയും അഹങ്കാരത്തിന്റെയും ആധിക്യം നിമിത്തം നിന്റെ തിരുമുഖം എന്നിൽനിന്നു തിരിക്കരുതേ. എന്റെ ഈ ആവശ്യ സമയത്തു് തിരുച്ചെവി എങ്കലേക്കു ചാ യിച്ചു് എന്നെ രക്ഷിക്കേണമേ. ദൈവമേ, നിന്റെ ക രുണകൾ വേഗം എനിക്കു മുൻപിടേണമേ. കർത്താവേ, എന്റെ ശത്രുക്കളുടെ കയ്യിൽ എന്നെ ഏൽപ്പിക്കരുതേ. എ ല്ലാമനുഷ്യരെയും വ്യർത്ഥമായിട്ടല്ലല്ലോ നീ സൃഷ്ടിച്ചിരിക്കു ന്നതു. കർത്താവേ, നീ മാത്രം സത്യവാനും, എല്ലാമനുഷ്യ രും അസത്യവാദികളുമാകുന്നു. കർത്താവേ, നിന്റെ വ ചനത്തിൽ നീ നീതീകരിക്കപ്പെട്ടു്, നിന്റെ ന്യായവിധി കളിൽ നീ ജയിക്കും. സർവ്വസൃഷ്ടികളും നിന്റെ നീതി ക്കു കടപ്പെട്ടിരിക്കുന്നു. എന്നാണ്ടു്, പാപി അനുതപി ച്ചു ജീവിക്കണമെന്നല്ലാതെ, അവന്റെ മരണത്തിൽ എനിക്കിഷ്ടമില്ലെന്നു അരുളിച്ചെയ്യിരിക്കുന്ന സർവ്വശ ക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ വചനങ്ങളി ലുള്ള ഉറപ്പായ പ്രത്യാശയോടെ ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവേ, വർദ്ധിച്ചു എന്റെ തലയ്ക്കുമീതെ കവിഞ്ഞിരി

ക്കുന്ന എന്റെ പാപങ്ങളെ നോക്കേണമേ. എത്രയും വളരെയുള്ളവയും, മനുഷ്യരുടെ സകല ദുഷ്ടതയെയും പരിഹരിക്കുന്നവയുമായ നിന്റെ കാരുണ്യങ്ങളിൻപ്രകാരം എന്നെ കടാക്ഷിക്കേണമേ. എന്റെ നേരേ ഗർജ്ജിച്ചു വരികയും, ഭയങ്കരമായ കണികകളാൽ എന്നെ പിടിപ്പാൻ എനിക്കായി പതിയിരിക്കയും ചെയ്യുന്ന ദുഷ്ടതയുള്ളവയും മൂർഖിയവുമായ പിശാചുക്കളെ നോക്കേണമേ. അവരുടെ, ഉപായമുള്ള വഞ്ചനകൾക്കു ഞാൻ അനുസരിച്ചതുകൊണ്ട്, എന്റെ ദുഷ്ക്രിയകളാൽ എന്നെ കുറേ ചുമത്തി ബന്ധിച്ച്, നിങ്കൽനിന്നു എന്നെ അടിമയാക്കിക്കൊണ്ടുപോകുവാൻ അവ എന്റെ നേരേ പാഞ്ഞുവരുന്നു. എന്റെ പാപങ്ങൾക്കുവേണ്ടി അപേക്ഷിപ്പാൻ എനിക്കു സമയം പോരാതെയുമിരിക്കുന്നു. എന്തെന്നാൽ നിന്റെ കല്പനയാൽ ഇതാ അവസാനം ദ്രുതഗതിയിൽ അടുത്തിരിക്കുന്നു. കർത്താവേ, എന്റെ ജീവാവസാനമാകുന്ന ഈ നാഴികയിലുള്ള ബലഹീനമായ കണ്ണുനീരുകളിൽ ഒരു തുള്ളിയെ എന്നിൽനിന്നു കൈക്കൊള്ളേണമേ. നിന്റെ വലത്തുഭാഗത്തെ കള്ളന്റെ ഏറുപറച്ചിൽ കൈക്കൊണ്ടതുപോലെ, എന്റെ ഏറുപറച്ചിൽ കൈക്കൊള്ളേണമേ. കർത്താവേ, അവനെപ്പോലെ ഞാൻ ഏറുപറയുന്നു. നിന്റെ മുൻപാകെ ഞാൻ പാപവും അനീതിയും ചെയ്തു. മനസ്സോടും മനസ്സുകൂടാതെയും, അറിഞ്ഞും അറിയാതെയും, വാക്കിനാലും പ്രവൃത്തിയാലും, വിചാരത്താലും അന്തരിന്ദ്രിയങ്ങളാലും ബാഹ്യേന്ദ്രിയങ്ങളാലും, അനേകങ്ങളാലും, ശാപങ്ങളാലും, വ്യാജത്താലും, മദ്യപാനത്താലും, അശുദ്ധ ഭക്ഷണത്താലും, കണ്ണുകളുടെ നോട്ടത്താലും, ക്ഷുദ്രക്കാരോടുള്ള സംസർഗ്ഗത്താലും, സ്വാതന്ത്ര്യം മനുഷ്യരെക്കൊണ്ടു ചെയ്യിപ്പാൻ കഴിയുന്ന സകലവിധ പിഴകളാലും, പാപങ്ങളാലും ഞാൻ കുറക്കാര

നായിരിക്കുന്നു. കർത്താവേ, നിന്റെ അനുഗ്രഹവും കൃപയുംപോലെ എന്നോട് ചെയ്യേണമേ. നിന്റെ നീതിപോലെ ചെയ്യരുതേ. എന്തുകൊണ്ടെന്നാൽ കുറ്റമില്ലാത്തവൻ നീ മാത്രമേയുള്ളൂ. നിന്റെ മനുഷ്യസ്നേഹത്തിന്റെ ഐശ്വര്യവും എന്റെ അടുക്കൽ പ്രദർശിപ്പിക്കേണമേ. ഭയത്തിന്റെ ഈ നാഴികയിൽ എന്നോട് ഉത്തരമരുളേണമേ. എന്റെ ബാല്യം മുതൽ ഇതുവരെയുള്ള എന്റെ സകല പാപങ്ങളും കുറ്റങ്ങളും മായിച്ചുകളയേണമേ. എന്റെ ശത്രുക്കൾ എന്നെ കുറിച്ചു സന്തോഷിപ്പാനിടവരരുതേ. എന്തുകൊണ്ടെന്നാൽ നിന്റെ തിരുരക്തത്താൽ നീ എന്നെ വീണ്ടെടുത്തു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. ദുഷ്ടപിശാചുക്കളെ എന്റെ അടുക്കൽനിന്നു ദൂരത്താക്കേണമേ. നിന്റെ ശാസനയാൽ എന്റെ ശത്രുക്കളുടെ വായ് കെട്ടേണമേ. എന്നെ കുറ്റം ചുമത്തുവാൻ അവരെ സമ്മതിക്കരുതേ. നിന്റെ കരുണാകടാക്ഷത്തിനായി നോക്കിപ്പാർക്കുന്നതല്ലാതെ, എനിക്കു സഹായത്തിനും രക്ഷയ്ക്കും വേറെ ഒരു മാർഗ്ഗവുമില്ല. നിന്റെ അസ്ത്രങ്ങളെ അയച്ചു്, എന്റെ ശത്രുക്കളെ ചിതറിച്ചുകളയേണമേ. നിന്റെ മിന്നലുകളെ അയച്ചു് അവരെ ഭ്രമിപ്പിക്കേണമേ. ഉന്നതത്തിൽനിന്നു നിന്റെ തൃക്കൈ നീട്ടി, പെരുവെള്ളങ്ങളിൽനിന്നു എന്നെ കോരിയെടുക്കേണമേ. കർത്താവേ, പരിനൊന്നാം മണിനേരത്തെ വേലക്കാരോടുകൂടെ, നിന്റെ കൃപയാൽ എന്നെ എണ്ണേണമേ. എന്റെ സഹായത്തിനു വരുവാൻ നിരൂപിന്റെയും സമാധാനത്തിന്റെയും മാലാകായെ നിന്റെ കരുണയാൽ അനുവദിക്കേണമേ. പാപികളെ അനുതാപത്തിനു വിളിപ്പാൻ വന്ന ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുമശിഹായേ, നാശത്തിലേക്കു ഞാൻ ഇറങ്ങുന്നതായാൽ എന്റെ രക്തംകൊണ്ടു

എന്തു ലാഭമുള്ളൂ? മണ്ണു നിനക്കു സ്തോത്രം ചെയ്യുന്നില്ല. അതു നിന്റെ വിശ്വസ്തതയെ കാണിക്കുന്നതുമില്ല. കർത്താവേ, അനുതപിക്കയും നി കൈക്കൊള്ളുകയും ചെയ്തിട്ടുള്ള പാപികളോടു കൂടെ, നിന്നെ സ്തുതിപ്പാൻ നിന്റെ കരുണാനിധികളാൽ എന്നെ രക്ഷിക്കേണമേ. നിനക്കും, ഞങ്ങളുടെ വീണ്ടെടുപ്പിന്നായി നിന്നെ അയച്ച നിന്റെ പിതാവിന്നും, ഞങ്ങളെ ജീവിപ്പിക്കുന്നവനും, ഞങ്ങളുടെ കടങ്ങളെ മോചിക്കുന്നവനുമായ നിന്റെ പരിശുദ്ധാത്മാവിന്നും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറുമാറാകട്ടെ. ആമേൻ.

ആമേൻ. അങ്ങനെ ആകട്ടെ.

തർജ്ജമ

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നായി നീ വരേണമേ, ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

കർത്താവേ, എന്നോടു കൃപ തോന്നേണമേ. നിന്റെ വലത്തുഭാഗത്തുള്ള അനുഗ്രഹങ്ങളാൽ ഞാൻ ജീവിക്കുമാറാകേണമേ. ധനവാനെപ്പോലെ നരകത്തിൽ ഞാൻ അതിവേദനപ്പെടരുതേ. വെള്ളമെന്ന കപ്പലിൽക്കൂടി അഗ്നിയാകുന്ന കടലിനെ കടപ്പാനും തീജ്വാലയുടെ വി

ക്ഷമമുള്ള സ്ഥലം എന്നെ അധീനമാക്കാതിരിപ്പാനും എ
നിക്കു കൃപ നല്കേണമേ.

കർത്താവേ, നിന്റെ കൃപ എനിക്കു തുണയായിരിക്കു
കയും, ആശ്വാസവും പരിപൂർണ്ണ സമാധാനവും നിറ
ഞ്ഞിരിക്കുന്ന ജീവന്റെ തുറമുഖത്തു് എന്നെ അടുപ്പിക്ക
യും ചെയ്യുമാറാകേണമേ. കർത്താവേ, തീജ്വാലയുടെ
ഓളങ്ങളുടെ ഇടയിൽ ഞാൻ മുങ്ങിപ്പോകരുതേ. വെള്ള
മില്ലാത്ത സ്ഥലത്തു് ഞാൻ വെള്ളം വേണ്ടുന്നവനായി
തീരുകയും അരുതേ.

കർത്താവേ, ചോദിക്കുന്നവനു വെള്ളം കിട്ടാത്തിടമാ
യ ആ സ്ഥലത്തു പരീക്ഷിക്കപ്പെടുവാൻ അബ്രാഹാമി
നോടു വെള്ളം ചോദിപ്പാൻ എനിക്കു സംഗതി വരരുതേ.
എന്റെ കൈകളുടെ അന്യായത്താൽ അഗ്നിയുടെ വഴി
യെ ഞാൻ കടക്കേണ്ടിവരുന്നെങ്കിൽ, ഹനനിയായെ
പ്പോലെ നാലാമത്തവനായി നിന്നെ ഞാൻ അവിടെ
കാണുമാറാകേണമേ.

കർത്താവേ, ഹനനിയാ മുതലായ പൈതങ്ങളോടു കൂ
ടെ എന്റെ നാവു നിന്നെ സ്തുതിക്കയും, സിംഹങ്ങളുടെ
കുഴിയിൽവെച്ചു നിനക്കു സ്തോത്രം ചെയ്ത ദാനിയേലി
നോടുകൂടെ എന്റെ വായ് നിനക്കു സ്തോത്രം ചെയ്യു
യും ചെയ്യുമാറാകേണമേ. ആ ദരിദ്രനായ ലാസറി
നോടു കൂടെ നിനക്കു സ്തുതിപാടുവാൻ, ആ ധനവാന്റെ
അതിവേദനയിൽ നിന്നു നീ എന്നെ രക്ഷിക്കയും ചെ
യ്യേണമേ.

ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ.
ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്തു, ഞങ്ങളുടെമേ
ൽ അനുഗ്രഹം ചെയ്യേണമേ. മനുഷ്യരുടെ ഹൃദയങ്ങ
ളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ

(മാർ യൂക്കോബിന്റെ രാഗരീതി)

കർത്താ! കർത്താ! —വിളിക്കുന്നെങ്ങളും
തുണയ്ക്കായ് വരിക.
പ്രാർത്ഥന കേട്ടിടിയാരുടെ മേൽ
ദയചെയ്യണമേ.

കർത്താ! കൃപയായ് —നിന്നനുഗ്രഹത്താൽ
ജീവിക്കുന്നേ ഞാൻ.
ധനവാനെപ്പോൽ —ഞാൻ നരകത്തിൽ
ദുഃഖിക്കരുതേ.

വെള്ളമാം കപ്പലിൽ —തിക്കടൽ കടപ്പാൻ
കൃപനൽകണമേ.
അഗ്നിജ്വാലകളിൻ —വിഷമസ്ഥലം
തട്ടിക്കരുതെന്നെ.

നിൻ കൃപയാലാശ്വാസ —തുമുഖ-
ത്തടുപ്പിക്കണമേ.
തീജ്വാലയിൻ ഓ— ഉള്ളുകളിൽ ഞാൻ
മുങ്ങിടരുതേ.

വെള്ളമില്ലാത്തി —ടത്തിൽ ഞാൻ
ദാഹിക്കരുതേ.
വെള്ളം കിട്ടാ —ത്തിടത്തുള്ളോരോട്ടു
യാചിച്ചിട്ട്,
പരീക്ഷിതനാവാൻ —എനിക്കിടം
ഇടയാകരുതേ.

എൻ കൈകളിൻ— അന്യായത്താൽ
അഗ്നിയിൻ വഴിയെ
ഞാൻ കടന്നാകിൽ —ഹനനിയായെപ്പോൽ
നാലാമനായ്
നിന്നെ ഞാൻ അവിടെ —കണ്ടിടുവാൻ
കൃപ ചെയ്യണമേ.

ചൂളയിൽ, സിംഹക്കുഴിയിലും
ഹനന്യായും
ദാനിയേലും—സൂക്ഷിച്ചതുപോൽ അവൻ
സൂക്ഷിച്ചെയ്യണമേ.

അഗതിയാം ലാ—സറിനോടുകൂടെ
സൂക്ഷിപ്പാടുവാൻ,
ആ ധനവാനുടെ—വ്യഥയിൽനിന്നു
രക്ഷിക്കണമേ.

ഉത്തമമരുളുക—അരുൾക ദേവാ
അനുഗ്രഹിക്ക.
മർത്യർ ചിത്തം—അനുതാപേ നീ
വരുത്തിടണമേ.

¶ പട്ടക്കാരൻ രോഗിയുടെ തലയിൽ കൈവെച്ചു് നെറ്റിയിൽ കുരിശു വരച്ചു ചൊല്ലേണ്ടതു.

പട്ടക്കാരൻ. സർവ്വശക്തിയുള്ള ദൈവം നിന്റെമേൽ മനസ്സലിഞ്ഞു്, നിന്റെ സകല പാപങ്ങളും നിന്നോടു ക്ഷമിച്ചു്, നിത്യജീവങ്കലേക്കു നിന്നെ നടത്തുമാറാകട്ടെ. ✠

രോഗിയും ജനവും. ആമ്മീൻ.

പട്ടക്കാരൻ. സർവ്വശക്തനും കാരുണ്യവാനുമായ കർത്താവു, നിന്റെ സകല പാപങ്ങൾക്കും മോചനവും വിടുതലും പരിഹാരവും നിനക്കു നല്കുട്ടെ. ✠

രോഗിയും ജനവും. ആമ്മീൻ.

പട്ടക്കാരൻ. എന്റെകൈവെപ്പാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും തിരുനാമത്തിൽ സാത്താന്റെ സകല ശക്തിയും നിന്നിൽനിന്നു മാഞ്ഞുപോകയും ചെയ്യുമാറാകട്ടെ. ✠

രോഗിയും ജനവും. ആമ്മീൻ.

✠ ചൊൽ നിൻ തിരുമുമ്പിൽ ഞാൻ ✠

പ്രാർത്ഥന.

പട്ടക്കാരൻ. കാരുണ്യവാനും, ദിഷ്ടക്ഷമയുള്ളവനും, കൃപയും സത്യവും വളരെയുള്ളവനും, സർവ്വജഡത്തിൻ ജീവന്റെയും മരണത്തിന്റെയുംമേൽ അധികാരം ഉള്ളവനും, പാപിയുടെ മരണത്തിൽ ഇഷ്ടമില്ലെന്നു അരുളിച്ചെയ്തിരിക്കുന്നവനുമായ കർത്താവേ, എന്റെ യോഗ്യതയ്ക്കു തക്കവണ്ണമല്ല, നിന്റെ കരുണകളുടെ ആധിക്യപ്രകാരം ഈ സമയത്തു് എന്നോടരുതരുതേ. നീ അതിനെ വസിക്കുമാറാക്കിയ ഈ താല്ക്കാലിക വാസസ്ഥലത്തുനിന്നു നിന്റെ ആജ്ഞയാൽ വാങ്ങിപ്പോകുന്ന ഈ എളിയ ആത്മാവിനോടു കരുണ തോന്നേണമേ. കർത്താവേ, മനസ്സോടും മനസ്സുകൂടാതെയും, അറിഞ്ഞും അറിയാതെയും, രഹസ്യമായും പരസ്യമായും, വാക്കുകളാലും പ്രവൃത്തികളാലും വിചാരങ്ങളാലും, ശാപത്താലും ഉദാസീനതയാലും വഞ്ചനയാലും സാത്താൻ മനുഷ്യരെക്കൊണ്ടു പാപം ചെയ്യിക്കുന്ന സകല കാരണത്താലും, ഇവൻ ചെയ്തുപോയ സകല പാപങ്ങളും കുറവുകളും പരിഹരിച്ചു്, നീക്കിമായിച്ചുകളയേണമേ. ആത്മാവിന്റെയും ശരീരത്തിന്റെയും സകല മാലിന്യത്തിൽനിന്നും ഇവനെ മുറയും ശുദ്ധീകരിക്കേണമേ. കർത്താവേ, മനുഷ്യവർഗ്ഗത്തിന്റെ ബലഹീനതയും, ഭ്രമിയിലെ തന്റെ ആയുസ്സിൽ ഒരു നാഴിക എങ്കിലും പാപച്ചെളി പുരളാതെ തിരുസന്നിധിയിൽ വിശുദ്ധിയുള്ളവനായിട്ടു്, സ്ത്രീയിൽനിന്നു ജനിച്ചവൻ ആരും ഇല്ലെന്നും നീ അറിയുന്നു. കർത്താവേ, സകല വിധമായ ഭീതിയിൽനിന്നും ഭ്രമത്തിൽനിന്നും ഇവനെ സ്വാതന്ത്ര്യപ്പെടുത്തേണമേ. അന്ധകാര സേനകളുടെ എതി

പ്പിൽനിന്നു് ഇവനെ നീ രക്ഷിച്ചു്, അവയെ ഇവന്റെ അടുക്കൽനിന്നു് ഓടിച്ചുകളയേണമേ. ഇവന്റെ യോഗ്യതയ്ക്കു തക്കവണ്ണമല്ല, നിന്റെ കരുണാധിക്യപ്രകാരം ഇവനോടു പെരുമാറേണമേ. കർത്താവേ, നീ ഇവനെ സൃഷ്ടിച്ചതുപോലെയും ഇവൻ നിന്റെ സ്വരൂപവും സദൃശവും ആകുന്നതുപോലെയും, നിന്റെ അനുഗ്രഹങ്ങളുടെ സഹായത്തോടുകൂടെ നിന്നെ എതിരേല്പാൻ ഇവനു കൃപ നല്കുണമേ. സന്ധ്യാസമയത്തെ വേലക്കാരോടു നീ കാണിച്ച ദയ ഇവനോടു കാണിക്കേണമേ. പ്രസാദമുഖത്തോടുകൂടെ നിന്നെയും നിന്റെ ഏകപുത്രനെയും നിന്റെ പരിശുദ്ധരൂഹായെയും സ്തോത്രംചെയ്തു വന്ദിക്കുന്നതിനായി, നിന്റെ സന്നിധിയിൽ ഇവനെ അടുപ്പിക്കേണ്ടതിനു നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാകയെ ഇവനു നീ അയച്ചുകൊടുക്കയും ചെയ്യേണമേ. ഹാശാ

ജനം. ആമ്മീൻ.

മറെറാരു പ്രാർത്ഥന.

പട്ടക്കാരൻ. കരുണയുടെ സമൃദ്ധവും ജീവന്റെ ഉറവും സഹായങ്ങളുടെ നദിയുമായിരിക്കുന്ന നല്ലവനും കാരുണ്യവാനുമായ ദൈവമായ കർത്താവേ, മരണ സമീപം രോഗത്തിൽ കിടക്കുന്ന ഈ നിന്റെ ദാസൻ തന്റെ ജനനം മുതൽ ഇതുവരെയും മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും പ്രവൃത്തികളാലും വാക്കുകളാലും വിചാരങ്ങളാലും ചെയ്തുപോയിട്ടുള്ള സകല കുറ്റങ്ങളും പാപങ്ങളും അതിക്രമങ്ങളും കരുണയുള്ള പിതാവിനെപ്പോലെ നീ നിന്റെ കൃപയാൽ ക്ഷമിച്ചു

നീക്കിക്കളയേണമേ. തെങ്ങും മണ്ണും ചാരവുമാകുന്നു എന്നും, ഒരു ദിവസമെങ്കിലും ഭൂമിയിൽ ജീവിച്ചിരുന്നിട്ട്, നിനക്കു വിരോധമായി പാപംചെയ്യാത്ത മനുഷ്യൻ ഇല്ലെന്നും ഓർക്കേണമേ. ജീവിച്ചിരിക്കുന്ന യാതൊരുത്തനും നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ കുറ്റമറ്റവനല്ലാത്തതുകൊണ്ട്, നിന്റെ മാസനെ വിധിയുടെ ആ ഭയങ്കര ദിവസത്തിൽ ന്യായവിധിക്കു നീ പ്രവേശിപ്പിക്കരുതേ. ദൈവമേ, നിന്റെ സമാധാനത്തിന്റെ മാലാകായെ ഇവന്റെ സഹായത്തിന്നായി നിയമിക്കേണമേ. ദുഷ്ടപിശാചുക്കളുടെ നേരെ പ്രബലപ്പെടുവാൻ നിന്റെ ആജ്ഞയാൽ ഇവനെ പ്രാപ്തനാക്കേണമേ. അവസാനമില്ലാത്ത നരകത്തിൽനിന്നും, അതിവേദനകളിൽനിന്നും ഇവനെ നീ രക്ഷിച്ചുകൊള്ളേണമേ. നിന്റെ കരുണയാൽ ഇവന്റെ ആത്മാവിനെ കൈക്കൊള്ളേണമേ. നിന്റെ വിശുദ്ധ സൈന്യങ്ങളാൽ നിന്റെ മഹത്വത്തിന്റെ ശ്രേഷ്ഠസിംഹാസനത്തിങ്കലേക്ക് ഇവനെ അടുപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, മഹത്വത്തോടെ നിനക്കു പെരുനാൾ ആഘോഷിക്കുന്നവരുടെ ശബ്ദം ഉള്ളയിടവും, സകല ദുഃഖങ്ങളും നെടുവീർപ്പുകളും ഒഴിഞ്ഞിരിക്കുന്ന ജീവിതമുള്ളയിടവും അവർണ്ണനീയമായ വാഗ്ദത്തങ്ങളുടെ ആദ്യഫലമുള്ളയിടവും, നിന്റെ വിശുദ്ധന്മാർ ഇഹവുകൂടാതെ നിന്റെ ദൈവത്വത്തെ സൂക്ഷിച്ചു മഹത്വപ്പെടുത്തുന്നയിടവുമായ അബ്രാഹാം യിസ്സാക്ക് യാക്കോബ് എന്നവരുടെ മടിയിലും, സന്തോഷങ്ങളുടെ പറുദീസായിലും, ആശ്വാസത്തിന്റെ സ്ഥലങ്ങളിലും, പ്രകാശത്തിന്റെ പന്തലുകളിലും, വിശുദ്ധന്മാരുടെ കൂടാരത്തിലും, നീതിമാന്മാരുടെ വാസസ്ഥലങ്ങളിലും, ഇവനെ ആശ്വസിപ്പിക്കേണമേ. അവരോടുകൂടെയും അവരുടെ ഇടയിലും ഈ ന

ന്റെ മാസന്തം ഇതുപോലുള്ളതായ സ്തുതിയും സ്തോത്രവും നിനക്കു പാടുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ

ഓ നിത്യനായ ദൈവമേ, ഞങ്ങൾ നിന്റെ മുമ്പിൽ നിന്നു നിന്റെ വിശുദ്ധ ദൂതന്മാരോടുകൂടി നിന്നെ സ്തുതിക്കുന്നു. നിന്റെ മഹത്വത്തിന്റെ സിംഹാസനത്ത

(തജ്ജമ)

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ.

കർത്താവേ, ഈ നിന്റെ മാസനെയും, ഞങ്ങളും എല്ലാവരെയും ജീവന്റെ വഴിയിൽ നടത്തേണമേ. കർത്താവേ, നിരപ്പും സമാധാനവും നിറഞ്ഞിരിക്കുന്ന നിന്റെ തിരുമുഖത്തു ഇവനെ അടുപ്പിക്കേണമേ. പ്രകാശത്തിന്റെ മണവറയിലേക്കു ഇവനെ ക്ഷണിക്കേണമേ. നിന്റെ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഇവനെ ചേർക്കേണമേ. നിന്റെ മഹാശക്തിയാൽ ഇവനെ നടത്തേണമേ. നിന്റെ വലത്തുഭാഗത്തു ഇവനെ ഇരുത്തുകയും ചെയ്യേണമേ.

സകല മുറിവുകാരങ്ങളെയും ഇവനിൽ നിന്നു നീക്കിക്കളയേണമേ. എല്ലാ ഉപദ്രവങ്ങളിൽനിന്നും ഇവനെ കാത്തുകൊള്ളേണമേ. കോപത്തിന്റെ വടിയെ ഇവനിൽ നിന്നു തടുക്കേണമേ. കർത്താവേ, ഇവന്റെ കുറ്റങ്ങളെ മായിച്ചുകളയേണമേ. നിന്റെ പ്രകാശം ഇവന്റെ ഇരുളിനെ നീക്കി ഇവനെ പ്രകാശിപ്പിക്കേണമേ. നിന്റെ പ്രത്യാശ ഇവനിൽ ഉറച്ചിരിക്കേണമേ. നിന്റെ രക്ഷ ഇവന്റെ പക്കൽ വർദ്ധിപ്പിക്കേണമേ. നിന്റെ അനുഗ്രഹങ്ങളുടെ ചിറകിൽ ഇവൻ മറയ്ക്കപ്പെടുകയും ചെയ്യുമാറാകേണമേ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

(മാർ അപ്രേമിന്റെ രാഗരീതി)

കർത്താവേ—അനുഗ്രഹിക്ക
ശുശ്രൂഷ—കൈക്കൊള്ളണമേ.

ഞങ്ങളെയും—ഈ ദാസനെയും,
നടത്തണമേ—ജീവമാർഗ്ഗേ
ശാന്തമാ—യിട്ടും നിന്റെറ,
തിരുഹിത—ത്തിലിക്കിവനെ

ശോഭന—മനവാഴ്ച്ച,
ക്ഷണിച്ചീടേ—ണമിവനെ
നിൻ വിശു—ദ്ധന്മാരുടെ,
കൂട്ടത്തിൽ—ഇവനെ ചേർക്ക.

നിൻമഹാ—ശക്തിയാലെ,
ഇവനെ നീ—നടത്തീടണമേ.
നിൻ വല—ഭാഗത്തു നീ,
ഇരുത്തീടേ—ണമിവനെ.

ദുഷ്ടികാ—രങ്ങളെല്ലാം,
ഇവനിൽ നി—ന്നു നീക്കണമേ
ഉപദ്രവ—ങ്ങളിൽനിന്നു,
ഇവനെ നീ—കാത്തീടണമേ.

കോപത്തി—ന്നുടെ വടിയെ,
തടുക്കേണം—ഇവനിൽനിന്നു
ഇവനുടെ—കുറങ്ങളെ,
മായിച്ചു—കളയേണമേ.

നിൻ പ്രകാ—ശം ഇവനെറ,
ഇരുൾ നീക്കി—ശോഭിപ്പിക്ക.
നിന്റെ പ്ര—ത്യാശ എന്നും,
ഇവനിലു—റച്ചീടണമേ.

ഇവൻ പക്കൽ—നിന്റെ രക്ഷ,
വർദ്ധിപ്പി—ച്ചീടേണമേ.

നിന്നാശി—സ്സിൻ ചിറകിൽ
ഇവനെ നീ—മറച്ചീടണമേ.

പ്രാർത്ഥനകാരം—കേൾക്കുന്നോനേ,
യാചനകാരം—നല്കുന്നോനേ,
ഞങ്ങളിൻ പ്രാ—ർത്ഥനകാരം കേട്ട്
യാചനകാരം—നല്കീടണമേ.

¶ അതിന്റെശേഷം എല്ലാവരും പ്രത്യേകം രോഗിയും **വിശ്വാസപ്രമാണം** ചൊല്ലണം.

പട്ടക്കാരൻ. **പിതാവായി സർവ്വശക്തനായി,**

ജനം. **ആകാശത്തിന്റെയും.....**

ലുത്തിനിയാ.

പട്ടക്കാരൻ. **കുറിയേലായിസ്സോൻ.**

ജനം. **കുറിയേലായിസ്സോൻ.**

പട്ടക്കാരൻ. **ക്രിസ്തുലായിസ്സോൻ.**

ജനം. **ക്രിസ്തുലായിസ്സോൻ.**

പട്ടക്കാരൻ. **കുറിയേലായിസ്സോൻ.**

ജനം. **കുറിയേലായിസ്സോൻ.**

പട്ടക്കാരൻ. **മ്ശിഹായേ ഞങ്ങളെ കേൾക്കേണമേ.**

ജനം. **മ്ശിഹായെ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ.**

¶ പിന്നാലെയുള്ള കീരോ അപേക്ഷയും പട്ടക്കാരൻ ചൊല്ലി നിറുത്തുമ്പോൾ ജനവും പ്രത്യേകം രോഗിയും **ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ** എന്ന പ്രതിവാക്യമായി ചൊല്ലണം.

പട്ടക്കാരൻ.

സ്വർഗ്ഗീയ പിതാവായ ദൈവമേ—
ലോകരക്ഷിതാവായ ദൈവപുത്രാ—

പരിശുദ്ധ മൂഹാ ആയ ദൈവമേ—
വിശുദ്ധ ത്രിത്വമായിരിക്കുന്ന ഏക ദൈവമേ—
ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവേ—
നല്ല ഇടയനായ യേശുവേ—
നിത്യപ്രകാശത്തിന്റെ കതിരായ യേശുവേ—
ജാതികളുടെ പ്രത്യാശയായ യേശുവേ—
ആശ്വാസത്തിന്റെ പുരുഷനായ യേശുവേ—
ആത്മാവിന്റെ ആഗ്രഹമായ യേശുവേ—
സമാധാനത്തിന്റെ രാജാവായ യേശുവേ—
സൂര്യനെക്കാൾ ശോഭയുള്ളവനായ യേശുവേ—
വയലിലെ പുഷ്പമായ യേശുവേ—
താഴ്വരയിലെ ശൂശാനാപുഷ്പമായ യേശുവേ—
നീതിയിൻ സൂര്യനാം യേശുവേ—
ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായ യേശുവേ—
ജീവനുള്ളവരുടെ രക്ഷിതാവായ യേശുവേ—
കാഴ്ചയിൽ മനുഷ്യരെക്കാൾ സുന്ദരനായ യേശുവേ—
ദരിദ്രന്മാരുടെ ബലമായ യേശുവേ—
ഉപദ്രവത്തിൽ രക്ഷകനായ യേശുവേ—
കൊടുങ്കാറ്റിൽ പ്രത്യാശയായ യേശുവേ—
മുടിൽ തണലായ യേശുവേ—
വയലിലെ പൂർണ്ണപരിമളമായ യേശുവേ—
അധികം ബലമുള്ള ഗോപുരമായ യേശുവേ—
ദാവീദ് ഗൃഹത്തിന്റെ താക്കോലായ യേശുവേ—

എല്ലാവരുടെയും സ്രഷ്ടാവായ യേശുവേ—

ജാതികളുടെ പ്രകാശവും രക്ഷയുമായ യേശുവേ—

കോൺകല്ലായ യേശുവേ—

സകല ജാതികളാലും ആഗ്രഹിക്കത്തക്കവനായ യേശുവേ—

മഹത്വത്തിന്റെ രാജാവായ യേശുവേ—

ബലമുള്ള സഹായകനായ യേശുവേ—

വഴിയും സത്യവും ജീവനുമായ യേശുവേ—

സത്യത്തിന്റെ മന്ത്രിരിവള്ളിയായ യേശുവേ—

യെഹ്രദന്മാരുടെ രാജാവായി നസ്രായനായ യേശുവേ—

കന്യക മറിയാമ്മിൻ പുത്രനായ യേശുവേ—

സത്യ ദൈവവും നിത്യജീവനുമായ യേശുവേ—

ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ—

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്കുമാർ

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ—

ആത്മാവിന്റെ ശേഷം.

ഹ്രത്താമ്മാ.

പുരോഹിതൻ. ഞങ്ങളുടെ കർത്താവും.....

ജനം. ആമ്മിൻ.

പട്ടക്കാരൻ. സത്യവിശ്വാസികൾക്കു ബലമുള്ളതു.....

ജനം. ആമ്മീൻ.

ആശീർവ്വാദം.

ആകാശവും ഭ്രമിയും സൃഷ്ടിച്ച കർത്താവിനാൽ.....

¶ അതിന്റെശേഷം മൌനമായി എല്ലാവരും പ്രാർത്ഥിച്ചശേഷം തമ്മിൽ തമ്മിൽ കയ്യസ്സറികൊടുത്തു അവസാനിപ്പിക്കണം

രണ്ടാം ശുശ്രൂഷ ഇവിടെ അവസാനിക്കുന്നു.

¶ അനുതാപത്തിന്റെ ഏഴു മസ്മൂറുകളും രോഗിയുടെ അടുക്കൽ ഇരുന്നു വായിച്ചു കേൾപ്പിക്കയും രോഗി ധ്യാനത്തോടെ അതിൽ സംബന്ധിക്കയും വേണം

൧-ാം മസ്മൂർ

കർത്താവേ, നിന്റെ കോപത്തിൽ എന്നെ ശാസിക്കരുതേ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.....

൨-ാം മസ്മൂർ

അവന്റെ അന്യായം ക്ഷമിക്കപ്പെട്ടും പാപങ്ങൾ മറെക്കപ്പെട്ടുമിരിക്കുന്നവന്നു ഭാഗ്യം.....

൩-ാം മസ്മൂർ

കർത്താവേ, നിന്റെ കോപത്തിൽ എന്നെ ശാസിക്കരുതേ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ .....

൫-ാം മസ്മൂർ

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്റെമേൽ അനുഗ്രഹം ചെയ്യേണമേ; നിന്റെ കരുണകളുടെ ബഹുതപ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയേണമേ.....

൬-ാം മസ്മൂർ

കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കുമാറാകേണമേ.....

൭-ാം മസ്മൂർ (൫൩)

കർത്താവേ, ആഴത്തിൽനിന്നു നിന്നെ ഞാൻ നോക്കി വിളിച്ചു.....

൮-ാം മസ്മൂർ (൫൪)

കർത്താവേ, എന്റെ പ്രാർത്ഥന കേട്ടു, എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ; നിന്റെ തിരുവചനത്താലും നീതിയാലും എനിക്കുത്തരമരുളേണമേ.....

ഭവനവാഴ്ചിന്റെ ക്രമം

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്റെ നിരപ്പും സമാധാനവും ഈ ഭവനത്തിൽ വസിക്കുമാറാകേണമേ. ഇതിലുള്ള സകലത്തെയും അനുഗ്രഹിക്കേണമേ. ഇതിന്റെ വരവുചെലവുകൾ നിന്റെ വിശുദ്ധനാമത്തിന്റെ മഹത്വത്തിന്നും, നിന്റെ സംരക്ഷണത്തിന്നുമായിരിക്കേണമേ. നിങ്കൽനിന്നുള്ള എല്ലാനന്മകളും അനുഗ്രഹങ്ങളുംകൊണ്ടു ഇതിനെ അഭിവൃദ്ധിപ്പെടുത്തേണമേ. ഇതിൽ വസിക്കുന്നവക്കു മുഖപ്രസാദം നല്കുണമേ. ഞങ്ങളുടെ കർത്താവും മൈ

വവുമേ, ഇവർ തങ്ങളുടെ ആയുഷ്കാലം മുഴുവനും ത
ങ്ങളുടെ രഹസ്യകായ്യങ്ങളിലും പരസ്യകായ്യങ്ങളിലും നി
ന്നെ പ്രസാദിപ്പിക്കുന്നവരുമായിരിക്കേണമേ. ഹാശാ.

ജനം. ആമ്മീൻ.

. പാടുക ഏകസ്വരമായ്

. പരൻ തൻ ദാസർ ഇന്നു ചെയ്ത പുണ്യം
ഓർത്തു ഇവർക്കു നീ ചെയ്തോരുപകാരം
നീ തന്നോരു ഭാഗ്യങ്ങൾ ഓർത്തു നിന്നെ
ഇവർ പുകഴ്ത്തുന്നു ഇവരെ നീ കാക്കുന്നു
ഇവർ നിന്നെ ഭയപ്പെടുന്നു. ഇവർ നിന്റെ
കല്പനകളെ പ്രമാണിക്കുന്നു. ഇവർ
ഇന്നു നിന്റെ മുമ്പിൽ
ഹല്ലേ. ലൂയാ. ഹല്ലേ.

കുക്കലയോൻ

മസ്മൂർ.

പട്ടക്കാരൻ. കർത്താവേ, നിങ്കലേക്കു ഞാൻ എന്റെ മനസ്സു ഉയർത്തുന്നു. എന്റെ ദൈവമേ, ഞാൻ നിന്നിൽ ആശ്രയിച്ചിരിക്കുന്നു, ഞാൻ ലജ്ജിച്ചുപോകരുതേ. എന്റെ ശത്രുക്കൾ എന്റെ നേരെ പ്രശംസിക്കരുതേ. നിന്നിൽ ആശ്രയിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല. അന്യായക്കാർ അവരുടെ മായയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കേണമേ. നിന്റെ ഊടുവഴികൾ എനിക്കു അറിയിച്ചു തരേണമേ. നിന്റെ സത്യത്തിൽ എന്നെ നടത്തുകയും എന്നെ പഠിപ്പിക്കയും ചെയ്യേണമേ—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതി.

ജനം. ആദിമുതൽ എന്നേക്കും തന്നേ. ആമ്മീൻ.

ഏക്ബാ

പട്ടക്കാരൻ. സമുദ്രത്തിന്റെ അഗാധത്തിൽ നിന്നു യൊനാൻപ്രവാചകനെ രക്ഷിച്ചവനും, മനുഷ്യരെ സ്നേഹിക്കുന്നവനുമായ കർത്താവേ, നിന്റെ കൃപയാൽ എന്റെ ഏറിയ കുറ്റങ്ങളിൽനിന്നു എന്നെയും കോരിയെടുക്കേണമേ.

ശുശ്രൂഷകൻ. സ്തുമെൻ കാലോസ്.

ജനം. കുറിയേലായിസ്സൻ.

പ്രോമ്യോൻ.

പട്ടക്കാരൻ.

നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജനം.

അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.....

ഓപിക്കുംക്കായി തുറന്നിരിക്കുന്ന കരുണകളുടെ വാതിലും, മരണമുള്ളവരെ ജീവിപ്പിച്ച ജീവന്റെ തുറമുഖവും, അശുദ്ധന്മാരെ ശുദ്ധീകരിക്കുന്നതായ പെടിപ്പാക്കുന്ന സോപ്പായും, മാലിന്യമുള്ളവരെ വെളുപ്പിച്ചു നിർമ്മലമാക്കുന്ന തുപ്പുമായിരിക്കുന്ന മശിഹാതമ്പുരാന്റെ, ഭവനവാഴ്ചയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ.

പട്ടക്കാരൻ. പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും, യാചനകൾ നല്കുന്നവനുമായ ദൈവമായ കർത്താവേ, ആദ്യകടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച കൈക്കൊണ്ടതുപോലെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ. ഹനോക്ക് തന്റെ ശുശ്രൂഷയാൽ നിന്നെ പ്രസാദിപ്പിച്ചതുപോലെ, ഞങ്ങളുടെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിക്കുമാറാകേണമേ. നീതിമാനായ നോഹിന്റെ യാഗത്തിൽ നീ പ്രസാദിച്ചതുപോലെ, ഞങ്ങളുടെ അധരങ്ങളുടെ ഫലത്തിൽ നീ പ്രസാദിക്കേണമേ. നി

ന്റെ സ്നേഹിതനായി, ഞങ്ങളുടെ പിതാവായ അ
ബ്രാഹാമിന്റെ വിശ്വാസം നിനക്കു സന്തോഷമായതു
പോലെ, ഞങ്ങളുടെ പ്രാർത്ഥന നിനക്കു സന്തോഷകര
മായിരിക്കേണമേ. നീതിമാനായ ഈയ്യോബിന്റെ അ
ടുക്കൽനിന്നു ദുഷ്ടനായവൻ ലജ്ജിച്ചു പോയതുപോ
ലെ, ഈ വീട്ടിന്റെ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുമാറാ
കേണമേ. ശ്രേഷ്ഠപുരോഹിതനായ അഹരോന്റെ ധൂ
പത്താൽ യിസ്രായേൽജനത്തിൽനിന്നു വസന്ത നി
രോധിക്കപ്പെട്ടതുപോലെ, കഠിനശിക്ഷകളും കോപത്തി
ന്റെ വടികളും ഞങ്ങളിൽനിന്നു നിരോധിക്കപ്പെടുമാറാ
കേണമേ. പുരോഹിതനായ സ്കറിയായുടെ ശുശ്രൂഷ
യിങ്കൽ നിന്റെ പ്രാസംഗികനായ യോഹന്നാനെപ്പ
റ്റി അവനു പ്രത്യാശ ഉണ്ടാക്കിയതുപോലെ, ഞങ്ങ
ളുടെ ശുശ്രൂഷയിൽ ജീവന്റെയും രക്ഷയുടെയും പ്ര
ത്യാശ ഞങ്ങൾക്കുണ്ടാകുമാറാകേണമേ. കർത്താവേ, ചു
ങ്കക്കാരനായ സക്കായിയോടു ക്ഷമിച്ചതുപോലെ, നി
ന്റെ തിരുവചനത്താൽ ഞങ്ങളുടെ പാപങ്ങളെ പരി
ഹരിക്കേണമേ. കർത്താവേ, ഭാഗ്യവാന്മാരായ ശ്ലീഹന്മാ
രുടെ പ്രധാനിയായ ശെമഓന്റെ അപേക്ഷ കൈ
ക്കൊണ്ടതുപോലെ, അനേകപാപങ്ങൾ ചെയ്തിട്ടുള്ള ഞ
ങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ. ആ പാപി
യായിരുന്ന സ്ത്രീയുടെ കുറ്റങ്ങൾ ക്ഷമിച്ചതുപോലെ,
ഞങ്ങളുടെ അനേക കുറ്റങ്ങളെ ഞങ്ങളോടു ക്ഷമിക്കേ
ണമേ. കർത്താവേ, ആ സ്ത്രീ അവളുടെ വിഷമമായ
വേദനകളിൽനിന്നു സ്വസ്ഥത പ്രാപിച്ചതിനു മുഖാന്തി
രമായ ആ നിന്റെ നിത്യമായ കരുണ ഞങ്ങളുടെമേൽ
വർഷിക്കുമാറാകേണമേ. ക്രൂരനായ സ്ത്രീയുടെ മകളിൽ
നിന്നു, ദുഷ്ടനെ ഓടിച്ചതുപോലെ, പ്രതിയോഗിയുടെ
ശക്തിയെ ഞങ്ങളിൽനിന്നു ദൂരത്താക്കേണമേ. ഉൽകൃ
ഷ്ട പുരുഷനായ ദാനിയേലിനെ നല്കിയതുപോലെ, നി

ന്റെ സന്നിധിയിൽ ഞങ്ങൾക്കു ജയം നല്കേണമേ. കത്തുന്ന അഗ്നിച്ചൂളയിൽവച്ച, ഹനനിയ്യാ മുതലായവരുടെ ബന്ധനങ്ങൾ നീ അഴിച്ചതുപോലെ, ദുഷ്ടപിശാചുക്കളുടെ ബന്ധനങ്ങളെ ഞങ്ങളിൽനിന്നു അഴിക്കേണമേ. നിന്റെ പട്ടക്കാരും ശുശ്രൂഷകന്മാരും നിന്റെ ഇഷ്ടം ചെയ്യുവാനും, നിറവേറുവാനും, നിന്റെ സഭയിലെ ഭണ്ഡാരത്തിന്മേൽ അവർ സത്യമുള്ളവരായിരിപ്പാനും, നിന്റെ തിരുവചനംപോലെ, ഭയത്തോടെ നിന്റെ ആട്ടിൻകൂട്ടത്തെ മേയിപ്പാനും, നിന്റെ വിശുദ്ധവഴികളിൽ നടപ്പാനും, കർത്തൃസംബന്ധവും ജീവപ്രദങ്ങളുമായ നിന്റെ കല്പനകളെ ആചരിപ്പാനും അവർക്കു കൃപ നല്കേണമേ. കർത്താവേ, ഇപ്പോൾ ഈ ഭവനത്തിനു വേണ്ടിയും, ഇതിൽ പാർക്കുന്നവർക്കു വേണ്ടിയും, അനുഗ്രഹങ്ങളും കരുണയും നിന്നോടു ഞങ്ങൾ യാചിക്കുന്നു. കർത്താവേ, ഈ സമയത്തു നിന്റെ അടിയാരായ ഞങ്ങളുടെ പ്രാർത്ഥന തിരുസന്നിധിയിൽ പ്രവേശിക്കുമാറാകേണമേ. ഈ ഭവനം ശ്രേഷ്ഠതപ്രാപിക്കയും, ഇതിൽ വസിക്കുന്നവർ ജയത്തോടെ രക്ഷിക്കപ്പെടുകയും, നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചൽസ്ഥലങ്ങളിൽ മേയുകയും, നിന്റെ പൈതങ്ങൾ നിന്റെ നന്മകൾകൊണ്ടു തൃപ്തിപ്പെടുകയും, ഞങ്ങൾക്കെല്ലാവർക്കും നിങ്കൽനിന്നു കരുണ ലഭിക്കയും ചെയ്യുമാറാകേണമേ. പാപികളോടു കരുണയുള്ളവനും, അനുതാപികളിൽ ഇഷ്ടമുള്ളവനുമായ കർത്താവേ, നിന്റെ ബഹുലമായ അനുഗ്രഹങ്ങളുടെ സമൃദ്ധിപോലെ, ഞങ്ങളോടു ദയതോന്നി, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. കർത്താവേ, തിരുവുള്ളമുണ്ടായി, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ടു, ഞങ്ങളെ ശുദ്ധീകരിക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ മൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റും. ഹാശാ.....

ജനം. ആമ്മീൻ.

ܐܰܒܳܐ ܕܰܒܫܡܰܝܳܐ . ܢܶܬܩܰܕܰܫ ܫܡܳܟ . ܢܶܐܬܶܐ ܡܰܠܟܽܘܬܳܟ .

ܢܶܗܘܶܐ ܨܒܺܝܢܳܟ ܐܰܝܟ ܕܒܫܡܰܝܳܐ ܐܰܦ ܥܰܠ ܐܰܪܥܳܐ . ܗܰܒ ܠܰܢ ܝܰܘܡܳܢ ܠܰܚܡܳܢ ܕܣܽܘܢܩܰܢܰܢ .

കർത്താവേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽ നിന്നു അവരുടെ ആവശ്യങ്ങളുടെ യാചനകളെ നിമുടക്കരുതേ.

ܐܰܠܳܗܳܐ ܕܰܚܢܰܢ ܒܰܪ ܟܶ . ܐܰܝܟ ܕܰܝܰܪ ܠܰܢ ܒܪܰܚܡܶܟ .

ܘܰܦܪܽܘܩ ܠܰܢ ܡܶܢ ܥܰܠ ܟܽܠ ܥܰܩܬܳܐ ܕܰܐܬܶ ܠܰܢ ܡܶܢ ܩܳܕܡ ܒܺܝܫܳܬܳܐ .

ദൈവമേ, കരുണയോടെ ഞങ്ങളെ ശിക്ഷിച്ച വളത്തെന്നെമേ. കോപത്തിന്റെ വടിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനയ്ക്കു വാതിൽ തുറന്നുതന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കേണമേ.

ܐܰܠܳܗܳܐ ܕܰܚܢܰܢ ܟܰܕ ܙܰܥܘܼܪ . ܟܰܕ ܙܰܥܘܼܪ ܠܰܢ ܒܪܰܚܡܶܟ .

ܐܰܦ ܥܰܠ ܦܽܠܳܚ ܕܰܚܢܰܢ . ܘܰܦܪܽܘܩ ܠܰܢ ܒܺܝܫܳܬܳܐ .

ദൈവമേ, ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നു. നല്ലവ

നേ, ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം കേട്ടു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളും നല്കുണമേ.

ܟܘܪܝܠܝܣ ܥܠ ܟܠ ܚܕ ܘܚܕ ܗܘ ܒܪܚܡ

¶ ഇവിടെ ശ്ലീഹാ വായിക്കുന്നു.

ശുശ്രൂഷകൻ.

അപ്പോസ്തല പ്രവൃത്തികൾ നാലാം അദ്ധ്യായത്തിൽ നിന്നു.

ജനം.

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി! കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കുണമേ.

ശുശ്രൂഷകൻ.

അ. പ്ര. നാ—നാ.

എന്നാൽ വിശ്വസിച്ചവരുടെ കൂട്ടം ഏകമനസ്സും ഏകവിചാരവുമുള്ളവരായിരുന്നു. അവരിൽ ഒരുത്തനും, അവനവനുണ്ടായിരുന്ന സമ്പാദ്യങ്ങളെക്കുറിച്ചു സ്വന്തമെന്നു പറഞ്ഞിരുന്നില്ല. അവക്കുണ്ടായിരുന്ന സകലവും പൊതുവിലായിരുന്നു. ശ്ലീഹന്മാർ മഹാശക്തിയോടെ ഈശോമ്ശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ചു സാക്ഷീകരിച്ചിരുന്നു. അവരെല്ലാവരോടുംകൂടെ വലിയ കൃപയുണ്ടായിരുന്നു. അവരിൽ മുട്ടുള്ളവൻ ആരും ഉണ്ടായിരുന്നില്ല. നിലങ്ങളോ വീടുകളോ സമ്പാദ്യമായിട്ടുണ്ടായിരുന്നവർ അവയെ വിറ്റു വില്ക്കുന്നതിന്റെ വില കൊണ്ടുവന്നു ശ്ലീഹന്മാരുടെ കാല്ക്കൽ വച്ചിരുന്നു. ഓരോരുത്തനു ആവശ്യമുള്ളതുപോലെ കൊടുക്കപ്പെട്ടുമിരുന്നു. ഹാലേലുയ്യാ—ഉ—ഹാലേലുയ്യാ.

പ്രസ്ഗാമ്മ.

ശുശ്രൂഷകൻ.

കർത്താവേ, നിന്റെ പ്രകാശവും വിശ്വസ്തതയും എന്നിക്കയച്ചുതരേണമേ. അവ എന്നെ ആശ്വസിപ്പിക്ക

യും, നിന്റെ വിശുദ്ധ പർവ്വതത്തിലേക്കും, നിന്റെ കൂടാരത്തിലേക്കും, എന്നെ കൊണ്ടുപോകയും ചെയ്യുമാറാകട്ടെ—ഹാലേലൂയ്യാ.

സഹോദരന്മാരെ നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ചു, നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ അതിന്റെ ശേഷം പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ ലൂക്കോസിന്റെ ഏവൻഗേലിയോൻ.

℣[അ. ക്രൻ: ക—കം.]

ഈശോതമ്പുരാൻ ഈറീഹോവിൽ പ്രവേശിച്ചു കടന്നുപോകുമ്പോൾ, ധനവാനും ചുങ്കക്കാരിൽ പ്രധാനിയുമായ സക്കായി എന്നു പേരുള്ളൊരു പുരുഷൻ ഈശോതമ്പുരാൻ എങ്ങിനെയുള്ളവൻ എന്നു കാണ്മാൻ ആഗ്രഹിച്ചിരുന്നു. സക്കായി ശരീരവലുപ്പത്തിൽ കുറിയവനായിരുന്നതുകൊണ്ടു, പുരുഷാരം നിമിത്തം അവനു കഴിഞ്ഞില്ല. താൻ ആ വഴി കടന്നുപോകേണ്ടിയിരുന്നതുകൊണ്ടു, അവൻ ഓടി ഈശോതമ്പുരാനു മുൻപിൽ കടന്നു, തന്നെ കാണ്മാനായിട്ടു ഒരു കാട്ടത്തിവൃക്ഷത്തിൽ കയറി. ഈശോതമ്പുരാൻ ആ സ്ഥലത്തു വന്നപ്പോൾ അവനെ കണ്ടു, അവനോടു: സക്കായിയേ വേഗം ഇറങ്ങിവരിക. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു, എന്നരുളിച്ചെയ്തു. അവൻ വേഗം ഇറങ്ങിവന്നു, സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. എന്നാൽ അവർ എല്ലാവരും ഇതു കണ്ടപ്പോൾ, അവൻ പാപിയായ മനുഷ്യന്റെ അടുക്കൽ അകത്തു ചെന്നു, പാർത്തു എന്നു പിറുപിറുത്തു പറഞ്ഞിരുന്നു.

എന്നാൽ സക്കായി നിന്നു, ഈശോതമ്പുരാനോട്: ഇ
താ എന്റെ സമ്പാദ്യങ്ങളിൽ പകുതി ഞാൻ ദരിദ്രന്മാ
ക്കു കൊടുക്കുന്നു. ഞാൻ അന്യായമായി എടുത്തിട്ടുള്ളതു
ഒന്നു നാലുമടങ്ങായി തിരികെ കൊടുക്കുന്നു എന്നു ഉണ
ർത്തിച്ചു. ഈശോതമ്പുരാൻ അവനോടു ഇവനും അ
ബ്രാഹാമിന്റെ പുത്രനാകകൊണ്ടു, ഇന്നു ഈ വീട്ടിനു
രക്ഷ ഉണ്ടായി. എന്തുകൊണ്ടെന്നാൽ മനുഷ്യപുത്രൻ
കാണാതെപോയതിനെ അന്വേഷിച്ചു ജീവിപ്പിപ്പാൻ
വന്നു എന്നു അരുളിച്ചെയ്യുന്നു.

നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം.

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

℣. ഓശാന ഓശാന ഓശാന ദാവീദിന്റെ പുത്രനു.
ഓശാന കർത്താവിന്റെ നാമത്തിൽ വരുന്നവനു.
ഓശാന അത്യുന്നതങ്ങളിൽ. പദം. കർത്താവിന്റെ
നാമത്തിൽ വരുന്നവൻ ഓശാന അത്യുന്നതങ്ങളിൽ.

പട്ടക്കാരൻ. മനുഷ്യർക്കു സകല നന്മയും നല്കുകയും, സ
ഭ്യമായ വാഴ്വുകാലം അയച്ചുകൊടുക്കയും ചെയ്യുന്ന
കർത്താവു്, ഈ വീടിനെയും ഇതിൽ വസിക്കുന്നവരെ
യും അനുഗ്രഹിച്ചു്, എല്ലാ നേരവും ഇവരുടെ മേൽ കൃ
പ ചെയ്യട്ടെ.

ത്തിന്റെ അധിപൻ; തന്റെ കീഴിൽ ഭരണം
പരിപാലിക്കുവാൻ തന്റെ ഗൃഹത്തിന്മേൽ .
അവനെ നിയമിച്ചു . പരമാധികാരി തന്റെ
ഇഷ്ടപ്രകാരം പ്രഭുക്കന്മാരെ ബന്ധിക്കുവാനും
ശാസിക്കുവാനും തന്റെ മൂപ്പന്മാരെ ജ്ഞാനം
പഠിപ്പിക്കുവാനും തക്കവണ്ണം .

* പരമാധികാരി = ഫറവോൻ

ഈജിപ്തിലെ ഫറവോൻ യോസേഫിനെ തന്റെ ഭവനത്തിന്റെ അധിപനും, തന്റെ സകല സമ്പത്തിന്റെയും അധികാരിയുമാക്കി. അവൻ തന്റെ ഇഷ്ടപ്രകാരം പ്രഭുക്കന്മാരെ ബന്ധിക്കുവാനും ശാസിക്കുവാനും മൂപ്പന്മാരെ ജ്ഞാനം പഠിപ്പിക്കുവാനും തക്കവണ്ണം അധികാരം കൊടുത്തു.

ഫറവോൻ തന്റെ ഭൃത്യന്മാരെ വിളിച്ചു * ദൈവം
ഈ മനുഷ്യനിൽ തന്റെ ആത്മാവിനെ കണ്ടെത്തുന്നു .
അതുകൊണ്ടു ഞാൻ അവനെ ഈജിപ്തിന്റെ
മുഴുവൻ ഭരണാധിപനാക്കുന്നു . ഞാൻ
ഫറവോൻ തന്നെ . ഞാൻ പറയുന്നതുപോലെ
അല്ലാതെ ഈജിപ്തിൽ ഒരുത്തനും ഒന്നും
ചെയ്യരുത് .

* ഭൃത്യന്മാർ = ഉദ്യോഗസ്ഥന്മാർ

ഫറവോൻ തന്റെ ഉദ്യോഗസ്ഥന്മാരെ വിളിച്ചു, ഇവനിൽ ദൈവാത്മാവുണ്ടെന്നും, അതുകൊണ്ടു ഞാൻ അവനെ ഈജിപ്തിന്റെ മുഴുവൻ ഭരണാധിപനാക്കുന്നുവെന്നും, ഞാൻ ഫറവോൻ തന്നെ ആകുന്നു എന്നും, ഞാൻ പറയുന്നതുപോലെ അല്ലാതെ ഈജിപ്തിൽ ഒരുത്തനും ഒന്നും ചെയ്യരുതെന്നും കല്പിച്ചു.

59, 60, 61 പേജുകളിൽ ഉള്ള സുറിയാനിഗീതത്തിന്റെ
തർജ്ജമ ഗീതമായിട്ടുള്ളത്

നന്മകളുചിതം മനുജർക്കായ്—ദാനം ചെയ്യും,
സച്ഛ്രീവാഴ്വുകളുയിച്ചും—അരുളുന്നോരു കർത്തൻ,
ഈ പിടിനെയും വാസികളെയും—വാഴ്ത്തുമാറാകെ,
ഇവരുടെമേൽ കൃപയെ ചിന്തുമാറാ—കെ—സദാ.

മിസ്രേനിൽ യൌസേപ്പിൻ വീടിനെ—വാഴ്ത്തീടുവനെ
വലിയവനാക്കി എല്ലാറിലും ശ്രേഷ്ഠ—നാക്കിയ കർത്തൻ
ഈ വീടിനുമാ നന്മകളെല്ലാം—നൽകീടട്ടെ
തൻ ചിറകിൻ കീഴിവരെ—മറച്ചീ—ടട്ടെ.

ചുങ്കക്കാരനാം സക്കായിയുടെ—വീട്ടിൽ ചെന്നു,
ഇന്നീ വീടിനു രക്ഷയുണ്ടായെ—ന്നരുളിയ നാഥൻ,
ആ മ്ശിഹാ രാജൻ താൻ—ഇതിൽ പ്രവേശിച്ചു,
തൻ വലങ്കയ്യാലെല്ലാറെയും—അനുഗ്രഹി—ക്ക—ട്ടെ.

കൈയ്യെന്നെങ്ങൾ കർത്താവീശോ—നിൻ കൃപയോടു,
നിൻ ദാസ്യങ്ങളെ എങ്ങൾമേൽ—അയച്ചിടേണമേ.
ഇടച്ചുവരാതെ നിൻ വഴിതന്നിൽ—നടന്നീടുവാൻ,
തിന്മചെയ്വവനിൽനിന്നെങ്ങളെ—രക്ഷി—ക്കേ—ണമേ.

ഞങ്ങളുടെ കർത്താവായ യേശുവേ, നിന്റെ കൃപ യോടു ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. നിന്റെ മൈ വിയ ദാനങ്ങളെ ഞങ്ങൾക്കു അയച്ചതരേണമേ. ഇട ച്ചു കൂടാതെ നിന്റെ വിശുദ്ധ വഴിയിൽ നടപ്പാൻ തിന്മ പെട്ടവനിൽനിന്നും, അവന്റെ സൈന്യങ്ങളിൽനി ന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

ജനം.

കർത്താവേ, ഞങ്ങളെ കടാക്ഷിച്ചു ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പുരോഹിതൻ.

നമ്മുടെ കർത്താവിന്റെ ദൈവത്തിന്റെ കൃപയും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളുടെ എല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

കർത്താവേ, അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന നി ന്റെ വാതിൽ ഞങ്ങൾക്കു തുറന്നുതന്നു, ഞങ്ങളുടെ അ പേക്ഷ കേട്ടു, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേ ണമേ.

അറകളിൽവെച്ച്, രഹസ്യത്തിൽ കഴിക്കുന്ന പ്രാ
ത്ഥനയെ കർത്താവു സ്നേഹിക്കുന്നു. നിതിമാന്മാർ ഉച്ച
ശബ്ദത്താലല്ല തങ്ങളുടെ ജയം പ്രാപിച്ചതു. മോശെ
യുടെ പ്രാത്ഥനയും താഴ്മയും കടലിനെ വിഭാഗിച്ചു.
ജനം കടന്നുപോയി. ദുഷ്ടത പ്രവർത്തിച്ച ഫെറൊൻ
മുങ്ങിപ്പോകയും ചെയ്തു.

ദൈവം ദാവീദിന്റെ പ്രാത്ഥന കേട്ട്, അവനോട്ട
കരുണതോന്നി, അവന്റെ അന്യായത്തെ നീക്കിക്കള
ഞ്ഞു. അവനു പ്രവചനവരം തിരികെ കൊടുത്തു.
ഹനന്യിയാ മുതലായ പൈതങ്ങൾ തീച്ചൂളയിൽവെച്ചു
ദൈവത്തെ നോക്കി വിളിച്ചു. തീജ്വാലയുടെ ദഹന
ത്തിൽനിന്നു അവൻ അവരെ രക്ഷിച്ചു.

നമ്മെ ഇളക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന കാഴ്ചകൾ മുന്നേകുന്നു. മരണനാഴികയും, ഭയങ്കര സിംഹാസനവും, അഗ്നിനരകവും തന്നേ.

നാഥാ—വാഴ്വു നിറഞ്ഞിരിക്കും
നി—ൻ വാ—തിൽ
തുറന്നെങ്കിൽ യാചന കേട്ടി-
ട്ടനുഗ്രഹം ചെയ്യേ—ണമേ.

ഉ—ള്ളുറയിൽ ചെയ്യും—രഹസ്യാപേക്ഷ
കർത്താവിനി—ഷ്ടം താൻ
ഉച്ചസ്വരത്താലല്ലല്ലോ ജയം
നിതിമാന്മാർ നേ—ടി.

മോ—ശെയിൻ പ്രാർത്ഥന—വിനയമതും
വിഭാഗിച്ചു കടലിനെ,
കടന്നുപോയി ജനം—ഉഷ്ണനാം ഫെറവോൻ
മുങ്ങി മരിച്ചു—ല്ലോ.

ദാ—വീദിന്നുടെ പ്രാർത്ഥന—കേട്ടവനിൽ
കരുണ തോന്നി,
പാപം പോക്കി പ്രവചനവരവും
വിണ്ടും നീ അ—രുളി.

ഹ—ന്നിയാ മുതലാം ബാലന്മാർ
തീച്ചൂളയിൽനിന്നു,
ദൈവത്തെ വിളിച്ചു, തീജ്വാലയിൽനി-
ന്നവരെ രക്ഷി—ച്ചു.

ന—ഒമ്മ ഇളക്കി—ഭയപ്പെട്ടതും കായ്ങ്ങൾ
മൂ—ന്നാകുന്ന
മരണസമയം—വിധിസിംഹാസനം,
അഗ്നിനരക—വും.

ഉ—ത്തരമരുൾക—അരുൾക ദേവാ
അനുഗ്രഹിക്ക
മർതൃർ ചിത്തം അനുതാപെ നീ—
വരുത്തീടേ—ണ—മേ.

പ്രാർത്ഥന.

ചട്ടക്കാരൻ. സത്യവിശ്വാസത്തോടെ തന്നെ നോക്കി വിളിക്കുന്ന എല്ലാവരോടും ഉത്തരമരുളുന്ന ദൈവങ്ങളുടെ ദൈവവും, കർത്താക്കന്മാരുടെ കർത്താവുമായുള്ളോവേ, ഈ ഭവനവാഴ്വിന്റെ ശുശ്രൂഷ പൂർണ്ണമാക്കുന്ന ഈ സമയത്തു്, നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും, സ്തോത്രങ്ങളും കൈക്കൊള്ളേണമെന്നു നിന്റെ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, ഞങ്ങൾ മണ്ണും ചാരവുമാകുന്നു എന്നും, നിന്റെ കൃപയും സഹായവുംകൊണ്ടല്ലാതെ, സ്വയമായി യാതൊന്നും ചെയ്യു പൂർത്തിയാക്കുവാൻ ഞങ്ങൾക്കു പ്രാപ്തിയില്ലെന്നും, നിന്റെ ഏറ്റവും ചെറുതായിരിക്കുന്ന കൃപപോലും പ്രാപിപ്പാൻ ഞങ്ങൾ അർഹതയില്ലാത്തവരായിരിക്കെ, നിന്റെ ബാഹുലമായ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ നീ വർഷിപ്പിക്കുന്നു എന്നും, നിന്റെ വിശുദ്ധ സഭയിൽനിന്നു ധന്യമായ വാഴ്വുകൾ ഞങ്ങൾക്കു അയച്ചുതരുന്നു എന്നും, പ്രയാസങ്ങളുടെ ഈ ലോകത്തിൽ നീ ഞങ്ങളെ നടത്തുന്നു എന്നും തിരുസന്നിധി

യിൽ ഞങ്ങൾ ഏറ്റു പറഞ്ഞുകൊള്ളുന്നു. മനസ്സലിവുള്ള വനും മനുഷ്യസ്നേഹമുള്ള വനുമായ കർത്താവേ, ഈ വീട്ടുപണിയുന്നതിനു ഇതിന്റെ ഉടമസ്ഥനു നീ ചെയ്ത എല്ലാ സഹായങ്ങൾക്കും വേണ്ടിയും, അതിനെ പൂർത്തിയാക്കുന്നതിനു അവനെ നീ ശക്തിപ്പെടുത്തുകയും അവന്റെ സകല പ്രവൃത്തികളിലും അവനെ നീ താങ്ങുകയും എല്ലാ പെരുമാറ്റങ്ങളിലും ഇതുവരെ അവനെ നടത്തുകയും ചെയ്യുന്നതിനു വേണ്ടിയും, വന്ദ്യവും വിശുദ്ധവുമായ നിന്റെ തിരുനാമത്തിനു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. കർത്താവേ, നീ വീട്ടുപണിയുന്നില്ലെങ്കിൽ അതിന്റെ പണിക്കാർ വ്യർത്ഥാ അധ്വാനം ചെയ്യുന്നു എന്നും നീ പട്ടണം കാത്തുകൊള്ളുന്നില്ലെങ്കിൽ അതിന്റെ കാവൽക്കാർ വ്യർത്ഥാ ജാഗരണം ചെയ്യുന്നു എന്നും ഞങ്ങൾ അറിയുന്നു. കർത്താവേ, ഞങ്ങളെ സഹായിക്കുന്ന നിന്റെ ശക്തിയുള്ള വലങ്കൈയ്യെ എപ്പോഴും ഓർത്തുകൊൾവാനും, നിങ്കൽനിന്നു ഞങ്ങൾക്കു ലഭിക്കുന്ന സകല നന്മകൾക്കുംവേണ്ടി നിന്നോടു നന്ദിയുള്ളവരായിരിപ്പാനും, നിന്റെ കല്പനകളെ ആചരിപ്പാനും ഞങ്ങൾക്കു കൃപ നല്കുണമേ. സക്കായിയുടെ വീട്ടിൽ പ്രവേശിച്ചു, ഇവനും അബ്രാഹാമിന്റെ മകനാകകൊണ്ടു, ഇന്നു ഈ വീട്ടിനു രക്ഷയുണ്ടായി എന്നു അരുളിച്ചെയ്ത ഞങ്ങളുടെ, കർത്താവീശോമ്ശിഹായേ, ഈ ഭവനത്തിൽ വസിക്കുന്നവരോടുകൂടെ നീ ഉണ്ടായിരിക്കേണമേ. അവരെ നിന്റെ വക്കും നിന്റെ ഇഷ്ടംപ്രവർത്തിക്കുന്നവരുമാക്കി തീർക്കേണമേ. ഈ വീടിനെയും ഇതിൽ വസിക്കുന്നവരെയും കൃപയും കരുണയും നിറഞ്ഞിരിക്കുന്ന വലങ്കൈ ആവസിപ്പിച്ചു അനുഗ്രഹിക്കേണമേ. നന്മയും അനുഗ്രഹങ്ങളും ആശ്വാസവും അവർക്കു വർദ്ധിപ്പിച്ചുകൊടുക്കേണമേ. സകല ദുഷ്ട പെരുമാറ്റങ്ങളെയും ഇവരിൽനിന്നു തള്ളിക്കളയേ

ണമേ. ഇവക്കു സൌഖ്യവും ആരോഗ്യവും നല്കുമാറാ
കേണമേ. വൈഷമ്യമുള്ള എല്ലാരോഗങ്ങളിൽനിന്നും,
പ്രയാസമുള്ള എല്ലാ പരീക്ഷകളിൽനിന്നും, ആകൽ
ക്കുസായുടെ എല്ലാ കൌശലങ്ങളിൽനിന്നും ഇവരെ ര
ക്ഷിച്ചുകൊള്ളേണമേ. നിന്റെ കരുണയുടെ ക
ണ്ണാൽ ഈ വാസസ്ഥലത്തെയും ഇതിൽ പാർക്കു
ന്നവരെയും കടാക്ഷിച്ചു, ഇവരോടു കരുണ ചെ
യ്യേണമേ. ഇവരിൽനിന്നു നിന്റെ നോട്ടം വിടാ
തെ, രാപ്പകൽ നിന്റെ ചിറകിൻകീഴിൽ ഇവരെ
മറെച്ചുകൊള്ളേണമേ. ഒഴിഞ്ഞുപോകുന്ന ഈ ലോക
ത്തിൽ ആശ്വാസപൂർവ്വമായ ജീവിതം ചെയ്യുവാനും, വ
രുവാനിരിക്കുന്ന ലോകത്തിൽ, നിന്നെ സ്നേഹിച്ച
പരിശുദ്ധന്മാരോടുകൂടെ മഹത്വമുള്ളവയും നിത്യതയു
ള്ളവയുമായ നിന്റെ വാസസ്ഥലങ്ങളിൽ വസിപ്പാനും
ഞങ്ങളെ എല്ലാവരെയും യോഗ്യതയുള്ളവരാക്കേണമേ.
നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ
ആത്മാവിനും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റും. ആശാ.

ജനം. ആമ്മീൻ.

ܒܫܡ ܐܒ ܘܒܪ ܘܪܘܚ ܩܕܝܫ ܚܕ ܐܠܗܐ ܐܡܝܢ .

ܫܪܝ ܠܢ ܡܪܝ ܒܪ ܡܪܝ ܠܟ ܡܪܝ ܐܠܗܐ ܕܟܠ ܒܪ ܐܢܫ
ܕܐܬܐ ܠܥܠܡܐ . ܡܫܪܝ ܠܢ ܡܪܝ ܠܟ ✠ ܡܪܝ ܐܠܗܐ ✠ ܡܪܝ
ܐܢܬ ✠ ܡܪܝ ✠ ܐܠܗܐ ✠ ܡܪܝ ✠ ܐܢܬ ✠ ܡܪܝ ✠ ܐܠܗܐ ✠
ܡܪܝ ✠ ܐܢܬ ✠ ܡܪܝ ✠ ܐܠܗܐ ✠ ܡܪܝ ✠ ܐܢܬ ✠ ܡܪܝ ✠
ܐܠܗܐ ✠ ܡܪܝ ✠ ܐܢܬ ✠ ܡܪܝ ✠ ܐܠܗܐ ✠ ܡܪܝ ✠ ܐܢܬ ✠
ܡܪܝ ✠ ܐܠܗܐ ✠ ܡܪܝ ✠ ܐܢܬ ✠ ܡܪܝ ✠ ܐܠܗܐ ✠ ܡܪܝ ✠

¶ പ്രധാന വാതിലിന്റെ മുകളിലത്തെ പടിമേൽ താഴെയുള്ള വാചകം ചൊല്ലി കുരിശു വരയ്ക്കണം.

ഈ ഭവനം ജീവനുള്ളതും ജീവൻ നല്കുന്നതുമായ സ്നീഹയുടെ അടയാളത്താൽ മുദ്രയിടപ്പെടുന്നതിനാൽ എന്നെന്നേക്കും ഒന്നായിരിക്കുന്ന പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽ അനുഗ്രഹിക്കപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതുമായിത്തീരട്ടെ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം ഖസ്മൽക്കാ എന്ന ഗീതമോ താഴെ ചേർത്തിരിക്കുന്ന ഗീതമോ ചൊല്ലണം.

(രാഗം—ബസ്മല്ക്കാ).

കർത്താവിനെ എന്നോടുകൂടെ—ഹാ—ഉ—ഹാ
സ്നേഹം ചെയ്തിട്ട്—വിൻ നിങ്ങൾ
തൻ നാമം നാം ഐക്യമോടെ, ഹാ—ഉ—ഹാ
ഉന്നതമാക്കിട്ട—ക ഇപ്പോൾ. ബാറെക്മാർ.

ܡܪܝ ܒܪܟ ܥܡ ܟܠ ܚܕ .

പരിമളതൈലത്തിലുമധികം
വാസനയേറും രക്ഷകനേ,
പരിശുദ്ധാത്മാവാലെ നി-
ന്നടിയാരെ ശുദ്ധം ചെയ്ക. സ്നേഹമെൻ.....

ܐܠܗܝ ܡܪܝ ܒܪܟ ܠܢ .

ഹാ—ബേൽ മുതലായ
പരിശുദ്ധന്മാരുടെ കാ-
ഴ്ചകളും പ്രാർത്ഥനയും,
പരിമളമായേറെ
കർത്തൃകർത്താവേ നീ

പാപികളാം ഞങ്ങളുടെ
പ്രാർത്ഥനകളെയെല്ലാം
കൈക്കൊണ്ടീടേണമേ. ബാർകുമാർ.

❖ ഹ ❖ ഥമ

മേ—ല്പട്ടക്കാരനാം
അഹരോന്റെ ധൂപംകൊ-
ണ്ടിസ്രായേലിന്റെ,
വസന്ത വിരോധിച്ച
രക്ഷകത്താവേ ഈ
പ്രാർത്ഥനയാൽ ഞങ്ങളുടെ
പാപരോഗം നീക്കി
സൗഖ്യത നൽകേണമേ. മറിയാ.....

. ിന്റെ ധ്യാ ിന്റെ ധ്യാ

കർത്താവേ, വന്നീ—ദാസരുടെ
പ്രാർത്ഥനയെ—നീ കേട്ട്
ധൂപംപോൽ പരിമളമായ്
കൈക്കൊണ്ടീ—ടേണമേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

വിശ്വാസപ്രമാണം

പിതാവായി സർവ്വശക്തനായി.....

ശ്ലൂത്താമ്മാറ

ഞങ്ങളുടെ കർത്താവും ദൈവവുമേ.....

ആശീർവ്വാദം.

ആകാശവും ഭൂമിയും.....

ഭവനവാഴ്ചിന്റെ ക്രമം അവസാനിച്ചു.